കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2019 സെപ്റ്റംബർ
വില ₹20





പ്രിയപ്പെട്ട കൂട്ടുകാരേ,

*''മാവേലി നാടു വാണീടും കാലം*
*മാനുഷരെല്ലാരും ഒന്നുപോലെ.''*

ഈ വരികൾ ഒരിക്കലെങ്കിലും മൂളിനോക്കാത്ത ഒരു മലയാളിയും ഉണ്ടാവില്ല. ഇതു പാടുമ്പോൾ സമത്വസുന്ദരമായ ആ പഴയകാലത്തിന്റെ ഓർമ നമ്മിൽ സന്തോഷമുണർത്തും. നന്മയുടെ സന്ദേശവുമായി വീണ്ടും ഇതാ ഒരു ഓണക്കാലം വന്നണയുന്നു. എന്നാൽ കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ ഇത്തവണയും അത്ര സന്തോഷത്തോടെയല്ല നാം ഓണത്തപ്പനെ വരവേൽക്കുന്നത്. പ്രകൃതിയുടെ താണ്ഡവത്തിൽ സർവവും നഷ്ടപ്പെട്ട ഒരു വിഭാഗം ജനത വേദനയായി നമ്മുടെ മുന്നിലുണ്ട്. അവരുടെ കണ്ണീർ നമ്മുടെ കണ്ണുകളെയും ഈറനണിയിക്കുന്നു. കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ജീവൻ പൊലിഞ്ഞ നമ്മുടെ പ്രിയപ്പെട്ടവർക്ക് ഈ വേളയിൽ നമുക്കു പ്രണാമം അർപ്പിക്കാം. ഇനി ഒരു ദുരന്തവും നമ്മുടെ കൊച്ചു കേരളത്തെ തകർക്കരുതേ എന്ന് പ്രാർഥിക്കാം. എല്ലാ ദുരിതങ്ങൾക്കുമപ്പുറം സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും ഒരു കാലം വീണ്ടും വന്നണയും എന്ന ശുഭപ്രതീക്ഷയോടെ ആഘോഷങ്ങളില്ലാതെതന്നെ മാവേലിത്തമ്പുരാനെ നമുക്കു വരവേൽക്കാം.

എല്ലാ കൂട്ടുകാർക്കും തളിരിന്റെ സ്നേഹംനിറഞ്ഞ ഓണാശംസകൾ.


**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്




പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**സെപ്റ്റംബർ 2019**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം

**മുൻമൊഴി** .............................6
സുഗതകുമാരി
**മാവേലിപ്പാട്ട്**.............................15
**കവിതാപരിചയം**.........................21
**മൽസ്യമായ്**.............................26
വി എം ഗിരിജ
**കാർട്ടൂൺ - ജെ സി ബി**...............27
പി വി കൃഷ്ണൻ
**ഓണം വരുമ്പോൾ**.....................28
എസ് രമേശൻ നായർ
**സ്കൂൾഡെയ്സ്**.........................31
എൻ ടി രാജീവ്
**ചന്ദനമണമുള്ള വിശറി**..............32
ചന്ദ്രമതി
**ഉണ്ണിക്കുട്ടൻ**.............................35
വയലാർ ഗോപാലകൃഷ്ണൻ
**എട്ടുകാലിയുടെ ഐതിഹ്യം**.......38
പുനരാഖ്യാനം : റോസ്മേരി
**വനത്തിലെ വധു** ......................41
പുനരാഖ്യാനം : സുജ സൂസൻ ജോർജ്ജ്
**ഒറ്റച്ചെരുപ്പിട്ട ഗുരു**....................45
പായിപ്ര രാധാകൃഷ്ണൻ
**ഒരമ്മയും മകളും പിന്നെ ഹിന്ദിയിലേക്കുള്ള വഴികളും**.....46
പ്രിയ എ എസ്
**അങ്ങാടിയിലെ ആനനൃത്തം** .....51
പി കെ ഗോപി
**നമ്മുടെ നല്ലൊരു തിരുവോണം**..56
ആർ ശ്രീലതാവർമ്മ
**ഇട്ടിച്ചിരിക്കുട്ടി**...........................58
സാവിത്രി രാജീവൻ

**8**

### ഒരു പ്രളയവും മരിക്കാത്ത ദൈവങ്ങളും

**ഡോ. കെ ജി താര**

കേരളത്തെ നടുക്കി വീണ്ടും ഒരു പ്രളയം. ഇനി അടുത്തൊന്നും ഒരു പ്രളയം ഉണ്ടാകില്ലെന്നു കരുതിയിരുന്നു നമ്മൾ. ആ പ്രതീക്ഷയെ തകർത്തുകൊണ്ട് പ്രളയം വീണ്ടുമെത്തി. ഒപ്പം ഉരുൾപൊട്ടലും. എന്തുകൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാട് വീണ്ടും ഒരു ദുരന്തഭൂമിയായത്?




**16**

### മഴ, മഴ!

**സച്ചിദാനന്ദൻ**

തൊടിയിൽ വെള്ളം മുരളുമ്പോൾ
മുറിയിൽ വെള്ളം കുറുകുമ്പോൾ
വഴിയിൽ തോണികൾ പായുമ്പോൾ
വയലൊരു കടലായലറുമ്പോൾ,
വിറ കൊള്ളുന്നവൾ പോയാണ്ടിൻ
ഇടവപ്പാതിച്ചതിയോർക്കെ!..





**18**

### കണാരൻകുട്ടി

**യു കെ കുമാരൻ**

പ്രശ്നക്കാരനായിരുന്നെങ്കിലും കൂട്ടുകാർക്ക് പ്രിയങ്കരനായിരുന്നു കണാരൻകുട്ടി. ഒരു ദിവസം പെട്ടെന്ന് അവൻ ക്ലാസിൽ വരാതെയായി. കണാരൻകുട്ടി ഇല്ലാത്ത ക്ലാസ്സ് കൂട്ടുകാർക്ക് സമ്മാനിച്ചത് വിരസതയായിരുന്നു. അവന്റെ വരവിനായി പിന്നെ അവർ കാത്തിരുന്നു...

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ & ഡയറക്ടർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ഡിസൈൻ & ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**അരുണ ആലഞ്ചേരി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

# തളിര്

## കടലോളങ്ങളുടെ മിടിപ്പുകൾ

**യു എ ഖാദർ**

22

അത്യാർത്തി മാനവകുലത്തിന് വരുത്തുന്ന അഹിതത്തെക്കുറിച്ച് ഓർമപ്പെടുത്തുന്ന മനോഹരമായ ഈ കഥ വായിക്കൂ...





25

## മറുപടിക്കളി

**സി രാധാകൃഷ്ണൻ**


ഒരുപിടി മണ്ണു തരാനുണ്ടോ?
ഒരു ചെറുവിത്തു നടാനാണേ
മണ്ണില്ലാത്തിടമില്ലല്ലോ
മന്നിലൊരേടവുമറിയില്ലേ
ഒരു മുള പൊട്ടി വിരിഞ്ഞാലോ
നീരൊരു തുള്ളി തരാനുണ്ടോ?

52

## ലളിതേച്ചിയുടെ പാട്ട്

**മുണ്ടൂർ സേതുമാധവൻ**

രോഗിയായ അമ്മയുടെ ചികിത്സയ്ക്കായി പാതയോരത്ത് പാടി നടന്ന കുട്ടി. പെട്ടെന്നൊരു ദിവസം അവന്റെ ജീവിതത്തിലേക്ക് വെളിച്ചമായി ലളിതേച്ചി എത്തി...





36

## പൂക്കളുടെ ജാതകം

**ഏഴാച്ചേരി രാമചന്ദ്രൻ**

ഏതുനേരത്തും ചിരിക്കലേ വേലയെ-
ന്നാരും കൊതിച്ചുപോം മട്ടിൽ,
മുല്ലയ്ക്കൽ വീട്ടിലെ ശാന്തേ, ചിരികൊണ്ടു
പന്തലിടുന്നവൾ നീയേ, മണം നുകർ-
ന്നെങ്ങുനിന്നോ വന്നുചേരുന്ന വണ്ടുകൾ-
ക്കമ്മ വീടായതും നീയേ!


**പച്ചിലത്തോണി**........................ 61
അമ്പലപ്പുഴ ഗോപകുമാർ

**ആനയുടെ ഭാരവും ആമയുടെ ഭാരവും തുല്യമാണ്** ..................62
പള്ളിയറ ശ്രീധരൻ

**ഓണവില്ല്**..................................63
വിനോദ് വൈശാഖി

**തിത്തിമി തകധിമി**.....................64
ശ്രീജിത് പെരുന്തച്ചൻ

**കർഷകൻ**..................................65
ഹരീഷ് ആർ നമ്പൂതിരിപ്പാട്

**ഗണപതിയും കഥമതിയും**.......66
പുനരാഖ്യാനം : ഡോ. കെ ശ്രീകുമാർ

**ഞങ്ങടെ കൂടെ പോരുന്നോ**.......67
ഡോ. മഞ്ജുഷ ആർ വർമ്മ

**ഇബിബിയോയിലെ സുന്ദരിക്കുട്ടി**...68
പുനരാഖ്യാനം :ജോൺ സാമുവൽ

**ആനക്കാര്യം**.................................71
എൻ ടി രാജീവ്

**കോനൻ ഡോയ്ൽ, പിന്നെ ഷെർലക് ഹോംസ്, വാട്സണും**.................................72
ഡോ. പി കെ രാജശേഖരൻ

**നന്ദിപ്രകടനം**............................74
പ്രൊഫ. മാത്യു ഉലകംതറ

**എന്തു നൽകേണ്ടു ഞാൻ**..........75
എൻ എസ് സുമേഷ്‌കൃഷ്ണൻ

**കട്ടബൊമ്മന്റെ ദേശസ്നേഹം**....76
സിപ്പി പള്ളിപ്പുറം

**ക്ലാസ് വാർ**...................................79
എം കൃഷ്ണദാസ്

**ഇന്നലെകളിലെ ഓണം**...............80
അമൃത കേളകം

**കാർട്ടൂൺ- Rebuild Kerala**............83
സുജിത്

ഓണം വീണ്ടും വന്നിരിക്കുന്നു. അതിന്റെ അകൃത്രിമവും കൃത്രിമവുമായ എല്ലാ ചമയങ്ങളുമായി നമ്മുടെ മുന്നിൽ വന്നു ചിരിച്ചുനിൽക്കുന്നു. സ്മരിക്കുക, ആഹ്ലാദിക്കുക. ഭക്തിയുടെയും ഉപചാരങ്ങളുടെയും സമയമല്ലിത്. ഒരു മഹാനായ കാരണവർ വീണ്ടും സന്തതികളെക്കാണാൻ വന്നെത്തുമ്പോഴുള്ള സ്നേഹപൂർവമായ സ്വീകരണമാണ്.

പ്രജാവത്സലനും സത്യസന്ധനും ധർമിഷ്ഠനും നിർഭയനുമായ ഒരു ഭരണാധികാരിക്ക് ജനഹൃദയങ്ങളിൽ എന്നും നിത്യമായ ഒരു സിംഹാസനം ഉണ്ടായിരിക്കും എന്ന പ്രഖ്യാപനം. മനുഷ്യർക്കു മാത്രമല്ല ഉറുമ്പിനുവരെ ആഹാരവും സംരക്ഷണവും ഉണ്ടായിരുന്ന ഒരു നല്ലകാലത്തിലേക്ക് വീണ്ടുമൊന്നെത്തിനോക്കുവാൻ ഓണം നമ്മെ വിളിക്കുകയാണ്. ആരു ചവിട്ടിത്താഴ്ത്തിയാലും ശിരസ്സ് വീണ്ടും ഉയരുമെന്നും ഇരുട്ടുമാറി വെളിച്ചം വരുമെന്നുമുള്ള പ്രതീക്ഷയും കൂടിയാണ് ഓണം. പ്രിയകവി ബാലാമണിയമ്മയുടെ ഭാഷയിൽ ഓണം കൊണ്ടാടുന്നത് മൂന്നടികൊണ്ട് ഭൂമി മുഴുവൻ അളന്നെടുത്ത വാമന മൂർത്തിക്കുവേണ്ടിയല്ല, ചോരപുരണ്ട മഴു കടലിലേക്കു വലിച്ചെറിഞ്ഞ് പുതിയൊരു നാടു നിർമിച്ച പരശുരാമനുവേണ്ടിയല്ല,





വര: സുധീർ പി വൈ

*“തലയിൽ ചവിട്ടുന്ന കാലിൽ ഈശനെക്കണ്ട*
*ബലവദ് വിനയത്തിൻ സൗമ്യമൂർത്തിക്കായല്ലോ”*

ഏതു തകർച്ചയിൽ നിന്നും ഉയിർത്തെഴുന്നേൽക്കുന്ന ശുഭപ്രതീക്ഷയാണ് ഓണം. അതോടൊപ്പം ഐശ്വര്യത്തിന്റെ, സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ നന്ദി നിറഞ്ഞ സ്മരണയും. സമത്വത്തിന്റെയും സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും വെളിച്ചവും സുഗന്ധവും സൗന്ദര്യവും മാധുര്യവുമാണ് ഓണവെയിലും ഓണനിലാവും ഓണത്തപ്പനും ഓണപ്പൂക്കളും ഓണസദ്യയും ഓണക്കളികളും പാട്ടുകളും.

എന്റെ കുഞ്ഞുങ്ങൾക്ക് ആഹ്ലാദപൂർണമായ ഓണക്കാലം ആശംസിക്കുന്നു.

സ്നേഹത്തോടെ,

**സുഗതകുമാരി**

**ഏതു തകർച്ചയിൽ നിന്നും ഉയിർത്തെഴുന്നേൽക്കുന്ന ശുഭപ്രതീക്ഷയാണ് ഓണം. അതോടൊപ്പം ഐശ്വര്യത്തിന്റെ, സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ നന്ദി നിറഞ്ഞ സ്മരണയും. സമത്വത്തിന്റെയും സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും വെളിച്ചവും സുഗന്ധവും സൗന്ദര്യവും മാധുര്യവുമാണ് ഓണവെയിലും ഓണനിലാവും ഓണത്തപ്പനും ഓണപ്പൂക്കളും ഓണസദ്യയും ഓണക്കളികളും പാട്ടുകളും.**

എന്റെ കുഞ്ഞുങ്ങൾക്ക്,

നമ്മുടെ നാട്ടിൽ അന്ധകാരവും ആശങ്കയും നിറഞ്ഞിരിക്കുന്ന ഒരു സമയത്താണ് ഇത്തവണ ഓണം കടന്നുവരുന്നത്. രണ്ടാമതും ഒരു പ്രളയവും മണ്ണിടിച്ചിലും അനുഭവിച്ച് വടക്കൻ കേരളം ദുഃഖാർത്തമായിത്തീർന്നിരിക്കുന്നു. സഹ്യപർവതം ക്രുദ്ധനും അസഹ്യനുമായിക്കഴിഞ്ഞു. ഞങ്ങൾ, മുതിർന്ന തലമുറ, സംഭവിച്ച വീഴ്ചകൾക്കും തെറ്റുകൾക്കും മാപ്പു ചോദിക്കേണ്ട കാലമാണിത്. നിങ്ങൾ കുട്ടികൾക്ക് സുന്ദരവും സ്വസ്ഥവും ഐശ്വര്യപൂർണവുമായ ഒരു കേരളം പൈതൃകമായി നൽകുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. വിരിമാറിൽ മുറിവുകൾ നിറഞ്ഞ സഹ്യനെയും ഇടിഞ്ഞുമറിഞ്ഞ കുന്നുകളെയും ശത്രുഭാവം വരിച്ച പുഴകളെയും എല്ലാം നഷ്ടപ്പെട്ട ലക്ഷക്കണക്കിനു മനുഷ്യരെയുമെല്ലാം സാധാരണ നിലയിലെത്തിക്കുവാൻ നമുക്കു കഴിയുമോ? കഴിയണം- പ്രകൃതിയെ സ്നേഹിക്കുന്ന, ഭക്തിയോടെ സമീപിക്കുന്ന, എളിമയും കരുത്തുമുള്ള ഒരു പുതിയ തലമുറ ഇവിടെ വളർന്നുവരട്ടെ – പണമാണു ദൈവമെന്നും വികസനമെന്നാൽ കൂടുതൽ സുഖാഡംബരങ്ങളെന്നും കരുതാത്ത, ബുദ്ധിയും വിനയവുമുള്ള ജനതയായി നിങ്ങൾ വളർന്നുവരട്ടെയെന്നും നിങ്ങളുടെ കൈകൾക്ക് ഭൂമിയെന്ന അമ്മയുടെ കണ്ണീരു തുടയ്ക്കാനുള്ള ധർമശക്തിയുണ്ടാകട്ടെയെന്നും പ്രാർഥിക്കുന്നു. നമ്മുടെ രാജ്യത്തെ ഈശ്വരൻ കനിഞ്ഞു കാത്തുകൊള്ളട്ടെ.

സ്നേഹത്തോടെ,

**സുഗതകുമാരി**





# ഒരു പ്രളയവും മരിക്കാത്ത ദൈവങ്ങളും

**ഡോ. കെ ജി താര**
(സംസ്ഥാന ദുരന്തനിവാരണ സെന്റർ മുൻ മേധാവി)

2019 ആഗസ്റ്റ് 8, രാത്രി 8 മണി. കനത്തമഴ. മലപ്പുറത്തെ കവളപ്പാറയിൽ അറുപത്തിയൊന്നു ജീവനുകളുടെ മുകളിലേക്ക് അഞ്ഞൂറ് മീറ്റർ കനത്തിൽ മണ്ണിടിഞ്ഞു വീണു. നാൽപ്പത്തൊന്നു വീടുകൾ പൂർണമായും മണ്ണിനടിയിലായി. സൈന്യം, അഗ്നിശമനം, പൊലീസ്, ദേശീയ ദുരന്തനിവാരണ സേന, സംസ്ഥാന പ്രതികരണ സേന, അഞ്ഞൂറോളം നാട്ടുകാർ, ഇവരെല്ലാം കഴിഞ്ഞ പന്ത്രണ്ടു ദിവസങ്ങളായി തിരച്ചിൽ നടത്തുകയാണ്. 46 മൃതദേഹങ്ങൾ കണ്ടെടുത്തു. ഇനിയും 13 പേരെക്കൂടി കണ്ടെത്താനുണ്ട്.

ഒരു മാസം പെയ്യുന്ന മഴയുടെ ഇരട്ടിയാണ് പലയിടത്തും ഇപ്പോൾ പെയ്തത്. കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിൽ പതിനാലു ലക്ഷം പേരാണ് ദുരിതാശ്വാസ ക്യാമ്പിൽ വന്നുചേർന്നത്. ഇത്തവണയാകട്ടെ മൂന്നു ലക്ഷത്തി

നടുത്ത് ആളുകൾ അഭയാർഥികളായി. കഴിഞ്ഞവർഷത്തെ പ്രളയത്തിൽ 57000 ഹെക്ടർ സ്ഥലത്തെ കൃഷിസ്ഥലം നശിച്ചതിൽ 1364 കോടിരൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണക്ക്. വ്യവസായമേഖലയിൽ മാത്രം 862 കോടി രൂപ നഷ്ടപ്പെട്ടു. അഞ്ഞൂറിലേറെപ്പേർ മരിച്ചു. മരണസംഖ്യ ഉയരാതിരുന്നത് മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയതുകൊണ്ടുമാത്രമാണ്. 4537 മത്സ്യത്തൊഴിലാളികൾ ബോട്ടുമായി ഇറങ്ങി 75000ത്തോളം പേരെ രക്ഷപ്പെടുത്തിയില്ലായിരുന്നെങ്കിൽ ഒരുപാടുപേർ മരിച്ചുപോയേനേ. അന്ന് പലരും വിചാരിച്ചത് 100 കൊല്ലം കഴിഞ്ഞേ അടുത്ത വെള്ളപ്പൊക്കം ഉണ്ടാകൂ എന്നാണ്. എന്നാൽ കൃത്യം ഒരു കൊല്ലം കഴിയും മുൻപ് വീണ്ടും പ്രളയമെത്തി. കൂട്ടത്തിൽ ഉരുൾപൊട്ടലും.



## എന്തുകൊണ്ടു വീണ്ടും ദുരന്തം?

ഗാഡ്ഗിൽ എന്ന മഹാനായ ശാസ്ത്രജ്ഞൻ എട്ടുവർഷങ്ങൾക്കുമുമ്പ് (2011) ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ വലിയ കെട്ടിടങ്ങൾ വയ്ക്കരുത്. പാറ പൊട്ടിക്കരുത് തുടങ്ങി ഒരുപാട് നിർദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉണ്ടായിരുന്നു. പ്രത്യേകിച്ച് ഗാഡ്ഗിൽ കമ്മറ്റി സോൺ 1 എന്നു രേഖപ്പെടുത്തിയ അതീവ പരിസ്ഥിതിലോലപ്രദേശങ്ങളിൽ ദുരന്തം ഉണ്ടാകുമെന്ന മുന്നറിയിപ്പ്. ഇത്തവണ നടന്ന ഗുരുതരമായ പതിനൊന്ന് ഉരുൾപൊട്ടലുകളിൽ പത്തും നടന്നത് ഗാഡ്ഗിൽ കമ്മറ്റി അതീവ പരിസ്ഥിതിലോല പ്രദേശങ്ങൾ എന്നു രേഖപ്പെടുത്തിയ പ്രദേശങ്ങളിലാണ് എന്നത് ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്.

## ഭൂമിയുടെ ചരിവും അടഞ്ഞ നീർച്ചാലുകളും

മുത്തപ്പൻ മലയിൽ ഉരുൾപൊ







**മരങ്ങളും ചെടികളും അവയുടെ ശരീരഭാരത്തിന്റെ 96 ഇരട്ടിയോളം വെള്ളം മണ്ണിൽ ശേഖരിച്ച് നിറുത്തുന്നുണ്ട് എന്ന് നമുക്കറിയാം. മരങ്ങളും ചെടികളും വെട്ടിനശിപ്പിക്കുമ്പോൾ വേരുകൾ സംഭരിച്ചു വച്ചിരുന്ന വെള്ളം കൂടി മണ്ണിലേക്ക് തുറന്നുവിടപ്പെടും.**

ട്ടിയ കവളപ്പാറ എന്ന സ്ഥലത്ത് ഭൂമിയുടെ ചരിവ് 60% ആണ്. ഈ മലയുടെ മുകളിൽ നിന്നു താഴേക്ക് ഒഴുകിയിരുന്ന രണ്ട് നീർച്ചാലുകൾ ഇന്ന് പൂർണമായും നികത്തപ്പെട്ടിരിക്കുന്നതായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞർ പറയുന്നു. തുടർച്ചയായി മഴപെയ്യുമ്പോൾ കുന്നിന്റെ ഉള്ളിലേക്ക് ഒലിച്ചിറങ്ങുന്ന വെള്ളം പുറത്തേക്ക് ഒഴുക്കിക്കളയുന്നത് ഇത്തരം നീർച്ചാലുകളാണ്. ഇവ അടച്ചുകെട്ടുകയോ ഗതിമാറ്റുകയോ ചെയ്യുമ്പോൾ മലയുടെ ഉള്ളിലെ വെള്ളത്തിന്റെ മർദ്ദം കൂടിവരും. പാറപൊട്ടിക്കുമ്പോഴുള്ള പ്രകമ്പനമോ മിന്നലോ ഏൽക്കുമ്പോൾ മണ്ണും പാറയും ചളിയും ഒന്നാകെ താഴെ വീണ് ഉരുൾപൊട്ടലുകൾ ഉണ്ടാകാൻ കാരണമാകും.

## മരങ്ങളും മണ്ണിടിച്ചിലും

മേപ്പാടി (വയനാട്) ഭാഗത്തെ 'തൊള്ളായിരം മല'യിൽ ഉള്ള 'പുത്തുമല'യാണ് വലിയദുരന്തമുണ്ടായ മറ്റൊരു മേഖല. ഇവിടെയും ഭൂമിയുടെ ചരിവ് 42% ആണ്. ഇവിടെ കാർഷികാവശ്യങ്ങൾക്കായി മരങ്ങൾ വ്യാപകമായി വെട്ടിനശിപ്പിക്കപ്പെട്ടിരുന്നു. മരങ്ങളും ചെടികളും അവയുടെ ശരീരഭാരത്തിന്റെ 96 ഇരട്ടിയോളം വെള്ളം മണ്ണിൽ ശേഖരിച്ച് നിറുത്തുന്നുണ്ട് എന്ന് നമുക്കറിയാം. മരങ്ങളും ചെടികളും വെട്ടിനശിപ്പിക്കുമ്പോൾ വേരുകൾ സംഭരിച്ചുവച്ചിരുന്ന വെള്ളം കൂടി മണ്ണിലേക്ക് തുറന്നുവിടപ്പെടും. 16 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള ഭൂമി കൂടി ആകുമ്പോൾ അടിഭാഗത്തെ പാറയിൽ നിന്ന് മേൽമണ്ണ് ഇളകിവരും. മരങ്ങളും ചെടികളും ഉണ്ടെങ്കിൽ ഒരു പരിധിവരെ ഉരുൾപൊട്ടലിൽ ഒഴുകിവരുന്ന കല്ലും മണ്ണുമൊക്കെ തടഞ്ഞുനിർത്തിയേനേ. പുത്തുമലയിലും സ്വാഭാവിക നീർച്ചാലുകൾ അടച്ചുകെട്ടി കെട്ടിടങ്ങൾ, ബണ്ടുകൾ, റോഡുകൾ എന്നിവ നിർമിച്ചിട്ടുണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്.

## പാറക്വാറികളും ദുരന്തങ്ങളും

പാറകൾ പൊട്ടിക്കുമ്പോഴുള്ള പ്രകമ്പനങ്ങൾ മലയെ ദുർബലമാക്കും. മാത്രമല്ല മലകയറിയിറങ്ങിവരുന്ന മഴവെള്ളത്തിന് ഭൂമിയിലേക്കു താഴ്ന്നുപോകാൻ കുറേക്കൂടി സമയം കിട്ടും. മലകൾ ഒന്നാകെ ഇടിച്ചുനിരത്തുമ്പോൾ മഴവെള്ളം ഭൂമിക്കടിയിലേക്കു പോകാതെ മുഴുവനും മലഞ്ചെരിവുകളിലൂടെ താഴേക്ക് ഒലിച്ചിറങ്ങും. ദുരന്തമുണ്ടായ കവളപ്പാറയ്ക്കു ചുറ്റും ഇരുപത്തിയഞ്ചോളം ക്വാറികളുണ്ടത്രേ. വയനാട് പുത്തുമലയ്ക്ക് പത്തുകിലോമീറ്റർ ചുറ്റളവിലും ക്വാറികൾ ഉണ്ട്. സംസ്ഥാനത്ത് സർക്കാർ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന 750 ക്വാറികൾ മാത്രമേ ഉള്ളൂ എന്നാണ് കണക്ക്. പക്ഷേ അനധികൃതമായി പ്രവർത്തിക്കുന്ന 5924 ഓളം ക്വാറികൾ ഉണ്ടെന്ന് സംസ്ഥാന വന ഗവേഷണ കേന്ദ്ര (കെ എഫ് ആർ ഐ) ത്തിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരുന്നു.

## എന്താണ് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിന്റെ പ്രാധാന്യം?

നിരവധി സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന മൊത്തം 129037 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന പശ്ചിമഘട്ട മലനിരകളാണ് അറബിക്കടലിൽ നിന്നും വരുന്ന നീരാവി നിറഞ്ഞ കാറ്റിനെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നത്. കേരളത്തിലെ 44 നദി

കളും ഉത്ഭവിക്കുന്നതും ഈ മലനിരകളിൽ നിന്നുതന്നെ. 330 ഇനം ചിത്രശലഭങ്ങളും 350 ഇനം ഉറുമ്പുകളും 288 ഇനം മത്സ്യങ്ങളും ഉള്ള ഈ മലനിരകളിൽ 500 ൽ ഏറെയിനം പക്ഷികളുമുണ്ട്. പശ്ചിമഘട്ടം ഒന്നാകെ വളരെ ജൈവവൈവിധ്യ പ്രാധാന്യമുള്ള മേഖലയാണെങ്കിലും ഗാഡ്ഗിൽ, പരിസ്ഥിതി പ്രാധാന്യമനുസരിച്ച് സോൺ-1, സോൺ-2, സോൺ-3 എന്നിങ്ങനെ മൂന്നായി തരംതിരിച്ചു. ഏറ്റവും വലിയ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളെ സോൺ-1 എന്നും അതിലും താഴെ സോൺ- 2 എന്നും ബാക്കിയുള്ളവയെ സോൺ- 3 യുമായാണ് രേഖപ്പെടുത്തിയത്. സോൺ- 1 ൽ മണൽവാരലിനും പാറപൊട്ടിക്കലിനും പുതിയ അനുമതി നൽകരുത് എന്നും നൽകിയാൽ ഉരുൾപൊട്ടൽ പോലെ വലിയ ദുരന്തങ്ങൾ ഉണ്ടാകുമെന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്.

റോഡ് വികസനവും പരിസ്ഥിതി ആഘാത പഠനങ്ങൾക്കു ശേഷം മാത്രമേ നടത്താവൂ എന്നും കർക്കശമായി ഈ റിപ്പോർട്ട് മുന്നറിയിപ്പു നൽകി. പക്ഷേ ഈ മുന്നറിയിപ്പുകളെല്ലാം നാം അവഗണിച്ചു. ഫലമോ? നിറമുള്ള സ്വപ്നങ്ങൾ അവശേഷിപ്പിച്ചുകൊണ്ട് നൂറിലേറെപ്പേർ മരണമടഞ്ഞു.

## പാറയില്ലാതെ വീട് എങ്ങനെ?

കെട്ടിടം വയ്ക്കാനും മറ്റും പാറ വേണ്ടേ? തലയ്ക്കുമീതെ തണൽ പോലും ഇല്ലാതെ കഴിയുന്ന ആൾക്കാർക്ക് വീടുവയ്ക്കാനാണോ ഈ പാറകൾ എല്ലാം പൊട്ടിച്ചുകൊണ്ടുപോകുന്നത് എന്ന മറുചോദ്യമാണ് ഉയരേണ്ടത്. നമ്മളിൽ പലർക്കും ഒന്നിൽക്കൂടുതൽ വീടുണ്ട്. മക്കൾക്കുവേണ്ടി പുരയിടമോ, വീടോ, ഫ്ളാറ്റോ ഒക്കെ വാങ്ങിക്കൂട്ടുന്നവരാണ് ശരാശരി മലയാളി അച്ഛനമ്മമാർ. ഒരു കൂര പോലുമില്ലാതെ ഉറങ്ങേണ്ടിവരുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകൾക്കുകൂടി അവകാശപ്പെട്ട പാറയും മണ്ണും സിമന്റുമാണ് നമ്മുടെ ദുരാഗ്രഹത്തിനുവേണ്ടി ഉപയോഗിച്ചു തീർക്കുന്നത്. പാറയും മണ്ണും ഇല്ലാതെ ഉറപ്പുള്ള വീടുകൾ എങ്ങനെ കെട്ടാമെന്ന് ജപ്പാനും ചൈനയും കാട്ടിത്തന്നിട്ടുണ്ട്. മാത്രമല്ല ചുറ്റുമൊന്നു നോക്കൂ. ഏതെങ്കിലും പക്ഷിയോ മൃഗമോ ഒന്നിൽക്കൂടുതൽ കൂടോ മാളമോ ഉണ്ടാക്കുന്നത് കണ്ടിട്ടുണ്ടോ? അവയെല്ലാം അത്യാവശ്യത്തിന് കയറിക്കിടക്കുവാൻ ഒരു മാളമോ കൂടോ ഉണ്ടാക്കുന്നു. മനുഷ്യർ മാത്രമാണ് 'പാർപ്പിടം' എന്ന സങ്കൽപ്പത്തിലപ്പുറം 'പൊങ്ങച്ചം' കാണിക്കാനുള്ള മാർഗം എന്ന നിലയിലേക്ക് വീട് എന്ന അത്യാവശ്യത്തിനെ മാറ്റിയെടുത്തത്. പരിസ്ഥിതിയുടെ മേലുള്ള ഭാരം കുറയ്ക്കാൻ നമുക്ക് ഒന്നിൽക്കൂടുതൽ വീടു വേണ്ട എന്ന തീരുമാനം എടുത്തുകൂടെ?

## ഇവർ നമുക്ക് മാതൃക

### റോക്കി എന്ന താരം

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി എന്ന വില്ലേജിലെ പി മോഹനനും കുടുംബവും രക്ഷപ്പെട്ടത് തലനാരിഴയ്ക്കാണ്. അതും റോക്കി എന്ന വളർത്തുനായയുടെ ശ്രദ്ധ ഒന്നുകൊണ്ടുമാത്രം. വെളുപ്പിന് മൂന്നുമണിക്ക് റോക്കി



author : The Better India



റോക്കി

യുടെ നിർത്താതെയുള്ള കുര കേട്ടാണ് ആ കുടുംബം എഴുന്നേറ്റത്. ആദ്യം കുര ശ്രദ്ധിക്കാതെ വീണ്ടും കിടന്നെങ്കിലും റോക്കിയുടെ കുര കൂടുതൽ ഉച്ചത്തിലായി. പിന്നെ ഉച്ചത്തിലുള്ള ഓരിയിടലായി. പുറത്തിറങ്ങി നോക്കിയപ്പോഴാണ് മലയിടിഞ്ഞ് വീടിനു നേരെ വരുന്നത് കണ്ടത്. ജീവനും കൈയിൽപ്പിടിച്ച് സുരക്ഷിത സ്ഥാനത്തേക്ക് ഓടി രക്ഷപ്പെട്ടതുകൊണ്ട് ഈ കുടുംബം രക്ഷപ്പെട്ടു. ഇവരുടെ വീടിന് തൊട്ടുമുകളിലത്തെ നിലയിൽ താമസിച്ചിരുന്ന പ്രായം ചെന്ന ഭാര്യയും ഭർത്താവും ഈ ദുരന്തത്തിൽ മരിച്ചുപോയി.

## നൗഷാദിക്കയെ മറക്കണ്ട

മട്ടാഞ്ചേരി വൈപ്പിനിലെ ഒരു പാവപ്പെട്ട തുണി വ്യാപാരിയാണ് നൗഷാദ്. പ്രളയദുരിതത്തിന് വസ്ത്രങ്ങൾ ചോദിച്ച് വന്നെത്തിയ പ്രവർത്തകർക്ക് പെരുന്നാളിന് വിൽക്കാൻ വച്ചിരുന്ന കെട്ടുകണക്കിന് പുതിയ വസ്ത്രങ്ങൾ ചാക്കുചാക്കായി എടുത്തുകൊടുത്തു 'ഹീറോ' ആയ നൗഷാദ് നന്മയുടെ വിശുദ്ധ പ്രതീകമാണ്. കടയിലെ വസ്ത്രങ്ങളെല്ലാം എടുത്തുകൊടുത്ത് നമ്മുടെ മനസ്സിൽ കുടിയേറിയ നൗഷാദ് എന്ന ഈ ചെറുപ്പക്കാരന് ഇപ്പോൾ അമേരിക്ക, ബ്രിട്ടൻ, ഗൾഫ് രാജ്യങ്ങൾ എന്നിങ്ങനെ പലയിടത്തുനിന്നും അഭിനന്ദനപ്രവാഹമാണ്. ഗൾഫ് നാട്ടിലെ പ്രവാസികളിൽ ഒരാൾ സമ്മാനമായി കൊടുത്ത ഒരുലക്ഷം രൂപ പോലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അയച്ചുകൊടുത്ത് നൗഷാദ് വീണ്ടും മാതൃകയായി. നൗഷാദിക്കയോടുള്ള ആദരവ് അറിയിച്ച് ഇംഗ്ലീഷ് ഗായകൻ

**പ്രളയദുരിതത്തിന് വസ്ത്രങ്ങൾ ചോദിച്ച് വന്നെത്തിയ പ്രവർത്തകർക്ക് പെരുന്നാളിന് വിൽക്കാൻ വച്ചിരുന്ന കെട്ടുകണക്കിന് പുതിയ വസ്ത്രങ്ങൾ എടുത്തുകൊടുത്ത നൗഷാദ് നന്മയുടെ പ്രതീകമാണ്. പ്രവാസികളിൽ ഒരാൾ സമ്മാനമായി കൊടുത്ത ഒരുലക്ഷം രൂപ പോലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അയച്ചുകൊടുത്ത് നൗഷാദ് വീണ്ടും മാതൃകയായി.**



നൗഷാദ്

സാജ് സാബ്രി മലയാളത്തിൽ ഒരു പാട്ടുപാടി അയച്ചുകൊടുക്കുകയും ചെയ്തു.

## സാലിയുടെ കരുതൽ

പ്രകൃതിദുരന്തങ്ങളോ അത്യാഹിതങ്ങളോ സംഭവിക്കുമ്പോൾ ഉടമസ്ഥനെ കണ്ടെത്തുന്നതുവരെയോ തിരിച്ചറിയുന്നതുവരെയോ ആഹാരവും ഉറക്കവും ഉപേക്ഷിച്ച് കാത്തിരിക്കുന്ന പതിവ് നായ്ക്കൾക്കുണ്ട്. കവളപ്പാറയിൽ ഉരുൾപൊട്ടൽ നടന്ന സ്ഥലത്ത് നൂറോളം നായ്ക്കൾ യജമാനൻമാർ നഷ്ടപ്പെട്ട് അനാഥരായി നടക്കുകയാണ്. ചിലർ ദുരന്തത്തിൽപ്പെട്ട് മരിച്ചുപോയി. മറ്റുചിലർ ദുരിതാശ്വാസക്യാമ്പുകളിലോ ബന്ധുവീടുകളിലോ ആണ്. പശു, ആട് തുടങ്ങിയവയും ഇങ്ങനെ നോക്കാൻ ആളില്ലാതെ കഷ്ടപ്പെടുകയാണ്. സാലി ഇവർക്കെല്ലാം ഭക്ഷണവും തീറ്റയും പുല്ലും വെള്ളവും എത്തിച്ചുകൊടുക്കുകയാണ്. ഹ്യൂമൻ സൊസൈറ്റി ഇന്റർനാഷണൽ എന്ന സംഘടനയുടെ പ്രതിനിധി എന്ന നിലയ്ക്ക് പ്രവർത്തിക്കുന്ന സാലിക്ക് 2016 ൽ രാജ്യത്തെ മികച്ച നൂറു വനിതകളിൽ ഒരാളെന്ന ബഹുമതി രാഷ്ട്രപതിയിൽ നിന്നും കിട്ടുകയുണ്ടായി.

## കോരിച്ചൊരിയുന്ന മഴയത്തും കാത്തിരിപ്പാണ്

ഉറ്റവരും ഉടയവരും മൃതദേഹങ്ങളെങ്കിലും കിട്ടുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ



സാലി

രക്ഷാപ്രവർത്തകർക്ക് നൊമ്പരക്കാഴ്ചയായി ഒരു നായ ദുരന്തഭൂമിയിലിരിപ്പുണ്ട്. ശിവൻ പള്ളത്തിന്റെ അഞ്ചംഗ കുടുംബം ഒന്നടങ്കം മണ്ണിനടിയിലായി. ഒരു മൃതദേഹം മാത്രമേ ഇതുവരെ കിട്ടിയുള്ളൂ. ഒരുപക്ഷേ എന്നെങ്കിലും തിരിച്ചുവരുമെന്ന തോന്നലിൽ കോരിച്ചൊരിയുന്ന മഴയിൽ മറ്റുള്ളവരോടൊപ്പം അവർ വളർത്തിയ നായയും കാത്തിരിക്കുകയാണ്, പ്രതീക്ഷയോടെ.

ഇതാ ഇന്നു കേൾക്കുന്നു കാസർഗോഡ് നിന്നുള്ള പ്രിയാകുമാരി എന്ന നഴ്സ് അവരുടെ സ്വത്തിൽ നിന്ന് 10 സെന്റ് ഭൂമി പ്രളയത്തിലും ഉരുൾപൊട്ടലിലും ഭൂമി നഷ്ടപ്പെട്ടവർക്കായി കൊടുത്തു എന്ന്. മഹാരാഷ്ട്രയിൽ ശരീരംവിറ്റു ജീവിക്കുന്ന ഒരുകൂട്ടം സ്ത്രീകൾ കഴിഞ്ഞ പ്രളയകാലത്ത് 21000 രൂപ കേരളത്തിലെ പുനരധിവാസത്തിനായി കൊടുത്ത കഥ കണ്ണീരോടെയല്ലാതെ ഓർക്കാൻ പറ്റില്ല. വിവിധ കുറ്റകൃത്യങ്ങൾക്കായി ശിക്ഷിക്കപ്പെട്ട് കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം ജയിലിൽ കഴിയുന്ന തടവുകാർ കറി പായ്ക്കറ്റുകളും ചപ്പാത്തികളുമൊക്കെ ഉണ്ടാക്കി ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് കയറ്റി അയച്ച് മാതൃകയാവുകയാണ്.



## കൂട്ടുകാർ എന്തുചെയ്യണം?

ഇതെല്ലാം സർക്കാരിന്റെ ചുമതലയല്ലേ? കുട്ടികളായ നിങ്ങൾക്ക് എന്തു ചെയ്യാനാവും എന്നു വിചാരിച്ച് മാറി നിൽക്കാൻ വരട്ടെ. വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും മറ്റു പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്ന പ്രവൃത്തികൾ ഒന്നും തന്നെ നമ്മൾ ചെയ്യില്ലായെന്നും അവയുടെ



ആഘാതം കുറയ്ക്കാൻ ഉപകരിക്കുന്ന കാര്യങ്ങൾ ചെയ്യുമെന്നും പ്രതിജ്ഞയെടുത്തുകൂടേ. താഴെപ്പറയുന്ന 10 കാര്യങ്ങൾ ഒന്നു ശ്രദ്ധിക്കൂ.

**കവളപ്പാറയിലുണ്ടായ ഉരുൾപ്പൊട്ടലിൽ മരിച്ചവരുടെ പോസ്റ്റ്മോർട്ടം നടത്തുന്നതിനായി ഒരു മസ്ജിദിലെ പ്രാർഥനാമുറി വിട്ടുകൊടുത്ത വാർത്ത നാം വായിച്ചതാണ്. ജാതിമതചിന്തകൾക്കപ്പുറം നന്മയുടെ പ്രകാശം ചൊരിയുന്ന മനുഷ്യദൈവങ്ങൾ നമുക്കുചുറ്റിനും ഇപ്പോഴും ഉണ്ട് എന്നത് ഏറെ ആശ്വാസം നൽകുന്നു.**

1 മരങ്ങളോ ചെടികളോ നശിപ്പിക്കില്ല.

2 പൈപ്പിലൂടെ കിട്ടുന്ന ജലം സൂക്ഷിച്ച് ഉപയോഗിക്കും.

3 മുഖം കഴുകുമ്പോൾ ഒരു കൈകൊണ്ട് വെള്ളമെടുത്ത് മറ്റേ കൈകൊണ്ട് പൈപ്പടച്ച് വെള്ളം പാഴായിപ്പോകുന്നത് ഒഴിവാക്കും.

4 ഏതെങ്കിലും പൊതു ടാപ്പോ വീട്ടിലോ ടാപ്പോ ലീക്കു ചെയ്യുകയാണെങ്കിൽ അധികാരികളെ (വാട്ടർ അതോറിറ്റി) വിവരമറിയിക്കുകയോ നന്നാക്കാൻ മുതിർന്നവരോട് പറയുകയോ ചെയ്യും.

5 ദിവസവും ഏതെങ്കിലും ഒരു ചെടിക്കോ മരത്തിനോ വെള്ളമൊഴിച്ച് അവയെ പരിപാലിക്കും.

6 മരങ്ങൾ നശിപ്പിച്ചുകൊണ്ട് ഉണ്ടാക്കുന്ന കടലാസ്, നാപ്കിനുകൾ ഉപയോഗിക്കില്ല. പകരം തുണികൊണ്ടുള്ള തൂവാലകൾ ഉപയോഗിക്കും.

7 പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കഴിവതും കുറയ്ക്കും. പ്രത്യേകിച്ച് പ്ലാസ്റ്റിക് പേനയ്ക്കു പകരം മഷിപ്പേന ഉപയോഗിച്ചു തുടങ്ങും.

8 വീട്ടിലും സ്കൂളിലും മഴക്കുഴികൾ ശാസ്ത്രീയമായി ഉണ്ടാക്കാൻ ഭൂഗർഭജലവകുപ്പുമായോ, അനർട്ട് തുടങ്ങിയ സർക്കാർ ഏജൻസികളുമായോ ബന്ധപ്പെടും.

9 അടുത്ത മഴയ്ക്കു കിട്ടുന്ന വെള്ളം മേൽക്കൂരയിലോ വലിയ പാത്രങ്ങളിലോ സംഭരിച്ചു വയ്ക്കാൻ നോക്കും.

10 ഒന്നിൽക്കൂടുതൽ വീടുകൾ വയ്ക്കുന്നത് പരിസ്ഥിതിയോടുള്ള ദ്രോഹമാണ് എന്ന് മനസ്സിലാക്കി അതിൽ നിന്ന് പിന്തിരിയാൻ മുതിർന്നവരോട് പറയും.

ഇതിനൊക്കെപുറമെ, വലുതാകുമ്പോൾ നമ്മുടെ നാടിനും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും ആവശ്യമായ കണ്ടുപിടുത്തങ്ങൾ നടത്താൻ നല്ലവണ്ണം പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യും എന്ന പ്രതിജ്ഞയെടുക്കൂ. മണ്ണിനടിയിൽ പുതഞ്ഞുപോയവരെ കണ്ടെത്താനുള്ള ചെലവു കുറഞ്ഞ ഉപകരണം, ഉരുൾപൊട്ടൽ കൃത്യമായി പ്രവചിക്കാനുള്ള സംവിധാനം, കാറ്റും മഴയും വരുമ്പോൾ ഉൾക്കടലിൽപ്പെട്ടുപോയ മത്സ്യബന്ധനത്തൊഴിലാളികൾക്ക് മുന്നറിയിപ്പു നൽകാനുള്ള ഉപകരണം, കൈകഴുകുമ്പോഴും വസ്ത്രങ്ങൾ അലക്കുമ്പോഴും കുളിക്കുമ്പോഴും ഒക്കെ പാഴായിപ്പോകുന്ന വെള്ളത്തെ പുനരുപയോഗിക്കാനുള്ള സംവിധാനം ഇങ്ങനെ നമ്മുടെ നാടിനുവേണ്ട ഒരുപാടുകാര്യങ്ങൾക്ക് ഗവേഷണം ശക്തിപ്പെടേണ്ടതുണ്ട്.

കാലവർഷക്കെടുതിയിൽ ഉത്തരേന്ത്യയിൽ ഇപ്പോഴും മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഡൽഹി, ഹരിയാന, യൂ പി എന്നിവിടങ്ങളിൽ ഇപ്പോഴും പ്രളയ മുന്നറിയിപ്പ് നിലനിൽക്കുന്നു. കാലാവസ്ഥ മാറുകയാണ്, പ്രകൃതിയും.

കവളപ്പാറയിലുണ്ടായ ഉരുൾപ്പൊട്ടലിൽ മരിച്ചവരുടെ പോസ്റ്റ്മോർട്ടം നടത്തുന്നതിനായി ഒരു മസ്ജിദിലെ പ്രാർഥനാമുറി വിട്ടുകൊടുത്ത വാർത്ത നാം വായിച്ചതാണ്. ജാതിമത ചിന്തകൾക്കപ്പുറം നന്മയുടെ പ്രകാശം ചൊരിയുന്ന മനുഷ്യദൈവങ്ങൾ നമുക്കുചുറ്റിനും ഇപ്പോഴും ഉണ്ട് എന്നത് ഏറെ ആശ്വാസം നൽകുന്നു. അതെ ഇവിടെ ദൈവങ്ങൾ ഉറങ്ങാതെ കാവലിരിക്കുന്നു.





# മാവേലിപ്പാട്ട്


മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല.
പത്തായിരമാണ്ടിരിപ്പുമുണ്ട്
പത്തായമെല്ലാം നിറവതുണ്ട്.
എല്ലാ കൃഷികളുമൊന്നുപോലെ
നെല്ലിന്നു നൂറു വിളവതുണ്ട്.
ദുഷ്ടരെ കൺകൊണ്ടു കാണ്മാനില്ല
നല്ലവരല്ലാതെയില്ല പാരിൽ.
ഭൂലോകമൊക്കെയുമൊന്നുപോലെ
ആലയമൊക്കയുമൊന്നുപോലെ.
നല്ല കനകം കൊണ്ടെല്ലാവരും
നല്ലാഭരണങ്ങളണിഞ്ഞുകൊണ്ട്
നാരിമാർ, ബാലന്മാർ, മറ്റുള്ളോരും
നീതിയോടെങ്ങും വസിച്ച കാലം.
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിനു തുല്യമായി.
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.
നല്ല മഴപെയ്യും വേണ്ടുംനേരം
നല്ലപോലെല്ലാ വിളവും ചേരും.







വര: ബാബുരാജൻ



വര: ടി ആർ രാജേഷ്

# മഴ, മഴ!

**സച്ചിദാനന്ദൻ**

മഴ, മഴ, ലൈലയ്ക്കതു കണ്ടാൽ
കൊതിയും പേടിയുമൊന്നിച്ചേ.

വെയിൽ പോയ്, കുളിരായ്, നന്നായീ;
പ്രളയം വരുമോ ചങ്ങാതീ?

തൊടിയിൽ വെള്ളം മുരളുമ്പോൾ
മുറിയിൽ വെള്ളം കുറുകുമ്പോൾ

വഴിയിൽ തോണികൾ പായുമ്പോൾ
വയലൊരു കടലായലറുമ്പോൾ,

വിറ കൊള്ളുന്നവൾ  പോയാണ്ടിൻ
ഇടവപ്പാതിച്ചതിയോർക്കെ!

എങ്കിലുമാ മഴനാരുകളിൽ
ജിന്നുകൾ മണ്ണിലിറങ്ങുമ്പോൾ,

പുഴയിൽ, മലയിൽ, താഴ്‌വരയിൽ
മഴ തൻ കോൽക്കളി കാണുമ്പോൾ,

ഇടി തൻ ദഫ്ഫു മുഴങ്ങുമ്പോൾ
ഉലകം മിന്നലിലുരുകുമ്പോൾ

അറബിക്കഥയിലെ മഴവില്ലിൽ
പറുദീസയ്ക്കു പറക്കുമ്പോൾ

നിനവിൻ ചെരിവിൽ നിന്നെങ്ങോ
പെരുനാൾ ചന്ദ്രനുദിക്കുന്നൂ.

ഇപ്പോഴീ മഴ ലൈലയ്ക്കായ്
ഒപ്പന പാടിച്ചുറ്റുന്നൂ

കണ്ണുകൾ വന്നവൾ പൊത്തുന്നൂ
ലജ്ജയിലാക്കവിൾ ചോക്കുന്നൂ

സ്വപ്നത്തിൽ ചെറുമണവാട്ടി
പട്ടും സ്വർണ്ണവുമണിയുന്നൂ.

കണ്ണു തുറക്കില്ലവൾ; അപ്പോൾ
ചോരും കൂരച്ചെറുമുറിയിൽ

ഈറൻ പായിൽ താനണിയും
കീറയുടുപ്പുകൾ കണ്ടാലോ?



കഥ




# കണാരൻകുട്ടി

**യു കെ കുമാരൻ**

കണാരൻകുട്ടി ക്ലാസിൽ വരുന്നതും കാത്തിരിക്കുകയാണ് ഞങ്ങളെല്ലാവരും. അവൻ വന്നുകഴിഞ്ഞാൽ ക്ലാസിന്റെ അന്തരീക്ഷം അപ്പാടെ മാറും. പ്രഭാകരൻ മാഷാണ് ഞങ്ങളുടെ ക്ലാസ് മാഷ്. എല്ലാവർക്കും വലിയ പേടിയാണ്. നഖങ്ങൾ വളർന്ന വിരലുകൾകൊണ്ട് തുടയുടെ അടിഭാഗത്ത് ഒരു ഞെരിക്കലുണ്ട്. പെൺകുട്ടികളുടെ ചെവിക്കാണ് പിടിക്കുക. മാഷെ ഞങ്ങൾക്കെല്ലാവർക്കും പേടിയാണെങ്കിലും കണാരൻകുട്ടിക്ക് ഒരു തരിമ്പും പേടിയില്ല. മാഷാണ് അവനെ പേടിക്കുന്നതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. കൂർത്തനഖങ്ങൾ കൊണ്ട് ഞങ്ങളുടെ തുടകളെ വേദനിപ്പിച്ചുകൊണ്ട് പോവുന്ന മാഷ് കണാകരൻകുട്ടിയുടെ അടുത്തെത്തിയാൽ പെട്ടെന്ന് ശാന്തനാവും. എന്നിട്ട് പതുക്കെ ചോദിക്കും. ''എന്താ കണാരാ.'' കണാരൻകുട്ടി പഠിക്കാൻ വളരെ മോശമാണ്. ഒന്നും അവന്റെ ഓർമയിൽ നിൽക്കുന്നില്ല എന്നാണ് പറയാറുള്ളത്. ഒരേ ക്ലാസിൽ തന്നെ ഒന്നും രണ്ടും തവണ തോറ്റുതോറ്റാണ് ഇപ്പോഴത്തെ ക്ലാസിൽ എത്തിയത്. അഞ്ചാംക്ലാസിൽ ഞങ്ങളോടൊപ്പമാണെങ്കിലും പത്താം ക്ലാസിൽ പഠിക്കുകയാണെന്നേ പറയൂ അവനെക്കണ്ടാൽ. അല്പം വികൃതിയൊക്കെ കൈയിലുണ്ടെന്ന് തോന്നുമെങ്കിലും വളരെ പാവമാണ്. അവന്റെ സംസാരമാണ് അവനെ ഞങ്ങൾക്ക് പ്രിയങ്കരനാക്കിയത്. അതിനു പുറമെ അവന്റെ കൈയിലുണ്ടെന്ന്, ഒരുപക്ഷേ അവനു മാത്രം കാണാൻ കഴിയുന്ന, അവനു മാത്രം സംസാരിക്കാൻ കഴിയുന്ന എന്തൊക്കെയോ ചിലതുമാണ്. പ്രഭാകരൻ മാഷ് അവനെ പേടിക്കാൻ കാരണവും അതുതന്നെ. ഇക്കുട്ടി, പൂവ്വാത്തി, കൊച്ചാടി എന്നിവയൊക്കെ അവന്റെ കൈയിലുള്ളവയാണ്. ഇവ എന്താണെന്നു ചോദിച്ചാൽ അവന് എപ്പോഴും ഒരു മറുപടിയേയുള്ളൂ. ''അതൊക്കെയുണ്ട്''. ഇവ അവനോടൊപ്പമുള്ളതുകൊണ്ടാണ്

മാഷ്ക്ക് അവനെ പേടിയെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഞങ്ങൾക്കവനെ ഒട്ടും പേടിയില്ല. പകരം നല്ല അടുപ്പമാണ്. അവനാണല്ലോ ഓരോ ദിവസവും പുതിയ കഥകൾ ഞങ്ങൾക്കെത്തിക്കുന്നത്. അവന്റെ കൂടെയുള്ളവയോട് ഒന്നു സംസാരിക്കണമെന്നും അവയെ ഒന്നു കാണണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടിട്ടും അവൻ ഒരിക്കലും അതിന് അവസരം തന്നിട്ടില്ല. പകരം അവൻ പറഞ്ഞു. ''നിങ്ങൾക്കെന്ത് ആവശ്യോണ്ടെങ്കിലും എന്നോട് പറ, ഞാൻ നിവൃത്തിച്ചുതരാം.''

പെൻസിൽ, മിഠായി, റബ്ബർ എന്നിവയാണ് ഞങ്ങൾ അവനോട് ആവശ്യപ്പെടാറുള്ളത്. പറഞ്ഞാലുടൻ തന്നെ അവൻ എത്തിക്കാറില്ല. ചിലപ്പോൾ തൊട്ടടുത്ത ദിവസം, അല്ലെങ്കിൽ അതിനടുത്ത ദിവസം.

''ഇന്ന് മോന്തിക്ക് ഞാൻ ഇക്കുട്ടിയോടു പറയും. കാലത്ത് അതെനിക്ക് എത്തിച്ചുതരും.''

ഇക്കുട്ടിയോടാണ് അവൻ ഇത്തരം കാര്യങ്ങൾ പറയാറുള്ളതെന്ന് തോന്നുന്നു. രാത്രിയാണ് അത് അവന്റെ അടുത്തു വരിക. വിളിച്ചാൽ ഉടൻ വരണമെന്നില്ല. ദൂരെത്തെങ്ങാനുമാണെങ്കിൽ സമയമെടുക്കുമല്ലോ. ഇക്കുട്ടിക്കാണ് ഇതിൽ ശാന്തപ്രകൃതമുള്ളത്. എന്തു പറഞ്ഞാലും വളരെ ശാന്തതയോടെ അനുസരിക്കുമത്രെ. എന്നാൽ പൂവ്വാത്തി, കൊച്ചാടി എന്നിവർക്കു വികൃതിസ്വഭാവമാണ്. ഇഷ്ടപ്പെടാത്തതുണ്ടെങ്കിൽ അവർക്ക് ദേഷ്യം വരുമത്രെ. ചിലപ്പോൾ പിണങ്ങിപ്പോവുകയും ചെയ്യും. പിന്നെ ഇണക്കിക്കൊണ്ടുവരാൻ വലിയ ബുദ്ധിമുട്ടാണ്. ആരെയെങ്കിലും ഉപദ്രവിക്കണമെന്നുണ്ടെങ്കിൽ ഇവയോടു പറഞ്ഞാൽ മതി. പെട്ടെന്നു തന്നെ അവ ആവശ്യപ്പെട്ടത് ചെയ്യും. കണാരൻ കുട്ടി പ്രഭാകരൻ മാഷോട് ചെയ്തത് അങ്ങനെയായിരുന്നു. ക്ലാസ്മാഷായി പ്രഭാകരൻ മാഷ് വന്നതിന്റെ ആദ്യത്തെ ആഴ്ച കണാരൻകുട്ടിയെ മാഷ് ബെഞ്ചിൽ കയറ്റി നിറുത്തി. തുടയിൽ നന്നായി നുള്ളുകയും ചെയ്തു. കണാരൻ കുട്ടി ആരാണെന്ന് മാഷ്ക്ക് അറിയില്ലായിരുന്നു. ഒന്നും പഠിക്കാൻ കൂട്ടാക്കാത്ത മണ്ടൻ എന്ന നിലയിലാണ് മാഷ് അവനെ കണ്ടത്. മാഷ് ഒരു പദ്യം ക്ലാസിൽ പലവട്ടമെടുത്തു. അർഥം പറഞ്ഞുകൊടുത്തു. ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കെ കണാരൻ കുട്ടിക്ക് മാത്രം ഒരുത്തരവും പറയാൻ കഴിഞ്ഞില്ല. മാഷ് നോട്ടുബുക്കിൽ അതെഴുതിച്ചു.

പിറ്റേദിവസം വരുമ്പോൾ അത് പഠിച്ചുവരാൻ പറഞ്ഞു. എന്നാൽ അടുത്ത ദിവസം കണാരൻകുട്ടി ക്ലാസിൽ വന്നപ്പോൾ മാഷ് ആദ്യംതന്നെ അവനോട് ചോദിച്ചത് പദ്യത്തിന്റെ അർഥമായിരുന്നു. അവൻ പഠിച്ചിട്ടുണ്ടായിരുന്നില്ല. കഴിഞ്ഞദിവസം എഴുതിയ നോട്ടുബുക്ക് എടുക്കാൻ മാഷ് ആവശ്യപ്പെട്ടു. അവന്റെ കൈയിൽ അതില്ലായിരുന്നു. നോട്ടുബുക്കിന്റെ കാര്യം അവൻ മറന്നിരുന്നു. കണാരൻകുട്ടി മണ്ടനായതുകൊണ്ട് ഞങ്ങൾക്കതിൽ അത്ഭുതം തോന്നിയില്ല. മാഷ് ചോദിച്ചിട്ടും മിണ്ടാതിരുന്നപ്പോൾ മാഷ് അവന്റെ തുടയിൽ നഖങ്ങൾകൊണ്ടമർത്തി. അപ്പോഴും അവൻ ഒന്നുമറിയാത്ത ഭാവത്തിൽ നിന്നു. അതുകണ്ട് ദേഷ്യം വന്ന മാഷ് അവന്റെ ചെവികൾ വിരലുകൾക്കിടയിൽ വെച്ചമർത്തി.

അപ്പോൾ സഹികെട്ട അവൻ ഒരു വികൃതസ്വരത്തിൽ ''പൂവ്വാത്തി, കൊച്ചാടി'' എന്നു പറഞ്ഞു. അതുകേട്ടപ്പോൾ തന്നെ പരിഹസിക്കുകയാണെന്ന് കരുതി ദേഷ്യം സഹിക്കവയ്യാതെ മാഷ് പറഞ്ഞു. ''എന്നാൽ കയറി നിൽക്കെടാ ബഞ്ചിൽ''

ബഞ്ചിൽ കയറി നിൽക്കുമ്പോൾ കണാരൻകുട്ടി ഞങ്ങൾക്ക് കേൾക്കാൻ പറ്റുന്ന ശബ്ദത്തിൽ പറഞ്ഞു. ''ഞാൻ പറഞ്ഞിട്ടുണ്ട്. ഇയാൾക്ക് കണക്കിനു കിട്ടും.'' ഞങ്ങൾക്കുറപ്പായിരുന്നു കൊച്ചാടിയും പൂവ്വാത്തിയും കണാരൻകുട്ടി പറഞ്ഞത് കേൾക്കുമെന്ന്. മാഷ്ക്കെന്തെങ്കിലും സംഭവിക്കുമെന്ന് ഞങ്ങൾ ഉറപ്പിച്ചു.

**കണാരൻകുട്ടി മണ്ടനായതുകൊണ്ട് ഞങ്ങൾക്കതിൽ അത്ഭുതം തോന്നിയില്ല. മാഷ് ചോദിച്ചിട്ടും മിണ്ടാതിരുന്നപ്പോൾ മാഷ് അവന്റെ തുടയിൽ നഖങ്ങൾകൊണ്ടമർത്തി. അപ്പോഴും അവൻ ഒന്നുമറിയാത്ത ഭാവത്തിൽ നിന്നു. അതുകണ്ട് ദേഷ്യം വന്ന മാഷ് അവന്റെ ചെവികൾ വിരലുകൾക്കിടയിൽ വെച്ചമർത്തി.**

പിറ്റേദിവസം മാഷ് സ്കൂളിൽ വന്നില്ല. അന്വേഷിച്ചപ്പോൾ അറിഞ്ഞത് കാലൊടിഞ്ഞ് മാഷ് കിടപ്പിലായെന്നാണ്. സ്കൂൾ വിട്ട് വൈകിട്ട് വീട്ടിലേക്കു പോവുമ്പോൾ വഴിയിലുണ്ടായിരുന്ന ഒരു കുഴിയിൽ കാലുതെറ്റി വീണതാണ്. കാലത്ത് സ്കൂളിലേക്ക് പോവുമ്പോൾ കുഴി അവിടെയുണ്ടായിരുന്നില്ല. പിന്നീട് ആരോ കുഴിച്ചതാകാം. രാത്രിയിൽ അത് കണ്ടതുമില്ല.

മാഷ് കിടപ്പിലായ വിവരം അറിഞ്ഞിട്ടും കണാരൻകുട്ടിക്ക് വലിയ സന്തോഷമൊന്നും തോന്നിയില്ല. അവൻ ഇത്രമാത്രം പറഞ്ഞു. ''ഞാൻ പറഞ്ഞത് ഓര് കേട്ടു.''

അവന് ചുറ്റും അപ്പോഴും പൂവ്വാത്തിയും ഇക്കുട്ടിയും കൊച്ചാടിയും ചുറ്റിക്കറങ്ങുന്നുണ്ടെന്നു ഞങ്ങൾക്കു തോന്നി. അതുകൊണ്ടുതന്നെ അവനെ

കുറ്റപ്പെടുത്തി എന്തെങ്കിലും പറയാനും ഞങ്ങൾ മടിച്ചു. അസുഖം മാറി പ്രഭാകരൻ മാഷ് ക്ലാസിൽ വന്നപ്പോൾ ഞങ്ങൾ പറഞ്ഞു.

''കണാരൻകുട്ടിയുടെ കൂടെ എപ്പോഴും അവരുണ്ടാവും.''

''ആര്?'' മാഷ് ചോദിച്ചു

''ഇക്കുട്ടിയും കൊച്ചാടിയും പൂവ്വാത്തിയും. ഓൻ പറേന്നതൊക്കെ ഓര് കേൾക്കും. നമ്മക്ക് അവരെ കാണാനും പറ്റില്ല.'' ഞങ്ങൾ പറഞ്ഞത് മാഷ് വിശ്വസിക്കുന്നില്ലെന്ന് തോന്നി. ഒന്നു മൂളുക മാത്രം ചെയ്തു. എന്നാൽ അന്നുതൊട്ട് മാഷ് കണാരൻകുട്ടിയോടു ദേഷ്യപ്പെടാറില്ല. തെല്ലു പേടിയോടെ മാത്രമേ ഇടപെടാറുള്ളൂ.

അതിനുശേഷം കുറച്ചുദിവസം കണാരൻകുട്ടി ക്ലാസിൽ വന്നിരുന്നില്ല. അന്വേഷിച്ചപ്പോൾ സുഖമില്ലെന്നാണ് കേട്ടത്.

പിന്നീടവനെ വീട്ടുകാർ വളരെ നിർബന്ധിച്ചാണ് ക്ലാസിൽ കൊണ്ടുവന്നത്. അപ്പോൾ കണാരൻകുട്ടി ആകെ മാറിക്കഴിഞ്ഞിരുന്നു. പഴയ പ്രസരിപ്പില്ല. സംസാരമില്ല. കുത്തിച്ചോദിച്ചപ്പോൾ അവൻ പറഞ്ഞു.

''ഓര് പോയി. ഇപ്പോ പഴയതുപോലെ വരുന്നില്ല.'' ഇക്കുട്ടി, പൂവ്വാത്തി, കൊച്ചാടി എന്നിവയെക്കുറിച്ചാണ് അവൻ പറയുന്നത്. അവർ പോയോന്നോ, വന്നോന്നോ ഞങ്ങൾക്കറിയില്ല. കണാരൻകുട്ടി പഴയ കണാരൻ കുട്ടിയല്ലാ എന്നുമാത്രമേ ഞങ്ങൾക്കറിയാവൂ. അവയെക്കുറിച്ചൊന്നും കണാരൻകുട്ടി സംസാരിക്കാതെയായി. പിന്നീട് ഒരുനാൾ വീണ്ടും അവൻ ക്ലാസിൽ വന്നില്ല. അടുത്ത ദിവസങ്ങളിലും അവനെ കാണാതായപ്പോൾ അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് കണാരൻകുട്ടി ആശുപത്രിയിലാണെന്ന്.



അതിനുശേഷം കുറച്ചുദിവസം കണാരൻകുട്ടി ക്ലാസിൽ വന്നിരുന്നില്ല. അന്വേഷിച്ചപ്പോൾ സുഖമില്ലെന്നാണ് കേട്ടത്. പിന്നീടവനെ വീട്ടുകാർ വളരെ നിർബന്ധിച്ചാണ് ക്ലാസിൽ കൊണ്ടുവന്നത്. അപ്പോൾ കണാരൻകുട്ടി ആകെ മാറിക്കഴിഞ്ഞിരുന്നു. പഴയ പ്രസരിപ്പില്ല. സംസാരമില്ല.

മാഷ് ക്ലാസിൽ വന്നപ്പോൾ അവനെക്കുറിച്ചുള്ള മറ്റു കാര്യങ്ങളും വിശദമായി പറഞ്ഞുതന്നു. കണാരൻകുട്ടി മനസ്സിന് വരുന്ന രോഗത്തിന് ചികിത്സിക്കുന്ന ആശുപത്രിയിലാണ്. രോഗം മാറിവരാൻ കുറെ സമയമെടുക്കും. അവന്റെ കൂടെയുണ്ടെന്നു പറയുന്ന അദൃശ്യജീവികൾ അവന്റെ വെറും സാങ്കല്പിക സൃഷ്ടികളാണ്. അങ്ങനെയൊന്ന് എവിടെയുമില്ല. അവർ കൊടുത്തെന്ന് പറയുന്ന മിഠായികളും റബ്ബറും പെൻസിലുമൊക്കെ അച്ഛന്റെ അടുത്തുനിന്നും മോഷ്ടിച്ചെടുത്ത പണം കൊണ്ടു വാങ്ങിയതാണ്. ഇക്കുട്ടിയോ കൊച്ചാടിയോ പൂവ്വാത്തിയോ ഇടപെട്ടതുകൊണ്ടല്ല മാഷ് കുഴിയിൽ വീണത്. അത് തികച്ചും യാദൃച്ഛികമായിരുന്നു.

കണാരൻകുട്ടി ഇല്ലാത്ത ക്ലാസ് ഞങ്ങൾക്ക് വിരസതയുള്ളതായിരുന്നു. അവൻ വരുന്നതും കാത്ത് ഞങ്ങൾ ഇരിക്കുകയാണ്.

# പശ്ചിമഘട്ടം

**സുഗതകുമാരി**

ശൈലേന്ദ്രപാദങ്ങളിൽ തീപിടിക്കുന്നു!
ദിവ്യവക്ഷസ്സിൽ കറുത്തപുക പടരുന്നു!
കരിമരുന്നിട്ടു പൊട്ടിത്തകർക്കും നൂറു
മലകളലറിക്കേണുടഞ്ഞു വീണടിയുന്നു!
ഉറവകൾ നടുങ്ങിവറ്റുന്നു, നൂറായിരം
നിലവിളിയുയർന്നുതാഴുന്നു!
വിരിമാറിൽ മുറിവുനിറയുന്നു, സഗൗരവം
തലപൊക്കിനോക്കുന്നു സഹ്യൻ!
മലയിടിക്കുന്ന, തീയെറിയുന്ന കൈകളേ,
വളരെ വൈകിപ്പോയി കാലം!
അറിയുവിൻ, മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ;
ചൂടുപൊറാഞ്ഞു പൊരിയുമല്ലോ, യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ;
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തു പായുന്നതെങ്ങോട്ടു നമ്മൾ?..

ഹേ തുംഗസഹ്യമഹാശൈലമേ,വിയദ്-
ഗംഗയെ വിളിച്ചിറക്കുന്ന നിൻ തൃക്കാൽക്ക-
ലെന്റെയറിയാക്കിടാങ്ങളെയോർത്തുകൊ-
ണ്ടെന്റെ നാടിൻ പള്ളിവാളുപോൽ മിന്നുന്ന
നിന്റെ തൃക്കാൽക്കൽ, ഒരു കുന്നുപൂവുപോൽ
സങ്കടം വാരിയർച്ചിപ്പേൻ...

(2013 ൽ രചിച്ച *പശ്ചിമഘട്ടം*
എന്ന കവിതയിലെ ഏതാനും
വരികൾ)



വര: ബോബി എം പ്രഭ

# കടലോളങ്ങളുടെ മിടിപ്പുകൾ

യു എ ഖാദർ

അത്യാർത്തി മാനവകുലത്തിന് അഹിതമായതേ വരുത്തുകയുള്ളൂ എന്ന് ഉദാഹരിക്കുന്ന പഴയ ഒരു കഥയുണ്ട്. കടൽക്കരയിൽ അൽപ്പം പടിഞ്ഞാറോട്ടേക്ക് തള്ളിനിൽക്കുന്ന ഒരു പ്രാർഥനാലയം. കടപ്പുറത്തെ പള്ളി എന്നാണതിന്റെ നാട്ടുപേര്. പള്ളിയോടു ചേർന്ന് ചെമ്പോട് മേഞ്ഞ വൃത്താകാരത്തിലുള്ള മഖാമും അതിനകത്ത് ഒരു മഗ്ബറയും ഉണ്ട്. മഗ്ബറയിൽ അന്ത്യനിദ്ര കൊള്ളുന്നത് പണ്ടുകാലത്ത് ദിവ്യശക്തികളാൽ അത്ഭുതകരമായി മാറാരോഗങ്ങൾ മാറ്റി ജനങ്ങളെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്ത ഒരു പുണ്യാത്മാവായിരുന്നു. പടക്കളത്തിൽ ഏറ്റ മുറിവ് പല വൈദ്യന്മാരെ കൊണ്ടും ചികിത്സിച്ചിട്ടും മാറാതിരുന്ന് പുണ്ണായി. ഇനിയെന്ത് ചെയ്യും എന്ന ആധിയാൽ പടക്കളത്തിൽ നിന്ന് പിൻവാങ്ങി തന്റെ താവളത്തിൽ എത്തിയ മൈസൂർ സിംഹം എന്നുപേരുള്ള ടിപ്പു സുൽത്താൻ തന്റെ ഭരണ സീമയിൽ കടൽക്കരയിൽ അത്ഭുതങ്ങളുടെ ഉറവിടമായ ഒരു സിദ്ധൻ ജീവിച്ചിരിപ്പുണ്ട് എന്നറിഞ്ഞു. പല മാറാരോഗങ്ങളെയും ചൊട്ടുചികിത്സകൾ കൊണ്ട് സുഖപ്പെടുത്തിയിട്ടുണ്ടെന്നും സുൽത്താൻ അവർകൾ അറിഞ്ഞു. എങ്കിൽ കടൽക്കരയിലെ ഓലക്കുടിലിൽ പാർക്കുന്ന ഈ അത്ഭുത വൈദ്യനെ ഒന്നുകണ്ടാലോ എന്നായി സുൽത്താന്റെ ഉപദേഷ്ടാക്കൾ. എങ്ങനെയെങ്കിലും കാലിൽ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ മാറാവ്രണം കരിഞ്ഞ് തനിക്ക് പൂർവസ്ഥിതിയിൽ പടക്കളത്തിലേക്കു തിരിച്ചുപോകണം എന്ന ചിന്ത സുൽത്താനുണ്ടായിരുന്നു. സുൽത്താൻ പരിവാരസമേതം ഈ അത്ഭുതവൈദ്യനെ ചെന്നു കണ്ടു. പടക്കളത്തിൽ ധീരസിംഹമായി വാഴുന്ന ടിപ്പുസുൽത്താൻ അവർകൾ തന്റെ ഈ ഓലക്കുടിൽ സന്ദർശിച്ചതെന്തേ എന്ന ആശങ്കയിലായിരുന്നു ആ സിദ്ധൻ. എങ്കിലും ഒറ്റ നോട്ടത്തിൽ തന്നെ സുൽത്താന്റെ കാലിനെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ വ്രണം ശ്രദ്ധിച്ചു കണ്ടു. സുൽത്താൻ അവർകളുടെ മുഖത്തേക്കു നോക്കി ഭവ്യതയോടെ അറിയിച്ചു. ‘‘ഹുസൂർ ഇതിനിത്ര പരിഭ്രമിക്കാനൊന്നുമില്ല സുൽത്താൻ. എളിയവന്റെ കൈയിൽ പറയത്തക്ക ഔഷധങ്ങളും ഇല്ല. അങ്ങയുടെ അസുഖത്തിന് ഞാൻ ഒരു പ്രതിവിധി കാണുന്നു.’’

സിദ്ധൻ സുൽത്താന്റെ മുഖ



വര: സജ്ജീവി

ത്തേക്കു നോക്കി. സുൽത്താൻ പറഞ്ഞു. ''എല്ലാ ചികിത്സകളും ഈ വ്രണം ഒന്നു കരിച്ചുകിട്ടാൻ ഞാൻ പ്രയോഗിച്ചിട്ടുണ്ട്. ഇതിന് മരുന്നൊന്നും ഇല്ലായെന്നാണ് ഒടുവിൽ വൈദ്യന്മാരെല്ലാം കൈ മലർത്തിയത്.''

സുൽത്താനവർകൾ തന്റെ കൈയിലെ ചുരുട്ട് അണയ്ക്കാതെ പുകച്ചൂതിക്കൊണ്ടേയിരുന്നു. ഇതുകണ്ട സിദ്ധൻ ആ എരിയുന്ന ചുരുട്ട് സുൽത്താന്റെ കൈയിൽ നിന്നും ആദരവോടെ വാങ്ങി. സുൽത്താനോടു പറഞ്ഞു. ''വ്രണബാധിതമായ ആ കാല് എന്റെ മുമ്പിലെ പലകയിൽ വെച്ചാലും ഹുസൂർ.'' സുൽത്താൻ അപ്രകാരം ചെയ്തു. അപ്പോഴും എരിഞ്ഞുകൊണ്ടിരുന്ന ആ ചുരുട്ടിലെ ചാരം മുഴുക്കെയും സുൽത്താന്റെ കാലിലെ വ്രണത്തിൽ തട്ടിയിട്ടു. വീണ്ടും വീണ്ടും അപ്രകാരം ചെയ്തു. പിന്നീട് ഒരു വെറ്റിലയെടുത്ത് ഞെട്ട് കളഞ്ഞ് തന്റെ തലയിലെ ജടാബാധിത രോമത്തിൽ തടവി ആ വ്രണത്തിൽ വച്ചു. വൃത്തിയുള്ള ഒരു ശീലയാൽ ഭദ്രമായി ചുറ്റികെട്ടി. ഏഴാംപക്കം അരമനയിലെത്തിയ സിദ്ധൻ ആ കെട്ടഴിച്ചു. സുൽത്താന്റെ കാലിൽ ചുറ്റികെട്ടിയ തുണി മാറ്റിയപ്പോൾ അത്ഭുതം അങ്ങനെയൊരു വ്രണം കാലിൽ ഉണ്ടായിരുന്നില്ല. അതിന്റെ പാടു പോലും ഉണ്ടായിരുന്നില്ലായെന്നതാണ് കഥ.

സംപ്രീതനായ സുൽത്താൻ സിദ്ധന് പ്രത്യുപകാരമായി കടൽക്കരയിൽ ആ പള്ളി നിൽക്കുന്ന സ്ഥലവും സിദ്ധൻ താമസിച്ച ആ ചെറ്റപ്പുരയുടെ ചുറ്റളവിലുള്ള സ്ഥലവും ഭാവിയിൽ വരാനിരിക്കുന്ന ജീവിത ചെലവുകൾക്ക് ഉപശാന്തിയെന്ന നിലയ്ക്ക് കുറെ മലവാരങ്ങളും കരമൊഴിവാക്കി സിദ്ധന് സമ്മാനിച്ചത്രെ.

സിദ്ധൻ ഇഹലോകവാസം വെടിഞ്ഞപ്പോൾ ആ പള്ളി തൊട്ടടുത്ത് സിദ്ധന്റെ ഓർമ നിലനിർത്താനും ആ ജന്മത്തിന്റെ പൊരുൾ ജനങ്ങൾക്ക് ഉൾക്കൊള്ളാനും സുൽത്താൻ സ്വന്തം ചെലവിൽ ചെമ്പോട് പാകിയ മിനാരവും അതിൽ അദ്ദേഹത്തിനായി ഒരു മഗ്ബറയും പണിതുകൊടുത്തത്രേ. അവിടെ വിശ്രമിക്കുന്ന സിദ്ധന് ഭൗതികമായ കാര്യങ്ങൾ നിർവഹിച്ച് കൊടുക്കാനും വേണ്ട എല്ലാ കർമങ്ങളും നിറവേറ്റാനുമായിട്ടാണ് സെയ്യിദ് വംശജനായ ഒരു തങ്ങളവർകളേയും കുടുംബത്തേയും ആ പള്ളിയും മഖാമും പരിപാലിക്കാനായി വാഴിച്ചത്. സിദ്ധന്റെ അത്ഭുതങ്ങളത്രയും ആ ശിഷ്യനായ തങ്ങളവർകൾക്കും ഉണ്ടായിരുന്നു. കാലം അങ്ങനെ കടന്നുപോയി. കടൽക്കരയിലെ കുടിലുകളിൽ ഇടതിങ്ങി പാർക്കുന്ന മുക്കുവന്മാർക്കും കടലിൽ മത്സ്യം പിടിക്കുന്ന മറ്റുള്ളവർക്കും ഏക ആശ്രയം ഈ മഗ്ബറയുടെ പരിപാലകനായ തങ്ങൾ താവഴിയിലെ ദിവ്യനുമായിരുന്നു. അതിനാൽ ആ പരിസരങ്ങളിലുള്ള എല്ലാ ആളുകളും എന്ത് വിശേഷങ്ങളുണ്ടായാലും കടപ്പുറത്തേ മഖാമിന്റെ ശുശ്രൂഷകനായ തങ്ങളവർകളുടെ സമ്മതം വാങ്ങിയേ നിർവഹിക്കാറുള്ളൂ.

## 2

**അങ്ങനെയിരിക്കെ കടലിൽ മീനില്ലാതായ കാലത്ത് ഒരു ദിവസം ആവലാതികളും അപേക്ഷകളുമായി കടൽത്തൊഴിലാളികളുടെ ഒരുകൂട്ടം കടപ്പുറത്തെ പള്ളിയിൽ തങ്ങളുടെ മുന്നിൽ ഹാജരായി അവർ സങ്കടം പറഞ്ഞു. കടലിൽ മീനില്ല, ചൂണ്ടയിട്ടാലും വല വീശിയാലും മീനൊന്നും കിട്ടുന്നില്ല.**

കാലം എല്ലാ കാലാവസ്ഥകളെയും അഭിമുഖീകരിച്ചുകൊണ്ട് പതുക്കെ അതിന്റെ ദിശാസൂചികയിൽ ചലിച്ചുകൊണ്ടേയിരുന്നു. കടലിൽ പോകുന്ന മുക്കുവന്മാരും മുസ്ലീങ്ങളുടെ ഇടയിലെ കടൽത്തൊഴിലാളികളും തോണി കടലിലിറക്കുമ്പോൾ സമ്മതം ചോദിച്ച് എത്തും. കടപ്പുറത്തേ ശേഖിന്റെ പള്ളിയുടെ പൂമുഖത്ത് സദാസമയവും ജപമാല ഉരുക്കഴിച്ച് ധ്യാനനിരതനായി ജീവിക്കുന്ന തങ്ങളവർകളെ ചെന്നു കണ്ട് സമ്മതം ചോദിക്കുന്ന ഒരു പതിവുണ്ട്. അങ്ങനെ കടലിൽ പോകുന്നവർക്ക് ധാരാളം മത്സ്യങ്ങൾ കിട്ടിയ ദിവസങ്ങളുണ്ട്. അതൊരു ആചാരമായി വളർന്നു.

അങ്ങനെയിരിക്കെ കടലിൽ മീനില്ലാതായ കാലത്ത് ഒരു ദിവസം ആവലാതികളും അപേക്ഷകളുമായി കടൽത്തൊഴിലാളികളുടെ ഒരുകൂട്ടം കടപ്പുറത്തെ പള്ളിയിൽ തങ്ങളുടെ മുന്നിൽ ഹാജരായി അവർ സങ്കടം പറഞ്ഞു. കടലിൽ മീനില്ല, ചൂണ്ടയിട്ടാലും വല വീശിയാലും മീനൊന്നും കിട്ടുന്നില്ല. ഞങ്ങളെല്ലാം നിത്യദുരിതത്തിലാണ്. വീട്ടിൽ അടുപ്പു പുകഞ്ഞിട്ട് ദിവസങ്ങളായി എന്നും മറ്റുമുള്ള മുറവിളികൾ.

രാത്രി നേരത്തെ ധ്യാനത്തിനുശേഷം തങ്ങളവർകൾ പറഞ്ഞത്രെ. ''ഇന്നുരാത്രി നിങ്ങളെല്ലാവരും തോണിയിൽ കടലിൽ പോയ്ക്കൊള്ളു. മീൻ കിട്ടുന്ന ലക്ഷണമുണ്ട്. ആദ്യം മത്സ്യക്കൂട്ടത്തെ കണ്ടാൽ വല വീശരുത്. വലിയ മീനുകൾ വരുന്നതു കണ്ടാൽ കൈയിലെ ചാട്ടുളി എറിയരുത്. ചൂണ്ടയിടരുത്. രണ്ടാമതും ഇതുപോലെ മത്സ്യക്കൂട്ടങ്ങളെ കാണും. അപ്പോഴും ക്ഷമിക്കുക. വല വീശരുത്. ചാട്ടുളി എറിയരുത്.


ചൂണ്ടയിടരുത്. മൂന്നാമതും ഇതു പോലെ മത്സ്യക്കൂട്ടങ്ങളെ കാണും. അപ്പോൾ നിങ്ങൾക്ക് യഥേഷ്ടം വലവീശാം. ചാട്ടുളി എറിയാം. ചൂണ്ടയിടാം. നല്ല മത്സ്യക്കൊയ്ത്തു മായി നിങ്ങൾക്ക് കരയിലേക്ക് തിരിച്ചുവരാം.''

തങ്ങളവർകൾ എല്ലാവരെയും അനുഗ്രഹിച്ചാണ് കടലിൽ പോകാൻ അനുവദിച്ചത്. മത്സ്യ ത്തൊഴിലാളികൾ ചൂണ്ടയും വലയും ചാട്ടുളിയുമായി മത്സ്യ ബന്ധനത്തിനിറങ്ങി. കടൽ ശാന്ത മായിരുന്നു. ഒന്നാംതവണ മത്സ്യ കൂട്ടങ്ങൾ ഒന്നായി നീന്തിവരു ന്നതു കണ്ടപ്പോൾ അത്യാർത്തി മൂത്ത തൊഴിലാളികൾ വല വീശു കയും ചാട്ടുളി എറിയുകയും ചൂണ്ടയിടുകയും ചെയ്തു. അവർ ക്ഷമിച്ചുനിന്നില്ല. രണ്ടാ മതും ഇങ്ങനെ മത്സ്യക്കൂട്ടത്തെ കണ്ടപ്പോൾ അപ്പോഴും അവർക്ക് സഹിച്ചില്ല. തങ്ങളവർകളുടെ ഉപദേശം മറന്നു. അവർ വല വീശി. ചാട്ടുളിയെറിഞ്ഞു. ചൂണ്ട യിടുകയും ചെയ്തു. ആ ശ്രമ ങ്ങളെല്ലാം നിഷ്ഫലമായി. വലയിൽ ഒരു മീനും തങ്ങിയില്ല. എറിഞ്ഞ ചാട്ടുളിയെല്ലാം ലക്ഷ്യം തെറ്റി. കടൽവെള്ളത്തിലാണ്ടു. ചൂണ്ടയുയർത്തിയപ്പോൾ അതും ശൂന്യം. പിന്നീട് ആകാശത്ത് കൊള്ളിയാൻ മിന്നുന്നതു വരെ കടലിൽ തുഴഞ്ഞ് മത്സ്യ ത്തൊഴിലാളികൾ ശൂന്യമായ മനസ്സോടെയും ഇച്ഛാഭംഗത്തോ ടെയും നിരാശയോടെയുമാണ് പിറ്റേന്ന് പ്രഭാതത്തിൽ തങ്ങള വർകളെ സമീപിച്ചത്. അവർ ഉണ്ടായതൊക്കെ പറഞ്ഞു. ആദ്യത്തെ തവണ മീൻ കൊ ലപ്പ് കണ്ടപ്പോൾ ഞങ്ങൾക്ക് സഹിച്ചില്ല. രണ്ടാംതവണയും മീൻ കൊലപ്പ് കണ്ടപ്പോൾ ഞങ്ങൾക്ക് തീരെ സഹിച്ചില്ല. മീൻപിടുത്തമാണല്ലോ തൊഴിൽ. ആ തൊഴിലിന്റെ ഉന്മാദത്തിൽ ഞങ്ങൾ തങ്ങളവർകളുടെ ഉപദേശം മറന്നു. നിർദേശം അവഗണിച്ചു. മൂന്നാംതവണ മീൻ വരവേ ഉണ്ടായില്ല. ഇന്ന് പ്രഭാതത്തിൽ ഒഴിഞ്ഞ വയ റോടെയും നിരാശ പൂണ്ട മനസ്സോടെയുമാണ് ഞങ്ങൾ തങ്ങളവർകൾടെ മുന്നിൽ നിൽ ക്കുന്നത്.

ഞങ്ങൾ എന്തുചെയ്യും. തങ്ങള വർകൾ ശാന്തനായി ചിരിച്ചു കൊണ്ട് പറഞ്ഞു. ''അതിമോഹം ആപത്താണ് കൂട്ടരെ. സൗഭാഗ്യ ങ്ങൾ കൂട്ടത്തോടെ വരുമ്പോൾ കണ്ണടച്ച് മുൻപിൽ നോക്കാതെ അതിലേക്ക് എടുത്തുചാടി വീഴ രുത്. നോക്കൂ, ഇന്നലെ നിങ്ങൾ ചാട്ടുളി എറിഞ്ഞപ്പോൾ അത് മത്സ്യങ്ങൾക്കല്ല കൊണ്ടത്.''

തങ്ങൾ പുറം തിരിച്ചു നിന്ന പ്പോൾ പൂമുഖത്തിന് താഴെ ആവലാതി പറയാൻ വന്ന മുക്കുവക്കൂട്ടം കണ്ടത് തങ്ങള വർകളുടെ നടുപുറത്ത് മുറി വേറ്റതിന്റെ പാടുകളാണ്. പാടു കളിൽ നിന്ന് രക്തം കിനിയു ന്നുണ്ടായിരുന്നത്രേ. കടലിന്റെ മക്കൾ ക്ഷമാപണസ്വരത്തിൽ തങ്ങളവർകളെ ഉറക്കെ വിളിച്ച് കരഞ്ഞത്രേ. ശാന്തനായ തങ്ങൾ പറഞ്ഞത്രേ, ''ഇന്ന് തോണി യിറക്കിക്കൊള്ളൂ. നിങ്ങൾക്ക് ധാരാളം മീൻ കിട്ടും. അവിവേകം കൊണ്ട് ചെയ്തുപോയ തെറ്റിൽ നിങ്ങൾക്ക് മനസ്താപം ഉണ്ടാ യല്ലോ.'' അന്ന് കടലിൽ ധാരാളം മത്സ്യങ്ങൾ ചാകരയായി ഭവിച്ചു. അതിനാൽ ആ ഭാഗത്തെ കട ലിൽ പോകുന്ന ആളുകൾ എന്നുവേണ്ട പടിഞ്ഞാറൻ കടൽക്കരയിൽ ജീവിക്കുന്ന എല്ലാവരും കടൽക്കരയിലെ ദിവ്യനെ ഓർത്തുകൊണ്ടാ ണത്രേ, കടലിനെ നമിച്ചുകൊ ണ്ടത്രേ, തോണിയിറക്കുന്നതും മത്സ്യബന്ധനത്തിലേർപ്പെടു ന്നതും.

കടൽക്കരയിലെ പള്ളിയും മഖാമും സുൽത്താന്റെ ദണ്ണം മാറ്റിയ ദിവ്യനും കടലോളങ്ങ ളുടെ ഹൃദയമിടിപ്പുകളായി ഇന്നും തുടരുന്നുണ്ട്...





# മറുപടിക്കളി

**സി രാധാകൃഷ്ണൻ**

ഒരു പിടി മണ്ണു തരാനുണ്ടോ?
ഒരു ചെറു വിത്തു നടാനാണേ
മണ്ണില്ലാത്തിടമില്ലല്ലോ
മന്നിലൊരേടവുമറിയില്ലേ
ഒരു മുള പൊട്ടി വിരിഞ്ഞാലോ
നീരൊരു തുള്ളി തരാനുണ്ടോ?
വരിവരിയായി നിരന്നെത്തും
കരിമേഘങ്ങൾ കുളിർപ്പിക്കും
തെരുതെരെയതു വളരുന്നേരം
തെളിഞ്ഞ മാനത്തൊഴിവുണ്ടോ
കമ്പികൾ മാറ്റിത്തന്നീടാം
വമ്പോടുയരെത്തല പൊക്കാൻ
വിരുന്നിരിക്കാനുണ്ടാമോ
വിരുതൊടെ കിളികളുമണ്ണാനും?
കേട്ടില്ലേ കിളി മൊഴിയുന്നൂ
പാട്ടുംപാടി വരാമല്ലോ
കണ്ടില്ലേ കൈത്താളം കൊട്ടി
കൊണ്ടാടുന്നുണ്ടണ്ണാൻമാർ
ആദ്യം വീഴും പഴമാർക്കെന്നിനി
ചോദിക്കരുതേയാരാരും
വിത്തു നടുന്നവനാരോ അവനേ
തീർത്തുമതിന്നവകാശി
അവന്നു മാത്രം തിന്നാനാണേ
അതെന്നു വരുവതു ശരിയാണോ
അങ്ങനെയല്ല നമുക്കു വിശപ്പിനു
മാങ്ങ തരും മാവാർ നട്ടു
ഒരു ചോദ്യവുമിനി വേറെ വേണ്ടാ
ഒരു തരി മണ്ണു തരാനുണ്ടോ?

വര: ടി ആർ രാജേഷ്

# മൽസ്യമായ്

വി എം ഗിരിജ

കുതിച്ചു ചാടുകയല്ലോ വെള്ളം,
വെളുത്ത വള്ളികൾ വീഴും പോലേ,
നിരത്തു ദ്രവമായ് മാറിയ പോലേ
തിളച്ചു കഞ്ഞി മറിഞ്ഞത് പോലെ.

തോടെന്നാളുകൾ പറയുന്നൂ പാൽ-
പ്പതയെന്നേ ഞാനോരുന്നൂ.
ഇലയും കായും പൂവും ചരലു-
മതാ ചുഴിയിൽ പോയ് താഴുന്നൂ.

കലുങ്കിനപ്പുറം ഇപ്പുറമെല്ലാം
കനത്ത വർഷം മായ്ക്കുന്നൂ,
എനിക്ക് കൊതി ഈ വെള്ളത്തിൽ മീൻ
കണക്കു തുള്ളിച്ചാഞ്ചാടാൻ.

ചിറകു മുളച്ചൂ ചെകിളപ്പൂവും
ചെറു കണ്ണുകളായ് എൻ മിഴികൾ
കാലിനു പകരം വാലായെന്നോ
ഞാൻ ഒരു മീനായ് മാറുന്നോ.

വെള്ളത്തിന്നു തണുപ്പല്ലാ, രുചി
യില്ലാ കാറ്റൊഴുകും പോലെ...
എത്ര തെളിഞ്ഞു കിടപ്പൂ താഴെ
യൊരിത്തിരി മണലിൻ മണി ഗേഹം.

നീന്തു പഠിക്കാൻ പോവാത്തോൾ ഞാൻ
നീല ജലത്തിൽ താഴരുതെ
കാലിലുരുമ്മും നീർച്ചെടികൾ, പല
നീർനാഗങ്ങൾ വലയ്ക്കരുതേ.

തെല്ലു വെളിച്ചം, കുഞ്ഞിയിരുട്ടും
നെല്ലിപ്പൂത്തണ്ടുകളൊപ്പം
എന്നെ വിളിപ്പൂ തിരിയാൻ മറയാൻ
മുങ്ങാൻ പൊങ്ങാൻ ചാഞ്ചാടാൻ.

എന്തൊരു സുഖം, എൻ മെയ്യിലൊതുങ്ങാ
തിന്നത് പുഴയായ് കലരുന്നൂ
എന്തൊരു ലാഘവമിതു വാനം പോൽ
അല്ല തണുത്തൊരു വനനിര പോൽ.

മെല്ലെ തുള്ളും ഒരമ്മക്കൈ പോൽ
പൊന്തിടും ഊഞ്ഞാലിന് കയർ പോൽ
മണ്ണും വിണ്ണും വെള്ളവും ഒന്നാ
ണെങ്കിൽ മീനോ ചെടിയോ ഞാൻ?

കാറോ കിളിയോ പട്ടച്ചരടോ
നേരറിയാതേ കുഴയുന്നൂ,
കുതിച്ചു പായുന്നത് കാലത്തിൽ
കുരുക്കിയിട്ട മനസ്സാണോ?!



വര: ഗോപു പട്ടിത്തറ


# ജെ സി ബി

പി വി കൃഷ്ണൻ


വോട്ടവകാശം... എന്താണ് ഒരു മാർഗം...
വോട്ട് വേണം.. നമ്മുടെ ചിഹ്നം ജെ.സി.ബി...
JCB
വോട്ട്
ഫലം തന്നു... തണൽ തന്നു... തന്നവരെയെല്ലാം കൊന്നു.... ഈ പിതാമഹന്മാർക്ക് ബലിയിടാൻ ആരുമില്ലേ.......

# ഓണം വരുമ്പോൾ

എസ് രമേശൻനായർ



പിന്നെയുമോണം വരുന്നൂ മലനാട്ടിൻ
നന്മകൾക്കെല്ലാം പുതുമ നൽകാൻ.
വീണു കുമ്പിട്ടു കിടക്കുന്നിതാ വഴി-
ത്താരകൾതോറും മലരിനങ്ങൾ.
ആരെയോ സ്വാഗതം ചെയ്യുവാൻ, പോരുന്ന-
താരായിരിക്കും വിശിഷ്ടമൂർത്തി?
മാബലിയല്ലാതെ മറ്റാരുമല്ല, യീ-
മാമലനാടിന്റെ ചക്രവർത്തി!

പണ്ടുപണ്ടീനാടു സ്വർഗ്ഗമായ് മാറ്റിയും
പാവങ്ങളെക്കാത്തും വാണ മന്നൻ
മക്കളെയെല്ലാമൊരുപോലെ കാണുന്നൊ-
രച്ഛനെപ്പോലെക്കഴിഞ്ഞ ധന്യൻ
ഒന്നും തനതാക്കിവയ്ക്കാതെ നേടുന്ന-

തെല്ലാം പ്രജകൾക്കു പങ്കുവച്ചോൻ
നേരും നെറിയുമില്ലാത്തൊരു കാര്യവും
ആരുമേ ചെയ്യരുതെന്നുറച്ചോൻ.
സത്യധർമ്മങ്ങളെപ്പാലിച്ചു ജീവിതം
അർഥവത്താക്കാൻ വ്രതമെടുത്തോൻ
സ്നേഹമല്ലാതെ മറ്റൊന്നുമീ നാടിനെ-
ക്കീഴടക്കില്ലെന്ന ബോധ്യമുള്ളോൻ.
ശിക്ഷകളല്ലാ ജനത്തിനു വേണ്ടതു
ഭക്ഷണമാണെന്നു കണ്ടറിഞ്ഞോൻ
അങ്ങനെയുള്ളൊരു മന്നന്റെ വാഴ്ച്ചയിൽ
എങ്ങനെയുണ്ടാം വറുതിവട്ടം?

ആരുവന്നെന്തു ചോദിക്കിലും കയ്യോടെ
വാരിക്കൊടുക്കുമാ ദാനശീലൻ
വാമനൻ മൂന്നടിമണ്ണു ചോദിക്കവേ
വാക്കുകൊടുത്തുപോൽ, ആ നിമിഷം.
വാമനനാം വടു വിശ്വരൂപം പൂണ്ടു
ലോകം മുഴുവനളന്നെടുത്തു
എന്നിട്ടും രണ്ടടിമാത്രം! തികഞ്ഞില്ല
മൂന്നടി,മണ്ണിനിയെന്തു ചെയ്യും?

സത്യവാക്കാകും മഹാബലി ചൊല്ലുന്നു:
'വയ്ക്കുകപ്പാദമങ്ങെൻ ശിരസ്സിൽ.
എന്നുടെയെല്ലാം സമർപ്പിക്കയാണു ഞാ-
നങ്ങതൻ സംതൃപ്തിയെന്റെ പുണ്യം.'
വാമനൻ പാദം ശിരസ്സിൽ വച്ചൂ, ബലി
പാതാളമല്ലാ, സുതലമെത്തി.
വാമനനോടനുവാദവും വാങ്ങി, താൻ
വർഷം തികഞ്ഞാലൊരിക്കൽ മാത്രം
വന്നു തൻ നാടിനെ സ്വന്തം പ്രജകളെ
ഒന്നു കണ്ടിട്ടു തിരിച്ചുപോകാൻ.

ആരാണു വാമനൻ? ശ്രീമഹാവിഷ്ണുവിൻ
അഞ്ചാമവതാരമൂർത്തിയത്രേ.
ദാനവനാകും മഹാബലിയെത്താഴ്ത്തി
ദേവരക്ഷയ്ക്കായ് മുതിർന്നതത്രേ.
എന്തുമാവട്ടേ കഥാഗതി, നാടിന്റെ
ബന്ധുവാം മാബലി സ്നേഹമൂർത്തി.



വര: ഗോപു പട്ടിത്തറ

നാടുകാണാൻ, പ്രിയ മക്കളെക്കാണുവാൻ
നന്മയും സ്നേഹവും പങ്കുവയ്ക്കാൻ.
കൃത്യമായെത്തും മുഹൂർത്തമാണോണം–നാം
മറ്റൊരു മന്നനെയോർപ്പതുണ്ടോ?
ഇല്ലാ! നമുക്കിന്നുമുള്ളത്തിൽ വാഴുന്ന
മന്നൻ മഹാബലി മാത്രമല്ലോ!

ഓലക്കുട ചൂടിയോരോ മെതിയടി–
ത്താളത്തിൽ മന്ദം നടന്നണഞ്ഞും
പൂപോൽ വിരിയുന്ന ചിങ്ങപ്പുലരിയെ–
ക്കാളും നിറഞ്ഞ ചിരി ചൊരിഞ്ഞും
ഉമ്മറമുറ്റത്തു നിൽക്കുന്ന കാർന്നോരെ–
യെങ്ങനെ നാമിന്നു സ്വീകരിക്കും?

പൂക്കളം തീർത്തിട്ടോ പൂവട നേദിച്ചോ
പൂവിളികേൾപ്പിച്ചോ പൂജ ചെയ്തോ?
പുത്തനാം കോടിയുടുത്തു ചമഞ്ഞിട്ടോ
മുറ്റത്തൊരൂഞ്ഞാലിലാടിയിട്ടോ?
ശർക്കരയുപ്പേരി പപ്പടം പാലട–
യൊക്കെയും സദ്യയ്ക്കൊരുക്കിയിട്ടോ?
തൂശനിലയിലാകാശവും ഭൂമിയും
പാല്പായസവും വിളമ്പിയിട്ടോ?
ഓട്ടുപാത്രത്തിലെ വെള്ളം മുഴുവനു–
മൊറ്റവലിക്കു കുടിച്ചുതീർത്തോ?
പന്തുകളിച്ചിട്ടോ ദൂരെ നിന്നെത്തുന്ന
ബന്ധുക്കളോടിഷ്ടം കൂടിയിട്ടോ?
ഒന്നുപോൽ നാണം കുണുങ്ങുന്ന കന്യമാ–
രൊന്നിച്ചു കൈകൊട്ടിപ്പാടിയിട്ടോ?
പ്രാണനിൽപ്പൂക്കും കവിതയ്ക്കു കൂട്ടിനാ–
യോണവില്ലൊച്ച മുഴക്കിയിട്ടോ?
എമ്മട്ടിലാകിലും തൃപ്തിയാകാതെയി–
പ്പൊന്നോണം ഉത്സവമാക്കി നമ്മൾ
നമ്മുടെ മന്നനെ യാത്രയാക്കേണ, മീ
നന്മകളെന്നും പുലർന്നിടേണം.
–പിന്നെയുമോണം വരുന്നൂ മലനാട്ടിൻ
നന്മകൾക്കെല്ലാം പൊലിമ നൽകാൻ!



# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ചന്ദനമണമുള്ള വിശറി

**ചന്ദ്രമതി**

കടയിൽ ബഹളമുയർന്നത് പെട്ടെന്നായിരുന്നു. ചന്ദനമണമുള്ള വിശറി ട്രേയിൽ പത്തുമിനിറ്റു മുമ്പു വരെ ഉണ്ടായിരുന്നെന്നും പെട്ടെന്ന് അത് അപ്രത്യക്ഷമാകാൻ ദൈവമൊന്നും പ്രത്യക്ഷപ്പെട്ടില്ലെന്നും കടയുടെ മാനേജർ അലറി. രാകേന്ദുവും കൂട്ടരും പകച്ചുനിന്നു. ടൗണിൽ നിന്ന് ഉല്ലാസയാത്രയ്ക്കു വന്ന സ്കൂൾ ടീമിലെ അംഗങ്ങളായ രാകേന്ദു, അനാമിക, ഡയാന, സൗമിനി, ബിന്ദുബാല എന്നിവരായിരുന്നു ആ കടയിലുണ്ടായിരുന്നത്.

''നിങ്ങളിലൊരാൾ തന്നെയാണ് അത് മോഷ്ടിച്ചത്.'' മാനേജർ പറഞ്ഞു. ''സത്യം പറഞ്ഞാൽ നിങ്ങൾക്കു രക്ഷ. ഇല്ലെങ്കിൽ ബാഗ് മാത്രമല്ല നിങ്ങളെയും പരിശോധിച്ചേ വിടൂ.''

രാകേന്ദു കരച്ചിലിന്റെ വക്കിലെത്തിയിരുന്നു. ''ഞങ്ങളെടുത്തിട്ടില്ല സാർ, സത്യമാണ്.''

''ടേയ്, സതീഷ് ഇവിടെ വാടാ.'' മാനേജർ വിളിച്ചപ്പോൾ സെയിൽസ് ബോയ് ഓടിയെത്തി. കൗണ്ടറിൽ പെൺകുട്ടികൾക്കു സാധനങ്ങൾ എടുത്ത് കാണിച്ചുകൊടുത്തിരുന്നത് അയാളായിരുന്നു.

''ഇതിൽ ഏതു പെണ്ണാടാ ആ വിശറി വേണമെന്നു പറഞ്ഞത്?''

''ഈ പെണ്ണ്'' സതീഷ് സൗമിനിക്കു നേരെ വിരൽ ചൂണ്ടി.

''വേണമെന്നു പറഞ്ഞു. പക്ഷേ ഞാനെടുത്തില്ല'' സൗമിനി പേടിയോടെ പറഞ്ഞു.

''വേണമെങ്കിൽ പിന്നെ നീ എന്താ എടുക്കാത്തത്?'' മാനേജർ പരിഹസിച്ചു.

''അത് വില കൂടുതലായിരുന്നു.''

''വില കൂടുതലായതു കൊണ്ട് വാങ്ങാൻ വയ്യ. പിന്നെന്തു ചെയ്യും? നേരെ മോഷ്ടിക്കും. പറ. നീ അതെവിടെയാ ഒളിപ്പിച്ചു വച്ചിരിക്കുന്നത്?''

''ഞാൻ മോഷ്ടിക്കുകയില്ല.''

''പിന്നെ സാധനമെവിടെപ്പോയി? നീ എടുക്കുന്നതും മണപ്പിക്കുന്നതും നിവർത്തി വീശി നോക്കുന്നതുമൊക്കെ ഞാനിവിടിരുന്നു കണ്ടതാ.''

''സത്യമായും ഞാനെടു



വര: അരവിന്ദ് വട്ടംകുളം

ത്തില്ല.''

ബിന്ദുബാല മെല്ലെ കടയുടെ വാതിൽക്കലേക്കു നടക്കുമ്പോൾ വേറൊരു സെയിൽസ്മാൻ വിളിച്ചുപറഞ്ഞു.

''സാർ ഒരെണ്ണം ദാ, ഇറങ്ങിയോടുന്നു.''

''തടയെടാ അവളെ.''

ആ സെയിൽസ്മാൻ അവളുടെ മുന്നിൽ ചാടിവീണു. കൈകൾ ഇരുവശത്തേക്കും നീട്ടി വഴി തടഞ്ഞു.

''ഇവിടെ വാടീ.'' മാനേജർ വിളിച്ചു. ''പീറ്റർ, ആ വാതിലങ്ങ് അടച്ചേക്ക്.''

''അയ്യോ...'' പെൺകുട്ടികൾ നിലവിളിച്ചു.

കടയിൽ സാധനം വാങ്ങിക്കൊണ്ടിരുന്ന ഒരു മധ്യവയസ്കയും ഭർത്താവും തിരിഞ്ഞുനോക്കി.

''ടീച്ചർ... ഓടി വരൂ'' ഡയാന വിളിച്ചുകരഞ്ഞു.

''ടീച്ചറോ?'' മാനേജർ ചിരിച്ചു. ''നിങ്ങളെ ഇതൊക്കെ പഠിപ്പിച്ചു തരുന്ന ടീച്ചറിനെയാണോ വിളിച്ചത്? ഒരുത്തരും നിങ്ങളെ രക്ഷിക്കില്ല. മര്യാദയ്ക്ക് എന്റെ സാധനം തിരിച്ചുതന്നോ. ഇല്ലെങ്കിൽ ഞാൻ പോലീസിനെ വിളിക്കും.''

കുട്ടികൾ വാവിട്ടു കരഞ്ഞു.

''കള്ളക്കണ്ണീരാണു സാറേ.'' സതീഷ് പറഞ്ഞു. ''നമ്മളെ വീഴ്ത്താനുള്ള അടവാണ്.''

''അങ്ങനെയൊന്നും നമ്മള് വീഴൂല്ലാ...'' മാനേജർ ചിരിച്ചു. ''ഓരോരുത്തരും ബാഗ് തുറന്നു കാണിച്ചാട്ടെ. അതിലൊന്നും ഇല്ലെങ്കിൽ ഞങ്ങൾക്ക് ദേഹം പരിശോധിക്കേണ്ടി വരും.''

അനാമികയ്ക്ക് തല കറങ്ങുന്നതുപോലെ തോന്നി. നിലത്തിരുന്നുകൊണ്ട് അവൾ വിളിച്ചു. ''ടീച്ചർ വെള്ളം.''

മധ്യവയസ്ക വേഗം അവളുടെ അരികിലെത്തി. കൈകൊണ്ട് അവളെ താങ്ങിനിർത്തി അവർ മാനോജരോട് ചൊടിച്ചു.

**മധ്യവയസ്ക ബാഗിൽ നിന്ന് ഐ ഡി കാർഡ് പുറത്തെടുത്ത് മാനേജർക്കു നേരെ കാണിച്ചു. മുഖത്തടിയേറ്റതുപോലെ മാനേജർ ഞെട്ടി.**
**"ഈ കുട്ടി വീക്കാകുന്നു." മധ്യവയസ്കയുടെ ഭർത്താവ് അനാമികയുടെ കൈ പിടിച്ചു. അനാമിക ഇപ്പോൾ വീഴും എന്ന മട്ടിൽ ഉലയുകയായിരുന്നു.**

''കുറേനേരമായി ഞാൻ ശ്രദ്ധിക്കുന്നു. എന്തിനാ ഈ പെൺകുട്ടികളെ ഇങ്ങനെ ചോദ്യം ചെയ്യുന്നത്?''

''അതു ചോദിക്കാൻ നിങ്ങളാരാ?'' മാനേജർ ക്രുദ്ധനായി.

''സാധനങ്ങൾ വാങ്ങിക്കഴിഞ്ഞെങ്കിൽ ബില്ലു കൊടുത്തിട്ട് പോകാൻ നോക്ക്.''

അവരുടെ ഭർത്താവും അടുത്തെത്തിക്കഴിഞ്ഞിരുന്നു.

''അങ്ങനെ പോകാൻ ഞങ്ങളുദ്ദേശിക്കുന്നില്ല.'' അവർ പറഞ്ഞു.

''എന്താണ് ഇവർ ചെയ്ത കുറ്റം എന്ന് അറിയണം.''

''മോഷണം അതുതന്നെ.'' സതീഷ് പറഞ്ഞു.

''ചന്ദനമണമുള്ള ഒരു വിശറി കൗണ്ടറിലുണ്ടായിരുന്നു. അത് കാണുന്നില്ല. ഇവളാണെടുത്തത്.'' മാനേജർ സൗമിനിയുടെ നേരേ വിരൽ ചൂണ്ടി.

രാകേന്ദു പറഞ്ഞു. ''മാഡം, ഞങ്ങളാരും ഒന്നും മോഷ്ടിച്ചിട്ടില്ല.''

''നീയാരെടീ, വക്കീലോ?'' മാനേജർ ക്ഷുഭിതനായി.

"നിങ്ങൾ മര്യാദയ്ക്കു സംസാരിക്കണം." മധ്യവയസ്ക പറഞ്ഞു.

''ഇവരെ എടീ പോടീന്നൊക്കെ വിളിക്കാൻ നിങ്ങൾക്കെന്താ അവകാശം?''

''പിന്നെ കള്ളികളെ മാഡം എന്നു വിളിക്കണോ?''

മധ്യവയസ്ക പേടിച്ചരണ്ടു നിൽക്കുന്ന പെൺകുട്ടികളെ നോക്കി. അവരുടെ കണ്ണീർത്തിളക്കം കണ്ടു.

''അല്ലാ, എന്നെ ചോദ്യം ചെയ്യാൻ നിങ്ങളാരാണാവോ?'' മാനേജർ പരിഹസിച്ചു.

മധ്യവയസ്ക ബാഗിൽ നിന്ന് ഐ ഡി കാർഡ് പുറത്തെടുത്ത് മാനേജർക്കു നേരെ കാണിച്ചു. മുഖത്തടിയേറ്റതുപോലെ മാനേജർ ഞെട്ടി.

''ഈ കുട്ടി വീക്കാകുന്നു.'' മധ്യവയസ്കയുടെ ഭർത്താവ് അനാമികയുടെ കൈ പിടിച്ചു. അനാമിക ഇപ്പോൾ വീഴും എന്ന മട്ടിൽ ഉലയുകയായിരുന്നു.

''ഒരു ഗ്ലാസ് വെള്ളം വേഗം ഇവൾക്കു കൊടുക്കൂ.''

പീറ്റർ 'ഡ്രിങ്കിംഗ് വാട്ടർ' എന്നെഴുതിയ ജാറിനരികിലെ പേപ്പർ കപ്പെടുത്തു വെള്ളം പകർന്നു കൊണ്ടുവന്നു.

''ഗെറ്റ് ഹെർ എ ചെയർ.'' മധ്യവയസ്ക ആജ്ഞാപിച്ചു. സതീഷ് ഉടനെ തന്നെ കൗണ്ടറിനപ്പുറത്തുനിന്ന് ഒരു കസേര പൊക്കി അപ്പുറത്തിട്ടു. അതിൽ അനാമികയെ ഇരുത്തി. ആ മനുഷ്യൻ പറഞ്ഞു. മോള് പേടിക്കണ്ട. ഒന്നും സംഭവിക്കില്ല.''

തങ്ങൾക്ക് ഒന്നും സംഭവിക്കില്ല എന്ന് പെൺകുട്ടികൾക്കും തോന്നി. അതിന്റെ ആശ്വാസം അവരുടെ മുഖത്തു തെളിഞ്ഞു.

''പറയൂ, നിങ്ങളൊക്കെ ആരാണ്? എവിടെനിന്നു വരുന്നു?''

''എസ്കർഷൻ വന്നതാണ് മാഡം.''

''ശരി. നിങ്ങളുടെ ടീച്ചേഴ്സാരും വന്നില്ലേ?''

''വന്നു. ശാരി ടീച്ചറും മേഴ്സി ടീച്ചറും.''

''അവരൊക്കെ എവിടെ? നിങ്ങൾ തനിച്ചെങ്ങനെ ഈ കടയിൽ വന്നു?''

''ഇത് ഷോപ്പിങ് ടൈമാണ്





ആന്റീ.'' രാകേന്ദു പറഞ്ഞു.

''ആന്റിയോ?'' മാനേജർ ഇടപെട്ടു. ''ഇത് വലിയ പോലീസോഫീസറാണ്. വീണാദാസ് ഐ പി എസ്. മാഡം എന്നു വിളിക്കൂ.''

''ഞാനിവരുടെ ആന്റി തന്നെയാണ്.'' വീണാദാസിന്റെ മുഖത്ത് വാത്സല്യഭാവം നിറഞ്ഞു.

''മോളു പറയൂ. ടീച്ചർമാരെവിടെ?''

''ഞങ്ങളെ അഞ്ചുപേരുള്ള ഗ്രൂപ്പുകളായി ഡിവൈഡ് ചെയ്തിട്ട് ഒരു മണിക്കൂർ ഷോപ്പിങ് കഴിഞ്ഞ് താഴത്തെ നിലയിലെ ഫൗണ്ടന്റെ അടുത്തു മീറ്റു ചെയ്യണമെന്നു പറഞ്ഞുവിട്ടതാണ്. ടീച്ചർമാർ ഇവിടെ ഏതോ കടയിലുണ്ട്.''

വീണാദാസ് തന്റെ മൊബൈലിൽ ആരെയോ വിളിച്ച് സംസാരിച്ചു.

''കതകെന്തിനാ അടച്ചിട്ടിരിക്കുന്നത്?'' അവരുടെ ഭർത്താവ് ചോദിച്ചു.

''ഇപ്പോൾ തുറക്കാം സാർ.'' പീറ്റർ ഓടിപ്പോയി കതക് തുറന്നിട്ടു.

''ഇനി പറയൂ. നിങ്ങളാരെങ്കിലും അബദ്ധത്തിന് ആ വിശറി എടുത്ത് ബാഗിലിട്ടിട്ടുണ്ടോ? നിങ്ങൾ ചെറിയ കുട്ടികളായതുകൊണ്ടാണ് ചോദിച്ചത്. നമുക്ക് ചിലപ്പോൾ അറിയാതെ അബദ്ധം പറ്റാറില്ലേ?''

''ഇല്ല മാഡം. ഞങ്ങളെടുത്തിട്ടില്ല.''

''സത്യമാണല്ലോ?''

''സത്യം.'' എല്ലാവരും ഒറ്റ സ്വരത്തിൽ പറഞ്ഞു.

''ഈ കുട്ടി ഓടി രക്ഷപ്പെടാൻ നോക്കിയതാണ്.'' മാനേജർ അനാമികയുടെ അടുത്തു നിൽക്കുന്ന ബിന്ദുബാലയെ നോക്കി. ''അവളുടെ ബാഗിൽ കാണും.''

''ഞാനോടി രക്ഷപ്പെടാൻ ശ്രമിച്ചതല്ല.'' ബിന്ദുബാല പറഞ്ഞു.

''ശാരി ടീച്ചറും മേഴ്സി ടീച്ചറും ഏതു കടയിലെന്നു നോക്കി ഇങ്ങോട്ടു വിളിച്ചോണ്ടുവരാൻ പോയതാ.''

അവളുടെ ചുണ്ടുകൾ വിതുമ്പി.

''പച്ചക്കള്ളം.'' മാനേജർ പറഞ്ഞു. ''മൂന്നു നിലയിൽ എവിടെയാണ് ടീച്ചേഴ്സെന്നു പറഞ്ഞ് അരിച്ചുപെറുക്കും?''

''അത് കുട്ടിക്കറിയില്ലല്ലോ.'' വീണാദാസിന്റെ ഭർത്താവ് പറഞ്ഞു.

''ഒരാപത്തു വന്നപ്പോൾ അമ്മയെ വിളിക്കുന്നതുപോലെ ടീച്ചറിനെ വിളിക്കാമെന്നു വിചാരിച്ചു. അത്രേയുള്ളൂ.''

അപ്പോഴേക്കും ഒരു പോലീസുകാരനോടൊപ്പം ശാരി ടീച്ചറും മേഴ്സിടീച്ചറും കടയ്ക്കുള്ളിലേക്കു വന്നു. അവർ പരിഭ്രാന്തരായിരുന്നു. ടീച്ചർമാരെ കണ്ടതും കുട്ടികൾ വാവിട്ടു കരയാൻ തുടങ്ങി. ''ടീച്ചർ, ഞങ്ങൾ മോഷ്ടിച്ചിട്ടില്ല. സത്യം...''

''എന്താണ്? എന്താണ്?

എന്തുപറ്റി?''

വീണാദാസ് ഐ പി എസ് കാര്യങ്ങൾ വിശദീകരിച്ചു. ''കുറച്ചുകൂടി ഉത്തരവാദിത്തം കുട്ടികളുടെ കാര്യത്തിൽ നിങ്ങളെടുക്കേണ്ടതല്ലേ? സാരിയും മറ്റും വാങ്ങാനല്ലല്ലോ നിങ്ങൾ ഇവരോടൊപ്പം വന്നത്? യൂ ആർ ഓൺ ഡ്യൂട്ടി.''

''സോറി മാഡം.'' ശാരി ടീച്ചർ പറഞ്ഞു. ''ഈ ബിൽഡിങ്ങിൽ അവർ സേഫാണെന്നു തോന്നി.''

"പത്രമൊക്കെ വായിക്കാറില്ലേ? എവിടെയാണ് സുരക്ഷിതത്വം? നമ്മൾ ശ്രദ്ധിക്കേണ്ടത് നമ്മൾ തന്നെ ശ്രദ്ധിക്കേണ്ടേ?" പിന്നെ വീണാദാസ് സ്നേഹപൂർവം പറഞ്ഞപ്പോൾ അഞ്ചു കുട്ടികളും തങ്ങളുടെ ബാഗുകൾ തുറന്നുകാട്ടി. വിശരി അതിലൊന്നും ഇല്ലായിരുന്നു.

''പത്രമൊക്കെ വായിക്കാറില്ലേ? എവിടെയാണ് സുരക്ഷിതത്വം? നമ്മൾ ശ്രദ്ധിക്കേണ്ടത് നമ്മൾ തന്നെ ശ്രദ്ധിക്കേണ്ടേ?'' പിന്നെ വീണാദാസ് സ്നേഹപൂർവം പറഞ്ഞപ്പോൾ അഞ്ചു കുട്ടികളും തങ്ങളുടെ ബാഗുകൾ തുറന്നുകാട്ടി. വിശരി അതിലൊന്നും ഇല്ലായിരുന്നു.

''ഇനി എന്താ, നിങ്ങൾക്കു ദേഹം പരിശോധിക്കണോ?'' വീണാദാസ് മാനേജരോട് ചോദിച്ചു.

''വേണ്ട സാർ, അല്ല, മാഡം.''

''ഇവിടെ മാത്രമെന്താ സി സി ടി വി ക്യാമറ വയ്ക്കാത്തത്?''

''വാതിലിന്റെയവിടെ ഉണ്ട് മാഡം. അകത്ത് ഉടനെ വയ്ക്കും.''

''അത് വേഗം വയ്ക്കുക. ഇതുപോലെ പാവം കുട്ടികളെ അപമാനിക്കാതിരിക്കാൻ അതു സഹായിക്കും. നിങ്ങളെ സ്റ്റേഷനിലേക്കു കൊണ്ടുപോകേണ്ടതാണ്. ഞാനതു ചെയ്യുന്നില്ല.'' വീണാദാസ് മാനേജരോടു പറഞ്ഞു.

വീണാദാസിനോടു യാത്ര പറയുമ്പോൾ കുട്ടികൾ വലിയ ഉത്സാഹവതികളായിരുന്നു.

''ആന്റീ, ഞാനും വലുതാകുമ്പോൾ ആന്റിയെപ്പോലെ ഐ പി എസ് ഓഫീസറാകും.''രാകേന്ദു പറഞ്ഞു.

അധ്യാപികമാർ കുട്ടികളെയും കൊണ്ടുപോവുകയും വീണാദാസും ഭർത്താവും ബില്ലടച്ച് സാധനങ്ങൾ വാങ്ങി വാതിലിനു നേരേ നടക്കുകയും ചെയ്യുമ്പോൾ മാനേജർ മുകളിലേക്കു നോക്കി ചോദിച്ചു.

''പക്ഷേ എന്റെ വിശരി എവിടെ?''

വീണാദാസ് ചിരിച്ചു. സി സി ടി വി ക്യാമറ വയ്ക്കുമ്പോൾ മനസ്സിലാകും. നിയമത്തിന്റെ വലയിൽ നിന്ന് ആരും രക്ഷപ്പെടില്ല.''

അവർ സതീഷിനെയും പീറ്ററെയും ഒന്നുനോക്കി.

ആശയക്കുഴപ്പത്തോടെ മാനേജർ തന്റെ ഇരിപ്പിടത്തിലേക്കു നടക്കുമ്പോൾ സതീഷ് ഷർട്ടിനുള്ളിലെ ബനിയന്റെയുള്ളിൽ കൈകടത്തി വിശരി വലിച്ചെടുത്ത് കൗണ്ടർട്രേയിൽ വച്ചു.

''സാർ ദാ വിശരി.'' പീറ്റർ വിളിച്ചുപറഞ്ഞു. ''അത് ഇവിടെ ഉണ്ടായിരുന്നോ സാർ?''

മാനേജർക്ക് കണ്ണുകളെ വിശ്വസിക്കാനായില്ല. ട്രേയിൽ അതേ സ്ഥാനത്ത് ചന്ദനമണമുള്ള വിശരി.

വെള്ളം കുടിക്കുകയായിരുന്ന സതീഷിനോട് മാനേജർ പറഞ്ഞു. ''എടാ ഒരു ഗ്ലാസ് വെള്ളം എനിക്കും കൂടി.''

## കുട്ടിക്കവിത

# ഉണ്ണിക്കുട്ടൻ

**വയലാർ ഗോപാലകൃഷ്ണൻ**

ഉണ്ണിക്കുട്ടൻ ഒന്നുചിരിച്ചാൽ
മുല്ലപ്പൂക്കൾ താഴോട്ട്
ഉണ്ണിക്കുട്ടൻ ഒന്നുകരഞ്ഞാൽ
കുഞ്ഞിപ്പല്ലുകൾ മേലോട്ട്
അമ്മയെടുത്തൊന്നുമ്മകൊടുത്താൽ
അമ്മിഞ്ഞപ്പാൽ ചുണ്ടത്ത്.



വര: ആശ ആർ

35



കവിത

# പൂക്കളുടെ ജാതകം

ഏഴാച്ചേരി രാമചന്ദ്രൻ



പിച്ചളക്കോളാമ്പിപ്പൂക്കൾ വിതാനിച്ചു
മക്കളെ മാറോടു ചേർത്തുകൊണ്ടങ്ങനെ,
നിൽക്കുന്നിതമ്മിണിയോപ്പോൾ, തൊടിയിലെ
വൈക്കോൽത്തുറുവിന്റെ ചാരെ;
നേരം കഴിഞ്ഞുവരുന്നോർക്കുമിത്തിരി-
ത്തേനുണ്ടകത്തൊരു വാൽക്കിണ്ടിയിൽ.
തമ്മിൽ കലമ്പാതെ പങ്കിട്ടതുണ്ണുവിൻ
ഉണ്ണികളേയെന്നിതോപ്പോൾ!

2

ഏതുനേരത്തും ചിരിക്കലേ വേലയെ-
ന്നാരും കൊതിച്ചുപോം മട്ടിൽ,
മുല്ലയ്ക്കൽ വീട്ടിലെ ശാന്തേ, ചിരികൊണ്ടു
പന്തലിടുന്നവൾ നീയേ, മണംനുകർ-
ന്നെങ്ങുനിന്നോ വന്നുചേരുന്ന വണ്ടുകൾ-
ക്കമ്മ വീടായതും നീയേ!

3

ചെണ്ടുമല്ലിക്കുടംപോലേ കവിൾ വീർത്തു
കണ്ടഭാവം നടിക്കാതെ, നിരന്തരം
സെന്റും മണപ്പിച്ചു മൂലയ്ക്കൊതുങ്ങുന്നൊ-
രമ്മായീ, ഞാനൊരു പാവമല്ലേ? എന്നെ
കാറ്റിന്റെ കൈകളാൽ തള്ളിമാറ്റുന്നതു
പൂക്കൾക്കു ചേരുന്നതാണോ?

4

മഞ്ഞച്ചിരി ചിരിച്ചാളെ മയക്കുന്ന
കൊഞ്ഞത്തരം കൈയിലുണ്ടെങ്കിലും
തേവർക്കു തീരെപ്പിടിക്കാത്തോളാകയാൽ
പൂജയ്ക്കെടുക്കാത്ത പൂവെന്ന സങ്കടം
ഏതുനേരത്തുമിവൾക്കു കണ്ണിൽ
കാടായകാടൊക്കെച്ചുറ്റുന്ന വണ്ടുകൾ
തേനില്ലാച്ചക്കിയെന്നാരാരും കേൾക്കാതെ
മൂളിപ്പറന്നകലുമ്പോൾ, കഷ്ട-





ജീവിതമേ മതിയെന്നു തോന്നിപ്പോകും
പാവം ജമന്തിയ്ക്കകമേ!

5
എല്ലാവരേക്കാളുമിത്തിരിക്കേമിയാ-
ണെന്നഭാവത്തിൽ സദാനേരവും
തോഴിമാരോടൊത്തു നീരാടിപ്പൊയ്കയിൽ
താലികളഞ്ഞു കുളിക്കുവോളേ,
ഉയരങ്ങളിലാണു സമ്മന്തക്കാരനെ-
ന്നുള്ളിൽ കുറുമ്പുള്ള പെണ്ണാമ്പലേ,
ശിശിരം കടുത്തെന്നാൽ കാട്ടിലെപൊയ്കതൻ
നിലയറിയാമോ, വെളുത്ത കള്ളീ?

6
വേനൽക്കൊടുമയിൽനൊമ്പരസമ്പാദ്യ-
പ്രാണക്കുടുക്ക കുടഞ്ഞെടുത്ത്,
വഴിയരികത്താരും കണ്ണുവിടും വിധം
ചിരികൊണ്ടൊരെഴുനിലമാളിക തീർക്കുന്ന
മലയാളമലർവാകയ്ക്കെന്തുചന്തം!
തീരെപ്പരുക്കന്മാർ അമ്മാവന്മാർക്കുമീ
ചോരമരത്തിനോടാണു കമ്പം! ഇവൾ
നീലയുടുത്താലും ചേലല്ലയോ?

7
ആടലും പാടലും പൂകൊണ്ടു മൂടലും
ആകെവെടിഞ്ഞൊരു സന്ന്യാസിനി!
നന്നേ ചെറുതിലേ ജന്മനിയോഗങ്ങൾ
നല്ലതുപോലേതിരിച്ചറിഞ്ഞ്
മുറ്റത്തുനിൽക്കുന്ന കൃഷ്ണതുളസിയെ
മുത്തശ്ശിപോലും വലംവയ്ക്കുന്നു.
ആങ്ങളമാരഞ്ചുപേരും വണങ്ങുന്നി-
താദരാൽ സിസ്റ്റർ സുഹാസിനിയെ!

8
തൊടിയിൽ വിരിയുന്ന കാക്കപ്പൂവായാലും
മുടിയിൽ തിളങ്ങുന്ന കൈതപ്പൂവായാലും
പതി തന്റെ കൈയിലെപ്പനിനീർപ്പൂവായാലും
ഭഗവാന്റെ മാറിലെ പങ്കജമായാലും
ഒക്കെയും മണ്ണിന്റെ സ്നേഹസുഗന്ധങ്ങൾ;
ഓരോ നിറമാർന്ന നെടുവീർപ്പുകൾ!



വര: വെങ്കി



കഥ

# എട്ടുകാലിയുടെ ഐതിഹ്യം

**റോസ്മേരി**

വീടിന്റെ മേൽക്കൂരയിലും ഒഴിഞ്ഞ കോണുകളിലും പുറംതിണ്ണയിലുമൊക്കെ കുടിപാർപ്പുറപ്പിച്ചിരിക്കുന്ന എട്ടുകാലികളെ ശ്രദ്ധിച്ചിട്ടുണ്ടോ? എത്ര ഏകാഗ്രതയോടെയാണ് അവർ തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുന്നത്. തികഞ്ഞ അവധാനതയോടെ അനേകം മണിക്കൂറുകൾ ചിലവഴിച്ച് അവർ നെയ്യുന്ന വലയ്ക്ക് എന്തൊരു ചന്തം. എന്തൊരു പൂർണത. അവയുടെ അളവുതെറ്റാത്ത നിർമിതിയും ഡിസൈനിന്റെ ചാരുതയും ശ്രദ്ധിച്ചാൽ ഒരു കാര്യം ബോധ്യമാവും. നമ്മുടെ ചിലന്തി ഒട്ടും നിസാരനല്ല. മറിച്ച് ഒന്നാന്തരം ഒരു കലാഹൃദയത്തിന് ഉടമയാണ്.

ഞാനിതു വെറുതെ ഒരലങ്കാരത്തിനു പറഞ്ഞുവയ്ക്കുന്നതല്ല കേട്ടോ? അതിനു പിന്നിൽ ചില വസ്തുതകളുണ്ട്. വിശ്വസനീയമായ ചില ചരിത്രസത്യങ്ങൾ. വളരെ പണ്ടു നടന്ന കാര്യങ്ങളാകയാൽ, നമുക്ക് കാലത്തിന്റെ വഴിയേ കുറേയെറെ പിന്നോട്ടു നടക്കേണ്ടതുണ്ട്.



വര: സുജിത് പി വി

നൂറ്റാണ്ടുകൾക്കുമുമ്പ് ഗ്രീസിൽ ഒരു ചെറുപ്പക്കാരിയുണ്ടായിരുന്നു. പേര് അരാക്നി. ആൾ വലിയ സുന്ദരിയൊന്നുമല്ല. കാഴചയിൽ വെറും സാധാരണക്കാരി. പക്ഷേ അവൾ അതിമനോഹരമായി തയ്ക്കും. തുണികളിലും കുപ്പായങ്ങളിലും ലേസുകളും നേർത്ത റേന്തുകളും തുന്നിച്ചേർക്കുക, മനോജ്ഞമായ പൂക്കളുടെയും പക്ഷികളുടെയും ഡിസൈനുകൾ വർണ നൂലുകൾ കൊണ്ട് വിരികൾക്കുമേൽ ആലേഖനം ചെയ്യുക ഇതായിരുന്നു അവളുടെ പ്രധാന തൊഴിൽ.

രാവെളുക്കുവോളം തുന്നലോടു തുന്നൽ! അവൾ തയ്ച്ചുവയ്ക്കുന്ന പഴങ്ങൾ കണ്ടാൽ നാവിൽ കൊതിയൂറും. അവ പറിച്ചെടുത്തു ഭക്ഷിക്കാൻ തോന്നും. അവൾ തുന്നിച്ചേർത്ത വർണപുഷ്പങ്ങളുടെ മാസ്മരികതയിൽ മയങ്ങി ശലഭങ്ങളും പൂമ്പാറ്റകളും തേനുണ്ണാനാശിച്ചു പാറിയെത്തും. അത്രമേൽ യഥാതഥമായിരുന്നു ആ തുന്നൽസൃഷ്ടികൾ.

അരാക്നി തുണി നെയ്യുന്നതിലും വിദഗ്ധയായിരുന്നു. മൃദുലമായ പട്ടുനൂൽകൊണ്ട് അവൾ നെയ്തുണ്ടാക്കുന്ന തുണിത്തരങ്ങൾ വളരെ നേർത്തതായിരുന്നു. നിലാവുപോലെ കനമില്ലാത്തത്. പൂവിതൾപോലെ സ്നിഗ്ധമായത്. സ്വന്തമായ് നെയ്തെടുക്കുന്ന തുണിയിലാണ് അവൾ തുന്നൽപ്പണി ചെയ്യുന്നത്. ഈ കലാവൈവിധ്യം നേരിൽ കാണാനായി നാടിന്റെ നാനാദിക്കിൽ നിന്നും ജനങ്ങൾ അവിടേക്ക് ഒഴുകിയെത്തി. അരാക്നി തുന്നുന്ന മനോജ്ഞമായ പ്രകൃതിദൃശ്യങ്ങൾ കണ്ട് അവർ വിസ്മയഭരി

തരായി. താൻ പട്ടുനൂലുകൊണ്ടല്ല സൂര്യന്റെ നേർത്ത രശ്മികളും സ്വർണനൂലുകൾ കൊണ്ടുമാണ് അവയൊക്കെ സൃഷ്ടിക്കുന്നതെന്ന് അവൾ അവകാശപ്പെട്ടു.

എല്ലാവരും അരാക്നിയുടെ കഴിവിനെ പുകഴ്ത്തി. ആ കരവിരുതിനെ പ്രശംസിച്ചു. അഭിനന്ദനങ്ങളുടെ ആധിക്യം അവളുടെ മനസ്സിനെ ചഞ്ചലമാക്കി. താമസിയാതെ അരാക്നിയുടെ ഉള്ളിൽ അഹങ്കാരം തല പൊക്കി. തന്റെ കഴിവിനെക്കുറിച്ച് അവൾക്ക് അതിരു കടന്ന ആത്മവിശ്വാസമായി.

എല്ലാദിവസവും ആ മനോജ്ഞമായ കരവേലകണ്ട് ആസ്വദിക്കുവാൻ ആളുകൾ കൂട്ടംകൂട്ടമായ് എത്തിച്ചേരും. ഒരുനാൾ അവരിലൊരാൾ ജിജ്ഞാസയോടെ ചോദിച്ചു. ''ആരാണ് ഇത്ര മനോഹരമായി തുന്നാൻ നിന്നെ പഠിപ്പിച്ചത്?''

''ആരുമല്ല. ഞാൻ തന്നെ പഠിച്ചതാണ്.'' അരാക്നി പറഞ്ഞു.

''അതു ശരിയല്ല. വായുദേവതയായ അഥീനയാണ് നമ്മെ ഇതൊക്കെ പഠിപ്പിക്കുന്നത്.'' കേട്ടുനിന്ന മറ്റൊരാൾ പറഞ്ഞു. സുകുമാര കഥകളുടെ ദേവതയാണ് അഥീന. ആ ദേവിയുടെ അനുഗ്രഹമുള്ളവർക്കു മാത്രമേ ഇത്തരം സിദ്ധികൾ കൈവരികയുള്ളൂ എന്നതാണ് ഗ്രീസിലെ പരമ്പരാഗത വിശ്വാസം.

അരാക്നിയുണ്ടോ അതു സമ്മതിക്കുന്നു? അവൾക്കു ദേഷ്യം വന്നു. ''അഥീനയോ? നല്ല കഥ! അവർക്കുണ്ടോ തുണി നെയ്യാനും തുന്നൽവേല ചെയ്യാനും പരിചയം? ഈ ലോകത്ത് ഏറ്റം നന്നായി ഇതൊക്കെ ചെയ്യുന്ന ആളാണു ഞാൻ. അങ്ങനെയുള്ള എന്നെ പഠിപ്പിക്കാൻ പോന്ന ആരുണ്ടിവിടെ?'' വെല്ലുവിളിക്കുന്ന സ്വരത്തിൽ അരാക്നി ഗർജിച്ചു.

പറഞ്ഞു തീരേണ്ട താമസം അതാ കൺമുന്നിൽ ആ രൂപം പ്രത്യക്ഷപ്പെടുന്നു. നല്ല ഉയരമുള്ള അയഞ്ഞ കുപ്പായം ധരിച്ച ഒരു സ്ത്രീ. ആ മുഖത്ത് എന്തൊരു പ്രകാശം. ആജ്ഞാശക്തിയുള്ള സ്വരത്തിൽ അവർ പ്രഖ്യാപിച്ചു. ''ഞാനാണ് അഥീന. വായുദേവത. കുറച്ചുകാലമായി നിന്റെ പൊങ്ങച്ചം പറച്ചിലും അഹങ്കാര വർത്തമാനങ്ങളുമൊക്കെ ഞാൻ ശ്രദ്ധിക്കുന്നു. എന്താണ് പറഞ്ഞത് കരവേലയിൽ നിന്നെ വെല്ലാൻ മറ്റാരുമില്ലെന്നോ? എങ്കിൽ നമുക്കതൊന്നു പരീക്ഷിക്കാം. ഉടനെ തന്നെ നാം തമ്മിൽ ഒരു മത്സരം നടത്താം. ആരാണു ജയിക്കുക എന്നു കാണാമല്ലോ?'' പൊട്ടിച്ചിരിച്ചുകൊണ്ടായിരുന്നു ദേവിയുടെ വെല്ലുവിളി.

മുന്നിൽ നിൽക്കുന്ന ആൾ സാക്ഷാൽ അഥീന ദേവിയാണെന്നറിഞ്ഞതും അരാക്നി ഉള്ളാലേ പരിഭ്രമിച്ചു. പക്ഷേ അതൊന്നും പുറത്തുകാട്ടാതെ ആൾ ആ വെല്ലുവിളി ഏറ്റെടുത്തു. അഹങ്കാരം തലയ്ക്കു പിടിച്ചതിനാൽ അവൾക്ക് ഒരു കൂസലുമുണ്ടായിരുന്നില്ല. എതിരാളിയെ നിഷ്പ്രയാസം തറപറ്റിക്കാം എന്നായിരുന്നു ധാരണ.

ആകാശത്തിന്റെയും ഭൂമിയുടെയും അധിപനായ സേവൂസ് ദേവനാണ് മത്സരത്തിന്റെ വിധികർത്താവ്. മത്സരം തുടങ്ങും മുമ്പ് അഥീനാദേവി ഒരു നിബന്ധന മുന്നോട്ടു വച്ചു. ''മത്സരത്തിൽ ആരാണ് നല്ല പ്രകടനം കാഴ്ചവച്ചതെന്ന് സേവൂസ് ദേവൻ തീരുമാനിക്കും. തോൽക്കുന്നത് ആരാകിലും അവർ പിന്നീടൊരിക്കലും തറി (നെയ്ത്ത് യന്ത്രം) ഉപയോഗിച്ചു നെയ്യാൻ പാടില്ല.'' അരാക്നി അതു തലകുലുക്കി സമ്മതിച്ചു.

അങ്ങനെ മത്സരം ആരംഭിച്ചു. ആദ്യം തുന്നൽ ആരംഭിച്ചത് അരാക്നിയാണ്. ഇവർ തമ്മിലുള്ള മത്സരത്തെക്കുറിച്ചു കേട്ടറിഞ്ഞ് നിരവധി മനുഷ്യർ അവിടേക്കു പ്രവഹിച്ചു. മാലോകർ മാത്രമല്ല ദേവലോകവാസികളും അവിടെ സന്നിഹിതരായിരുന്നു.

സേവൂസിനെയും അഥീനയേയും മറ്റു ദേവഗണങ്ങളെയും കുരങ്ങുകളും കഴുതകളുമായ് അവൾ ചിത്രീകരിച്ചു. ചിത്രത്തിന്റെ ഒത്ത നടുക്ക് സകലരാലും ആരാധിക്കപ്പെടുന്ന ദേവതയായ് സ്വന്തം രൂപം.

ദൃശ്യത്തിനു മിഴിവേകാൻ ഹൃദയഹാരിയായ പലതും അവൾ തുന്നിച്ചേർത്തു. സുന്ദരമായ ഉദ്യാനങ്ങൾ, അരുവികൾ, അരയന്നങ്ങൾ നീന്തുംതടാകങ്ങൾ, പച്ചപ്പുൽ മൈതാനങ്ങൾ. ഏവരും കണ്ണിമക്കാതെ അവ നോക്കിനിന്നു. അതിശയത്തോടെ അവർ പരസ്പരം മന്ത്രിച്ചു.''അമ്മമ്മോ മനുഷ്യസ്ത്രീകൾക്ക് ഇങ്ങനെയും കരവിരുതോ?''

അഥീനദേവിയാകട്ടെ ദേവീദേവന്മാരെയാണ് തന്റെ തുന്നലിനു വിഷയമാക്കിയത്. എണ്ണമറ്റ ദേവഗണങ്ങൾക്കു നടുവിൽ സേവൂസ് ദേവന്റെ തേജസ്സാർന്ന രൂപം. പശ്ചാത്തലത്തിൽ ഭീകരന്മാരായ രാക്ഷസന്മാർ. ആജാനബാഹുക്കളായ ടൈറ്റന്മാർ, സുന്ദരികളായ അപ്സരസ്സുകൾ. ദേവന്മാരുമായി പോരാടി തോൽക്കുന്ന ഭീകര ജീവികളുടെ രൂപങ്ങളും തുന്നിയിട്ടുണ്ട്.

ദുഷ്ടക്കൂട്ടങ്ങളെ മലകളാലും കരിമ്പാറക്കെട്ടുകളാലും തുന്നിച്ചേർത്തു. അഹങ്കാരം നിറഞ്ഞ മനുഷ്യസ്ത്രീകൾ ചിത്രത്തിൽ വൈരൂപ്യമാർന്ന ഭീകരപക്ഷികളായ് മാറി. അലച്ചു കൊണ്ടേ

**മുന്നിൽ നിൽക്കുന്ന ആൾ സാക്ഷാൽ അഥീന ദേവിയാണെന്നറിഞ്ഞതും അരാക്നി ഉള്ളാലേ പരിഭ്രമിച്ചു. പക്ഷേ അതൊന്നും പുറത്തുകാട്ടാതെ ആൾ ആ വെല്ലുവിളി ഏറ്റെടുത്തു. അഹങ്കാരം തലയ്ക്കു പിടിച്ചതിനാൽ അവൾക്ക് ഒരു കൂസലുമുണ്ടായിരുന്നില്ല.**

**ദേവി തന്റെ മാന്ത്രികവടികൊണ്ട് അവളെ സ്പർശിച്ചു. നിമിഷങ്ങൾക്കുള്ളിൽ അരാക്നി ഒരു ചിലന്തിയായി മാറി. എട്ടുകാലുകളും നടുക്ക് ഒരു പെട്ടിവയറുമായ്. ഭൂമിയിലെ ആദ്യത്തെ ചിലന്തി.**

യിരിക്കും മട്ടിൽ...

അഥീന തുന്നിയ ദേവരൂപങ്ങൾക്ക് എന്തൊരു ഐശ്വര്യം. ഏവരും അതിനു മുന്നിൽ കുമ്പിട്ടു പോയി. സേവൂസ് ദേവൻ, രണ്ടു കലാസൃഷ്ടികളും വിശദമായ് അപഗ്രഥിച്ചു. രണ്ടും അതിവിശിഷ്ടം. പക്ഷേ ഏറ്റവും മികച്ചത് അഥീനയുടേതു തന്നെ. സേവൂസ് വിധി പ്രഖ്യാപിച്ചു.


അരാക്നിക്ക് അത് വിശ്വസിക്കാനായില്ല. പരാജയം താങ്ങാനാവാതെ അവൾ ഒരു ഭ്രാന്തിയെപ്പോലെ ബഹളം വച്ചു. അരിശം കൊണ്ടു വിറച്ചു. വായിൽവന്ന ശാപവചസ്സുകളൊക്കെയും വിളിച്ചുപറഞ്ഞു. കോപം തെല്ലടങ്ങിയപ്പോൾ സങ്കടം അവളെ കീഴ്പ്പെടുത്തി. അരാക്നി, ഹൃദയം തകർന്നു പൊട്ടിക്കരഞ്ഞു. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള സംഗതി തുന്നലാണ്. സ്വന്തമായി തറിയിൽ നൂൽനൂറ്റ് ഉണ്ടാക്കുന്ന തുണിയിൽ മാത്രമാണല്ലോ അവൾ തുന്നൽപ്പണി ചെയ്യുന്നത്. (അന്നൊന്നും നെയ്തെടുത്ത തുണിത്തരങ്ങൾ കടയിൽ നിന്നും വാങ്ങാനാവില്ല. ഓരോരുത്തരും അവനവനു വേണ്ടുന്നത് നെയ്തെടുക്കുകയായിരുന്നു) മത്സരത്തിന്റെ നിയമം അനുസരിച്ച് തോറ്റുപോയ ആൾക്ക് ഇനി നെയ്ത്തുതറിയിൽ തൊടാനേ ആവില്ല.

ഹോ, എന്തുകഷ്ടം! നെയ്ത തുണി ഇല്ലെങ്കിൽ താനിനിമേൽ എങ്ങനെ തുന്നൽപ്പണി നടത്തും? ചിത്രത്തുന്നൽ ചെയ്യാതെ ഒരു നിമിഷം പോലും അവൾക്കു കഴിച്ചുകൂടാനാവില്ല. അവൾ തലതല്ലിക്കരഞ്ഞു.

അരാക്നിയുടെ അവസ്ഥ കണ്ട് അഥീനദേവിയുടെ മനസ്സലിഞ്ഞു. ''നെയ്ത്തുതറിയിൽ നെയ്യാൻ പാടില്ലാ എന്നാണല്ലോ നിബന്ധന. പകരം ഞാൻ മറ്റൊന്ന് ചെയ്തുതരാം. അതുവഴി ജീവിതകാലം മുഴുവൻ നിനക്കു നെയ്ത്തു തുടരാം.''

ഇത്രയും പറഞ്ഞുകൊണ്ട് ദേവി തന്റെ മാന്ത്രികവടികൊണ്ട് അവളെ സ്പർശിച്ചു. നിമിഷങ്ങൾക്കുള്ളിൽ അരാക്നി ഒരു ചിലന്തിയായി മാറി. എട്ടുകാലുകളും നടുക്ക് ഒരു പെട്ടിവയറുമായ്. ഭൂമിയിലെ ആദ്യത്തെ ചിലന്തി. ആലോചിച്ചുസമയം കളയാതെ അരാക്നി അടുത്തുകണ്ട ചെടിപ്പടർപ്പിലേക്കു വലിഞ്ഞുകയറി.

''നിന്റെ ഉടലിൽ നിന്നുതന്നെ നെയ്യാനുള്ള നൂൽ ലഭിക്കും'' എന്ന് അഥീന കൂട്ടിച്ചേർത്തു. ഭദ്രമായ് ഒരിടത്ത് ഇരിപ്പുറപ്പിച്ച ശേഷം അവൾ നെയ്ത്തു തുടങ്ങി. നെയ്തുനെയ്ത് അവൾ ഒന്നാന്തരം ഒരു വലയുണ്ടാക്കി. എന്നിട്ട് ലക്ഷണമൊത്ത ആ നിർമിതിയുടെ ഒത്ത നടുക്ക് ഒരു മഹാറാണിയെപ്പോൽ ഗംഭീരഭാവത്തോടെ താമസവും ആരംഭിച്ചു.



ഇതു വായിച്ചുകഴിയുമ്പോൾ നിങ്ങൾ ചുറ്റിനും ഒന്നു പരതിനോക്കൂ. എവിടെയെങ്കിലും ഉണ്ടാവും ഒരു ചിലന്തിയുടെ സാമ്രാജ്യം. പരിപൂർണതയുള്ള ഒരു കലാസൃഷ്ടി. മനോജ്ഞമായ ആ നേർത്ത വല നെയ്യാനുള്ള സിദ്ധി ചിലന്തികൾക്ക് അവസാന പൈതൃകമായി ലഭിച്ചതാണ്. അരാക്നി മുത്തശ്ശിയിലൂടെ കൈവന്ന അനുപമമായ കരവിരുത്.

ഫിന്നിഷ് നാടോടിക്കഥ

# വനത്തിലെ വധു

പുനരാഖ്യാനം : **സുജ സൂസൻ ജോർജ്ജ്**

ഒരു കൃഷിക്കാരന് രണ്ട് ആൺമക്കളുണ്ടായിരുന്നു. അവർ വളർന്നുവലുതായി. ഒരുദിവസം കൃഷിക്കാരൻ മക്കളെ വിളിച്ച് അടുത്തിരുത്തി പറഞ്ഞു. "മക്കളേ, നിങ്ങൾക്ക് വിവാഹപ്രായമായി. നമ്മുടെ കുടുംബത്തിന്റെ രീതിയനുസരിച്ച് നിങ്ങളിനി നിങ്ങളുടെ വധുവിനെ കണ്ടുപിടിക്കണം. നിങ്ങൾ ഓരോരുത്തരും ഓരോ മരം മുറിച്ചിടണം. ഏത് ദിക്കിലേക്കാണോ മരം വീഴുന്നത് ആ ദിക്കിലേക്ക്, വധുവിനെ അന്വേഷിച്ച് പോകണം. ആ ദിക്കിലെവിടെയെങ്കിലും നിങ്ങൾക്ക് അനുയോജ്യയായ പെൺകുട്ടിയുണ്ടാകും."

ജ്യേഷ്ഠൻ ഒരു പെൺകുട്ടിയെ പ്രേമിക്കുന്നുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ വീടിന്റെ ദിക്കിലേക്കുതന്നെ അവനൊരു മരം മുറിച്ചിട്ടു. അനുജൻ മിക്കോയ്ക്ക് കാമുകിമാരൊന്നും ഇല്ലായിരുന്നു. അവൻ മരം മുറിച്ചിട്ടത് കാടിന്റെ ഭാഗത്തേക്കായിപ്പോയി.

"ആഹാ... നല്ല കാര്യം മിക്കോ! നീ കാട്ടിൽ ച്ചെന്ന് വല്ല ചെന്നായയെയോ കുറുക്കനെയോ കല്യാണം കഴിക്ക്!"

ജ്യേഷ്ഠൻ അവനെ കളിയാക്കി.

"അത് സാരമില്ല.... ഞാൻ കണ്ടുപിടിക്കുന്ന ആളെത്തന്നെ ഞാൻ കല്യാണം കഴിക്കും..." മിക്കോ കാട്ടിലേക്കു നടന്നു.

നടന്നുനടന്ന് കൊടുങ്കാട്ടിൽ എത്തുന്നതുവരെ മിക്കോയ്ക്ക് ആരെയും കണ്ടെത്താനായില്ല. അവസാനം അവൻ കാട്ടിൽ ഒരു കുടിൽ കണ്ടു. കുടിൽ മുഴുവൻ പരിശോധിച്ചിട്ടും ഒരു കുഞ്ഞെലിയെ ഒഴിച്ച് ആരെയും കണ്ടെത്താനായില്ല. ഒരു ചെറിയ മേശപ്പുറത്ത് ഒരു കുഞ്ഞെലി രണ്ടു കാലിൽ നിന്ന് തിളങ്ങുന്ന കണ്ണുകൾ കൊണ്ട് മിക്കോയെ നോക്കിക്കൊണ്ടിരുന്നു.

"നീ ആരാണ്?" ചുണ്ടെലി മന്ദമായി ചോദിച്ചു. മിക്കോ ആദ്യമായാണ് ഒരു എലി സംസാരിക്കുന്നത് കേൾക്കുന്നത്.

മിക്കോ വളരെ വിനയത്തോടെ സ്വയം പരിചയപ്പെടുത്തി, "ഞാനെന്റെ വധുവിനെ തേടി വന്നതാണ്." ചുണ്ടെലി സന്തോഷത്തോടെ ചിലച്ചു, "മിക്കോ ഞാൻ നിന്റെ വധുവാകാം!".

"അയ്യോ... നീ ഒരു എലിയെല്ലെ?" മിക്കോ

വര: ബോബി എം പ്രഭ



ചോദിച്ചു.

"അത് സത്യമാണ്! പക്ഷേ നിന്നെ എനിക്ക് സത്യസന്ധമായി സ്നേഹിക്കാൻ കഴിയും. നീ എന്റെ രോമമൊന്ന് തൊട്ടു നോക്കിയേ..."

മിക്കോ ഒരു വിരൽ കൊണ്ട് എലിയെ തൊട്ടു, വെൽവെറ്റിൽ തൊടുംപോലെ തോന്നി! ഒരു രാജകുമാരിയുടെ ഗൗണിൽ തൊടും പോലെ!

ചുണ്ടെലി പൊടുന്നനെ ഒരു പാട്ടുപാടി.

"മിക്കോയുടെ പ്രിയതമ ഞാൻ
എന്തു നല്ല ചെറുപ്പാക്കരനീ മിക്കോ
എന്റെ വെൽവെറ്റുടുപ്പ്
രാജകുമാരിയുടെ ഗൗൺപോലെ"

മിക്കോയ്ക്ക് അവളെ നന്നായി ഇഷ്ടപ്പെട്ടു. "അല്ലയോ കുഞ്ഞെലി നീയാണെന്റെ പ്രിയതമ." മിക്കോ പറഞ്ഞു.

"ഓ! മിക്കോ! നിനക്ക് ഒരിക്കലും ദു:ഖിക്കേണ്ടിവരില്ല.'' കുഞ്ഞെലി സന്തോഷത്തോടെ പറഞ്ഞു. മിക്കോയ്ക്ക് അതത്ര തീർച്ചയായിരുന്നില്ല. ചുണ്ടെലിയെ തലോടിക്കൊണ്ട് അവൻ പുഞ്ചിരിച്ചു. മിക്കോ വീട്ടിലെത്തി. ജ്യേഷ്ഠൻ തന്റെ പ്രിയതമയുടെ ചുവന്നു തുടുത്ത കവിളുകളെ കുറിച്ചും നീണ്ട സ്വർണ്ണത്തലമുടിയെക്കുറിച്ചും അച്ഛനോട് വിവരിക്കുകയായിരുന്നു.

"നല്ല കണ്ടെത്തലാണെന്നു തോന്നുന്നു! മിക്കോ നിന്റെയോ?" അച്ഛൻ ചോദിച്ചു.

"നല്ല രോമക്കുപ്പായമിട്ട സുന്ദരിയെ നീ കണ്ടുമുട്ടിയോ മിക്കോ!" സഹോദരൻ പരിഹസിച്ചു.

"എന്റെ പ്രിയതമ... രാജകുമാരിയുടേതുപോലുള്ള രോമകുപ്പായം ധരിച്ചവൾ!" പക്ഷേ അതൊരു ചുണ്ടെലിയാണെന്ന് അവൻ പറഞ്ഞില്ല.

"കൊള്ളാം മിക്കോയുടെ മരവും നല്ല ദിക്കിലേക്കാണ് വീണതെന്ന് തോന്നുന്നു." അച്ഛനു സന്തോഷമായി.

"നിങ്ങളുടെ വധുക്കൾക്ക് ഇനി ഒരു പരീക്ഷയുണ്ട്. അവരോട് കുറച്ചു വസ്ത്രം നെയ്യാൻ പറയൂ. നമ്മുടെ കുടുംബം ഇങ്ങനെയാണ് വധുക്കളെ തീരുമാനിക്കുന്നത്."

അടുത്ത ദിവസം രാവിലെ രണ്ടു സഹോദരങ്ങളും അവരവരുടെ പ്രിയതമമാരുടെ അടുത്തേക്കു പോയി. മിക്കോ കാട്ടിനുള്ളിലെ കുടിലിലെത്തി. മേശപ്പുറത്ത് കുഞ്ഞെലി ഉണ്ടായിരുന്നു. അവൾ കീഴ്മേൽ തുള്ളിച്ചാടി. അവളുടെ കുഞ്ഞിക്കൈകൾ കൊട്ടി.

"ഓ മിക്കോ... ഇന്നാണോ നമ്മുടെ വിവാഹം?"

മിക്കോ അവളെ മൃദുവായി തലോടി. "ആയിട്ടില്ല എന്റെ കുഞ്ഞെലി."

"നിന്റെ മുഖമെന്താണ് വാടിയിരിക്കുന്നത്? എന്തുപറ്റി?" ചുണ്ടെലി ചോദിച്ചു.

"എന്റെ അച്ഛൻ കുറച്ച് തുണികൾ നെയ്യുന്നതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്, പക്ഷേ നീ എങ്ങനെയാ നെയ്യുക? നീ ഒരു ചുണ്ടെലിയല്ലേ?"

"അത് ശരിയാണ്. പക്ഷേ ഞാൻ നിന്റെ പ്രിയതമ കൂടിയാണ്. മിക്കോയുടെ പ്രിയതമയ്ക്ക് നെയ്യാൻ കഴിയും."

ചുണ്ടെലി പറഞ്ഞു.

"നീ വളരെ ദൂരം നടന്ന് ക്ഷീണിച്ചു വന്നതല്ലേ, ഞാൻ ജോലിചെയ്യുമ്പോൾ നീ വിശ്രമിച്ചോളൂ." മിക്കോ ആ മുറിയുടെ മൂലയിൽ ഉണ്ടായിരുന്ന ഒരു കിടക്കയിൽ കിടന്നു. കുഞ്ഞെലി മനോഹരമായ ഒരു താരാട്ട് പാടി.

"മിക്കോയുടെ വധുവാണ് ഞാൻ
എത്ര നല്ല ചെറുപ്പക്കാരനാണവൻ
അവൻ യാത്രയാകും നേരം
ഞാൻ നെയ്തുതീർക്കും പട്ടു വസ്ത്രം."

മിക്കോ അഗാധനിദ്രയിലേക്ക് വഴുതിവീണു. ചുണ്ടെലി ചെറിയൊരു മണി എടുത്ത് ശബ്ദമുണ്ടാക്കി. കുടിലിന്റെ നാനാവശങ്ങളിലെ മാളങ്ങളിൽ നിന്ന് നൂറുകണക്കിന് എലികൾ കുതിച്ചെത്തി മേശയ്ക്ക് ചുറ്റും അണിനിരന്നു.

"എല്ലാവരും പോയി ഏറ്റവും നല്ല ചണനാരുകൾ കൊണ്ടുവരൂ... വേഗം!"

എലികൾ നാനാവഴിക്ക് പാഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ ഓരോരുത്തരായി ചണനാരുകളുമായി തിരിച്ചെത്തി.

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. തറിയിൽ നൂലുകൾ കടത്തി വീർ... വീർ... വിർ, തങ്ക്... സ്മിഷ്.. തങ്ക്... സ്മിഷ്.....

തറി ഇടതടവില്ലാതെ പ്രവർത്തിച്ചു. അവസാനം തുണി മുറിച്ചെടുത്ത് ഒരു കപ്പലണ്ടി



എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

ത്തോടിനുള്ളിലൊതുക്കി വെച്ചു.

"ഇനി നിങ്ങൾക്ക് പോകാൻ സമയമായി." എല്ലാ എലികളും അപ്രത്യക്ഷരായി.

''മിക്കോ... എഴുന്നേൽക്കൂ... വീട്ടിൽ പോകാൻ നേരമായി. ഇതാ അച്ഛനുള്ള സമ്മാനം." മിക്കോ കപ്പലണ്ടിത്തോടുമായി വീട്ടിലേക്ക് മടങ്ങി.

അവിടെ ജ്യേഷ്ഠൻ അവന്റെ പ്രിയതമ നെയ്തെടുത്ത വസ്ത്രം അച്ഛനെ കാണിക്കുകയായിരുന്നു.

''നല്ല ബലവും ഗുണവുമുള്ളത്! നമ്മെ പോലുള്ള പാവപ്പെട്ടവർക്ക് ഇതുമതി."

"നിന്റേതെവിടെ മിക്കോ?" അച്ഛൻ ചോദിച്ചു.

മിക്കോ അൽപ്പം ലജ്ജയോടെ ആ കപ്പലണ്ടിത്തോട് അച്ഛന്റെ കയ്യിൽ കൊടുത്തു.

"അയ്യോ നോക്കിയേ... മിക്കോ വസ്ത്രം ചോദിച്ചു, അവന്റെ വധു അവന് കപ്പലണ്ടിത്തോട് കൊടുത്തു!"

സഹോദരൻ കളിയാക്കി!

പക്ഷേ കൃഷിക്കാരൻ കപ്പലണ്ടിത്തോട് തുറന്ന് ഉള്ളിലേക്കു നോക്കി. ഉള്ളിലെന്തോ കയ്യിൽ തടഞ്ഞു. അത് പതിയെ വെളിയിലേക്ക് വലിച്ചെടുത്തു. വലിച്ചിട്ടും വലിച്ചിട്ടും തീരാതെ അത് നീണ്ടുനീണ്ട് കിടന്നു. മിക്കോയുടെ ജ്യേഷ്ഠൻ വാപൊളിച്ച് നിന്നുപോയി. മിക്കോയും അത്ഭുതപെട്ടു.

"മിക്കോയുടെ വധുവിനെക്കാൾ വലിയൊരു നെയ്ത്തുകാരിയില്ല." കൃഷിക്കാരൻ പറഞ്ഞു. "നിങ്ങളുടെ രണ്ടുപേരുടെയും വധുക്കൾ നല്ല നെയ്ത്തുകാരാണ്. അവരെ കൂട്ടി നാളെ വിവാഹത്തിനായി വരൂ."

അടുത്ത ദിവസം മിക്കോ കുടിലിലെത്തിയപ്പോൾ കുഞ്ഞെലി സന്തോഷം കൊണ്ട് തുള്ളിച്ചാടി.

"ഇന്നാണോ നമ്മുടെ വിവാഹം?" അവൾ ചോദിച്ചു.

"അതെ, പ്രിയ കുഞ്ഞെലീ...'' അവന്റെ ശബ്ദം വിഷണ്ണത നിറഞ്ഞതായിരുന്നു.

"എന്താ മിക്കോ, നീ ദു:ഖിതനായിരിക്കുന്നത്?" കുഞ്ഞെലി ചോദിച്ചു.

"ഞാനെങ്ങനെയാണ് ഒരു കുഞ്ഞെലിയെ വിവാഹം കഴിക്കാനായിട്ട് കൊണ്ടുപോകുക? എന്റെ അച്ഛനും സഹോദരനും കൂട്ടുകാരും നാട്ടുകാരും എന്നെ പരിഹസിക്കും. ഞാനൊരു വിഡ്ഢിയാണെന്ന് കരുതും."

"അവർ അങ്ങനെ കരുതുമായിരിക്കും... പക്ഷേ നീ എന്തു കരുതുന്നു?" കുഞ്ഞെലി ചോദിച്ചു.

അവൾ മിക്കോയെ കണ്ണുമിഴിച്ച് നോക്കിക്കൊണ്ടിരുന്നു. അവൾ എത്രമാത്രം തന്നെ സ്നേഹിക്കുന്നുവെന്നും സംരക്ഷിക്കുന്നുവെന്നും അവൻ ഓർത്തു.

"ഏത് പ്രിയതമയെക്കാളും പ്രിയയാണ് നീ... അതിനാൽ അവർ കളിയാക്കിക്കോട്ടെ... എന്തു വേണമെങ്കിലും കരുതിക്കോട്ടെ.'' "നീ ഇന്നെന്റെ വധുവാകും!"

"ഓ , മിക്കോ, നീ എന്നെ ലോകത്ത് വെച്ച് ഏറ്റവും സന്തുഷ്ടയായ എലിയാക്കി."

അവൾ ചെറിയ മണി എടുത്ത് അടിച്ചു. കപ്പലണ്ടിത്തോട് കൊണ്ടുണ്ടാക്കിയ മനോഹരമായ തേര് എത്തി. അത് വലിച്ചിരുന്നത് നാല് കറുത്ത എലികളായിരുന്നു. ഒരു തേരാളി എലി മുൻപിലും ഒരു പരിചാരകൻ എലി പിന്നിലുമുണ്ടായിരുന്നു.

"മിക്കോ, നീ എന്നെ താഴെ ഇറങ്ങാൻ സഹായിക്കുമോ?" അവൾ ചോദിച്ചു.

മിക്കോ അവളെ മേശയിൽ നിന്ന് താഴെ ഇറക്കി തേരിൽ കയറ്റിയിരുത്തി. തേര് മിക്കോയുടെ വീടിനെ ലാക്കാക്കി പറന്നു. മിക്കോ പിന്നാലെ ഓടിക്കിതച്ചു.

കുഞ്ഞെലി പെണ്ണ് മനോഹരമായ ഒരു പാട്ട് പാടി.

"തേരിൽ ഞാനവന്റെ വീട്ടിലെത്തുമ്പോൾ
മിക്കോയുടെ പ്രിയതമയാകും ഞാൻ
എത്ര നല്ല ചെറുപ്പക്കാരനാണവൻ"

അവസാനം അവർ കല്യാണസ്ഥലത്തെത്തി. മനോഹരമായ ഒരു നദീതീരത്തായിരുന്നു അത്. അതിഥികൾ ആടുകയും പാടുകയും ചെയ്യുന്നുണ്ടായിരുന്നു. പക്ഷേ മിക്കോ വന്നുചേർന്നപ്പോൾ എല്ലാവരും നിശ്ശബ്ദരായി. ആ ചെറിയ തേരിലേക്ക് തുറിച്ചുനോക്കി.

മിക്കോയുടെ സഹോദരൻ വധുവിനൊപ്പം അവിശ്വസനീയമായത് കണ്ടതുപോലെ അമ്പരന്നുനിന്നു. മിക്കോയും കുഞ്ഞെലിയും അവരുടെ അടുത്തേക്കു ചെന്നു.

“എന്റെ ജീവിതത്തിൽ കണ്ടതിൽ വച്ചേറ്റവും വിഡ്ഢിത്തം നിറഞ്ഞ കാഴ്ച!”

മിക്കോയുടെ സഹോദരൻ പറഞ്ഞു. അവൻ ഒരു ചവിട്ടിന് തേരിനേയും കുഞ്ഞെലിയേയും നദിയിലേക്ക് തെറിപ്പിച്ചുകളഞ്ഞു. മിക്കോയ്ക്ക് ഒന്നും ചെയ്യാനാകും മുമ്പ് അവരെ ഒഴുക്കെടുത്തു കൊണ്ടുപോയി.

“എന്താണ് നിങ്ങൾ ചെയ്തത്?”

മിക്കോ അലറി. “നീ എന്റെ പ്രിയതമയെ കൊന്നു!”

“നിനക്ക് ഭ്രാന്താണോ? അത് ഒരു എലിയല്ലേ?” ജ്യേഷ്ഠൻ ചോദിച്ചു.

“അവളൊരു എലിയായിരിക്കാം. പക്ഷേ അവളെന്റെ പ്രിയതമയാണ്.” കണ്ണീരടക്കാനാകാതെ മിക്കോ വിതുമ്പി.

“മിക്കോ, നോക്കിയേ...!!”

അച്ഛൻ മിക്കോയെ വിളിച്ചു. എല്ലാവരും നദിയിലേക്ക് തുറിച്ചുനോക്കി. നാല് കുതിരകളെ പൂട്ടിയൊരു രഥം നദിയിൽ നിന്ന് പൊങ്ങിവരുന്നു. ഒരു തേരാളി മുന്നിലും ഒരു പരിചാരകൻ പിന്നിലും! നനഞ്ഞ് കുതിർന്നിരുന്നെങ്കിലും വെൽവെറ്റ് ഗൗണിട്ട അതിസുന്ദരിയായ രാജകുമാരി തേരിനകത്ത്! തേര് മിക്കോയുടെ അടുത്തു വന്നുനിന്നു.

“മിക്കോ.... എന്നെ ഇറങ്ങാൻ സഹായിക്കൂ...” രാജകുമാരി കൈനീട്ടി.

മിക്കോ കണ്ണുമിഴിച്ചു! “നീ ആ കുഞ്ഞെലി തന്നെയാണോ?”

“ഉറപ്പായും അതെ! ഒരു മന്ത്രവാദിനി എന്നെ ശപിച്ചതാണ്. സഹോദരൻമാരിൽ ഒരാൾ എന്നെ കൊല്ലാൻ ആഗ്രഹിക്കുകയും മറ്റെയാൾ വിവാഹം ചെയ്യാൻ ആഗ്രഹിക്കുകയും ചെയ്യുന്ന അവസരത്തിലേ എനിക്ക് മോക്ഷമുണ്ടാകൂ എന്നായിരുന്നു ആ ശാപം!”

“പ്രിയതമ... ഞാനാകെ നനഞ്ഞിരിക്കുന്നു. നമ്മുടെ വിവാഹത്തിന് ഇങ്ങനെ നനഞ്ഞിരിക്കാൻ വയ്യ....”

വിവാഹം വലിയ ആഘോഷമായി മാറി. ജ്യേഷ്ഠന് അൽപം അസൂയയൊക്കെ തോന്നിയെങ്കിലും അവന്റെ ഭാര്യയും അതിസുന്ദരി തന്നെയായിരുന്നു. അതിനാൽ അസൂയ അത്രയ്ക്കങ്ങ് കൂടിയില്ല.

അടുത്ത ദിവസം മിക്കോയും ഭാര്യയും കാട്ടിലെ കുടിലിലേക്കു പോയി. അപ്പോഴല്ലെ അത്ഭുതം! അവിടെ കുടിലില്ല. പകരം നൂറു കണക്കിന് പരിചാരകരുള്ള ഒരു വലിയ കൊട്ടാരം!





വര: സചീന്ദ്രൻ കാറഡുക്ക



# ഒറ്റച്ചെരുപ്പിട്ട ഗുരു

**പായിപ്ര രാധാകൃഷ്ണൻ**

ഗുരുവിനെത്തേടി ഇളംപ്രായത്തിലെ വീടുവിട്ടുപോയ ഒരു മകൻ. അയാൾക്കിപ്പോൾ മധ്യവയസ്സു കഴിഞ്ഞിരിക്കുന്നു. ഒരിക്കൽ അയാൾ ഒരു സന്ന്യാസിയുടെ മുന്നിലെത്തി. ഇത്രകാലം തിരഞ്ഞിട്ടും തനിക്ക് ഗുരുവിനെ കണ്ടെത്താനായില്ല എന്ന് അയാൾ സങ്കടം പറഞ്ഞു.

''നീ നിന്റെ വീട്ടിലേക്കു മടങ്ങുക. അപ്പോൾ നിന്റെ ഗുരു നിന്നെത്തേടിവരും.'' സന്ന്യാസി പറഞ്ഞു.

''എന്നെ തിരഞ്ഞുവരുന്നവരിൽ ഞാനെന്റെ ഗുരുവിനെ എങ്ങനെ തിരിച്ചറിയും?''

''നിന്റെ ഗുരു നിന്നെത്തേടി വരുമ്പോൾ അദ്ദേഹത്തിന്റെ കാലിൽ ഒറ്റച്ചെരിപ്പേ ഉണ്ടാവൂ...''

അയാൾ വീട്ടിലേക്കു മടങ്ങി.

മകൻ മടങ്ങിവരുന്ന വാർത്ത അറിഞ്ഞ് വൃദ്ധമാതാവ് പുറത്തേക്ക് ഓടി. ഒരു കല്ലിൽത്തട്ടി അവരുടെ ഒരു ചെരിപ്പ് തെറിച്ചുപോയി. അതു കണ്ടെടുക്കാൻ അപ്പോഴവർക്കു സാവകാശം ഉണ്ടായിരുന്നില്ല.

മകൻ അമ്മയെ കണ്ട മാത്രയിൽ നമസ്കരിക്കാനായി കുനിഞ്ഞപ്പോൾ കണ്ടു ഒറ്റക്കാലിലെ ഒറ്റച്ചെരിപ്പ്! അങ്ങനെ തന്നെ തേടി വന്ന ഗുരുവിനെ അയാൾ കണ്ടെത്തി അമ്മയായിരുന്നു യഥാർഥ ഗുരു!

കഥ

# ഒരമ്മയും മകളും പിന്നെ ഹിന്ദിയിലേക്കുള്ള വഴികളും

പ്രിയ എ എസ്

പ്രിൻസിപ്പലിന്റെ മുറിയിൽ നിന്ന് ഇറങ്ങുമ്പോൾ അമീന, അമ്മയുടെ മുഖത്തേക്ക് പേടിയോടെ നോക്കി.

അമ്മയും അമീനയും ഒപ്പത്തിനൊപ്പം അങ്ങനെ നടക്കവേ, ഇപ്പോ അമ്മ വഴക്കു പറയും എന്ന് അവൾ ഓരോ നിമിഷവും പേടിച്ചു.

അമ്മയുടെ മുഖത്തേക്ക് അമീന പലതവണ പാളി നോക്കി.

ഒരുതരി തെളിച്ചം പോലുമില്ലാത്ത അത്തരമൊരു അമ്മമുഖം അവൾക്ക് കണ്ടുശീലമേ ഇല്ലായിരുന്നു.

എപ്പഴും ഒരു തെളിഞ്ഞ ചിരിയാണ് അമ്മ.

അമീന തന്നെ പലതവണ അമ്മയോട് പറഞ്ഞിട്ടുണ്ട്, 'ഓപ്പൺഹൗസിനു വരുമ്പോൾ അമ്മ, എന്റെ ക്ളാസിലെ കുട്ടികളോട് ചിരിക്കുന്നതുപോലെ വേറൊരമ്മയും ചിരിക്കാറില്ല. ബാക്കി അമ്മമാർക്കെല്ലാം അമ്മത്തമെന്നു വച്ചാൽ ചിരിയില്ലായ്മയും ഗൗരവവും ആണെന്നാണ് ഇരിപ്പിലും നടപ്പിലും വർത്തമാനത്തിലുമൊക്കെ മട്ടും ഭാവവും.'

'എല്ലാക്കുട്ടികളും എന്റെ കുട്ടികളാണെന്നാണ് നിന്റെ സ്കൂളിൽ വരുമ്പോൾ, നിന്റെ ക്ളാസ്മേറ്റ്സിനെ കാണുമ്പോൾ ഒക്കെ എന്റെ വിചാരം' എന്നാണ് അമ്മ എപ്പോഴും പറയാറ്.

ആ അമ്മയാണ് ഇപ്പോൾ അമീനയോടു പോലും ചിരിക്കാതെ നടക്കുന്നത്...



വര: സന്തോഷ് വെളിയന്നൂർ

ബാക്കി കുട്ടികളും ടീച്ചേഴ്സും എല്ലാം സ്ക്കൂളിൽ നിന്ന് വീടുകളിലേക്ക് പോയിക്കഴിഞ്ഞിരിക്കുന്നു.

അമീനയുടെ സ്ക്കൂൾവാനും പോയിക്കഴിഞ്ഞു... ഇന്നിനി അമ്മയുടെ സ്ക്കൂട്ടറിലാണ് അമീന വീട്ടിലേക്കു പോവുക.

സ്ക്കൂട്ടറിനടുത്തേക്ക് നടക്കും വഴിയേ, നിലത്തേക്കു കുനിഞ്ഞ് തറയിൽ ചോന്ന കണ്ണുപോലെ കിടന്നിരുന്ന അഞ്ചാറ് മഞ്ചാടിക്കുരു അമ്മ പെറുക്കിയെടുത്ത്, 'മോൾക്കു വേണോ?' എന്നു ചോദിച്ചുനീട്ടി.

'ഞാൻ വലുതായില്ലേ, പണ്ടത്തെപ്പോലെ മഞ്ചാടിക്കുരുക്കുട്ടി ഒന്നുമല്ല ഞാനിപ്പോ' എന്ന് വേറൊരവസരത്തിലായിരുന്നെങ്കിൽ അവൾ തർക്കുത്തരം പറഞ്ഞേനെ.

മഞ്ചാടിക്കുരു നീട്ടിയിട്ടെങ്കിലും അമ്മ വല്ലതുമൊന്ന് സംസാരിച്ചല്ലോ എന്ന് വലിയൊരാശ്വാസമാണ് അന്നേരം ശരിക്കും അവൾക്ക് തോന്നിയത്.

''പണ്ട് എൽ കെ ജിയിൽ പഠിക്കുമ്പോൾ, സ്ക്കൂളിൽനിന്ന് പലതരം ചെടികളുടെ ഇലകളും മഞ്ചാടിക്കുരുവും കശുമാങ്ങയും വരെ പോക്കറ്റിലിട്ട് വരുമായിരുന്നു നീയ്, ഓർമ്മയുണ്ടോ?'' എന്ന് ചോദിച്ചു പിന്നെ അമ്മ. അമീന തലയാട്ടി.

അമ്മ തുടർന്നു.

''കശുമാങ്ങ നേരെ പോക്കറ്റിലിട്ടാൽ കറ പിടിക്കും യൂണിഫോമിലൊക്കെ, അതുകൊണ്ട് അമ്മ ഒരു കവർ തന്നയയ്ക്കാം, അതിൽ പൊതിഞ്ഞേ കശുമാങ്ങ പോക്കറ്റിലിടാവൂ എന്നമ്മ പറഞ്ഞു ചട്ടം കെട്ടും അന്നൊക്കെ കുഞ്ഞിനെ. കുഞ്ഞത് അക്ഷരംപ്രതി അനുസരിക്കുകയും ചെയ്യുമായിരുന്നു. അന്നെല്ലാം മോൾക്ക്, അമ്മ പറയുന്നതെല്ലാം ഇഷ്ടത്തോടെ അനുസരിക്കാനുള്ളതായിരുന്നു, അന്നൊന്നും മോൾ അമ്മയോട് തർക്കുത്തരം പറയുകയോ അമ്മ പറയണതെല്ലാം വിഢ്ഢിത്തം എന്ന മട്ടിൽ അമ്മപ്പറച്ചിലുകളെ നിസ്സാരമാക്കി എടുക്കുകയോ ചെയ്യില്ലായിരുന്നു.'

അമീന ഒന്നും മിണ്ടാതെ എല്ലാം കേട്ട് അമ്മയുടെ ഒപ്പം നടന്നു.

പ്രിൻസിപ്പൽ വിളിപ്പിച്ചിട്ട് അമ്മയ്ക്ക് പെട്ടെന്ന് അമ്മയുടെ ഓഫീസിൽ നിന്ന് ലീവെടുത്ത് വരേണ്ടി വന്നതിനെക്കുറിച്ച് അമ്മ എന്താണ് ഒന്നും പറയാത്തത് എന്ന് അവളത്ഭുതപ്പെട്ടു.

'അമീന ചില വേണ്ടാത്ത പണികളൊക്കെ ഒപ്പിച്ചതിനെത്തുടർന്ന് ക്ളാസ് ടീച്ചർ അത് റിപ്പോർട്ടു ചെയ്തതു കൊണ്ടാണ് അത്യാവശ്യമായി വിളിപ്പിച്ചത്' എന്ന് ഓഫീസിൽ നിന്നു പിടച്ചോടിവന്ന അമ്മയോട് പ്രിൻസിപ്പൽ പറഞ്ഞുകാണണം. പ്രിൻസിപ്പലിന്റെ മുറിയിൽ വന്ന് അമ്മ അങ്ങനെ തലതാഴ്ത്തി ഇരിക്കവേ, പ്യൂണിനെ പറഞ്ഞുവിട്ട് പ്രിൻസിപ്പൽ അമീനയെ ക്ളാസിൽ നിന്നു വരുത്തിയ കാര്യങ്ങളൊക്കെ അമ്മ ഇപ്പോൾ എടുത്തിടും എന്ന് അവൾ സത്യമായും പേടിച്ചു.

പക്ഷേ അമ്മ, 'മഞ്ചാടിക്കുരു നിന്റെ പോക്കറ്റിൽ നിന്നു താഴെ വീണുപോയാലോ? ഇങ്ങു താ, അമ്മ സൂക്ഷിച്ചു വയ്ക്കാം' എന്നു പറഞ്ഞ് പേഴ്സിന്റെ സൈഡിൽ സൂക്ഷിച്ചിട്ടുവച്ച് സ്ക്കൂട്ടർ സ്റ്റാർട്ട് ചെയ്തതല്ലാതെ മറ്റൊന്നും ചോദിക്കുകയോ പറയുകയോ ചെയ്യാത്തത് അവൾക്ക് ശരിക്കും അത്ഭുതമായി.

**ഹെൽമറ്റു വച്ചാൽപ്പിന്നെ, അമ്മയ്ക്ക് വണ്ടി ഓടിക്കുന്നതിൽ മാത്രമാവും ശ്രദ്ധ. വണ്ടി ഓടുന്തോറും അമീന ഓരോന്ന് ആലോചിക്കാനും തുടങ്ങും. അതാണ് പതിവ്. ഹിന്ദിപ്പരീക്ഷയുടെ കാര്യമല്ലാതെ അമീനയ്ക്കിന്ന് വേറെ എന്തോർക്കാൻ പറ്റും!**

'സ്ക്കൂട്ടറിനു പുറകിൽ ഇരിക്കുമ്പോൾ നന്നായി പിടിച്ചിരിക്കണേ അമീനു' എന്നു മാത്രമേ അമ്മ പറഞ്ഞുള്ളൂ.

ഇനി വീട്ടിൽ ചെന്നാൽ, പേരമരത്തിൽ നിന്നു വടി വെട്ടി അമ്മ അടിക്കുമോ അതോ ഇനി സ്ക്കൂളിൽ പോകണ്ട എന്നു പറയുമോ എന്നെല്ലാം അമീന ശരിക്കും പേടിച്ചു. അവരുടെ വീട്ടിൽ വടി ഇല്ലേ ഇല്ല... അമ്മ ഇതുവരെ അവളെ തല്ലിയിട്ടുമില്ല. പക്ഷേ ഇന്ന് തല്ലാൻ തന്നെയാണ് വഴി എന്ന് അമീന ഉറപ്പിച്ചു.

''നമ്മൾ മഴക്കോട്ടെടുത്തിട്ടില്ലല്ലോ അമ്മേ, മഴ പെയ്യുവോ നമ്മളെത്തും മുമ്പ്?'' എന്ന് തെളിച്ചമില്ലാത്ത ആകാശത്തേക്കു നോക്കി അവൾ ചോദിച്ചപ്പോൾ, ''ഇല്ല, മഴ പെയ്യുകയൊന്നുമില്ല'' എന്നുപറഞ്ഞ് അമ്മ സ്ക്കൂട്ടർ ഓടിച്ചു.

ഹെൽമറ്റു വച്ചാൽപ്പിന്നെ, അമ്മയ്ക്ക് വണ്ടി ഓടിക്കുന്നതിൽ മാത്രമാവും ശ്രദ്ധ. വണ്ടി ഓടുന്തോറും അമീന ഓരോന്ന് ആലോചിക്കാനും തുടങ്ങും. അതാണ് പതിവ്.

ഹിന്ദിപ്പരീക്ഷയുടെ കാര്യമല്ലാതെ അമീനയ്ക്കിന്ന് വേറെ എന്തോർക്കാൻ പറ്റും!

അമീനയ്ക്കിന്ന് ഹിന്ദിപ്പരീക്ഷയായിരുന്നു. അവളുടെ ബോക്സിൽ നിന്ന്, ഹിന്ദി ഉത്തരങ്ങൾ എഴുതിയ കുഞ്ഞുകുഞ്ഞു കടലാസുതുണ്ടുകൾ കണ്ടെടുത്തത് പരീക്ഷാഹാളിൽ സൂപ്പർവിഷനുനിന്ന മലയാളം ടീച്ചറാണ്. ടീച്ചർ ഉടനെതന്നെ

ആ ഹിന്ദിത്തുണ്ടുകൾ ഒരു ചോദ്യവും പറച്ചിലുമില്ലാതെ, അമീനയുടെ മുഖത്തേക്കു പോലും നോക്കാതെ എടുത്തു മാറ്റി.

ഇനി പരീക്ഷ എഴുതാൻ ടീച്ചർ സമ്മതിക്കില്ലേ, സ്കൂളിൽ ഇനി പഠിക്കണ്ട എന്ന് വഴക്കുപറയുമോ എല്ലാരും കേൾക്കെ എന്നെല്ലാം പേടിച്ചു പോയി അമീന... പക്ഷേ ടീച്ചർ അവളെ തുടർന്നു പരീക്ഷ എഴുതാൻ അനുവദിച്ചു എന്നു മാത്രമല്ല അസ്വാഭാവികമായി എന്തെങ്കിലും നടന്നു എന്ന ഒരു മുഖഭാവം പോലും കാണിച്ചില്ല. അതുകൊണ്ടൊക്കെത്തന്നെ, മറ്റാരും അതറിഞ്ഞതായി അമീനയ്ക്ക് തോന്നിയതുമില്ല.

'വായോ, കുഞ്ഞിന് ഹിന്ദി ബുദ്ധിമുട്ടല്ലേ, വാ,അമ്മ ചോദ്യം ചോദിക്കാം പഠിപ്പിക്കാം' എന്നൊക്കെപ്പറഞ്ഞ് അമ്മ, ഹിന്ദിപ്പരീക്ഷയുടെ തലേദിവസം അവളെ അടുത്തുവിളിച്ചപ്പോൾ 'ഞാനൊക്കെ പഠിച്ചു കഴിഞ്ഞതാണ്, എത്ര നേരായി ഞാൻ ഹിന്ദി പഠിക്കുന്നു, ഇനീം പഠിക്കാനെനിക്കു വയ്യ' എന്നു പറഞ്ഞ് കാർട്ടൂൺ ചാനൽ കണ്ടിരുന്നു അവൾ.

"ശരിയാണ്, ഈ പരീക്ഷ നീ എന്റെ സഹായമില്ലാതെ എഴുത്, എത്ര മാർക്കു കിട്ടുമെന്നു നോക്കാം" എന്ന് അമ്മ അവളുടെ തലമുടിയിലൂടെ വിരലോടിച്ച് പറഞ്ഞു. 'നോക്കാനൊന്നുമില്ല, നല്ല മാർക്ക് കിട്ടും എനിക്ക്' എന്ന് ഒച്ചയിൽ അവൾ അന്നേരം പ്രസ്താവിച്ചു. 'എന്റെ തലമുടി ഇങ്ങനെ കോഴി ചിക്കും പോലെ ചിക്കിപ്പറിക്കല്ലേ' എന്നമ്മയെ ദേഷ്യപ്പെടുകയും ചെയ്തു ഒപ്പം.

"നല്ല മാർക്കു കിട്ടിയാൽ നിനക്കു കൊള്ളാം" എന്നു മാത്രം പറഞ്ഞു, മറുപടിയായി അമ്മ.

പഠിക്കാൻ മടിയായിട്ട് നോട്ടുബുക്കിൽ നിന്ന് കുഞ്ഞുകുഞ്ഞു കടലാസുകഷണങ്ങൾ ഒരേ വലിപ്പത്തിൽ വൃത്തിയായി വെട്ടിയെടുത്ത് ഹിന്ദി അർഥങ്ങൾ, നാനാർഥങ്ങൾ, വിപരീതങ്ങൾ, കാണാതെ പഠിക്കാനുള്ള പദ്യഭാഗം ഒക്കെ കുരുകുരാ എന്ന് പകർത്തി വച്ചിട്ടാണ് അമീന അങ്ങനെ കലഹസ്വരത്തിൽ അമ്മയോടു സംസാരിച്ചതെന്ന് പാവം അമ്മ എങ്ങനെ ഊഹിക്കാൻ?

ഹിന്ദിയേക്കാൾ അവൾക്ക് മലയാളവും ഇംഗ്ളീഷും കണക്കും സയൻസുമാണിഷ്ടം. ഹിന്ദി എപ്പോഴും അമ്മയാണ് പഠിപ്പിക്കാറ്. അങ്ങനെ ഇരുത്തിപ്പഠിപ്പിക്കലൊന്നുമില്ല അമ്മയ്ക്ക്. അമീന വെറുതേ നടക്കുമ്പോഴും അവിടെയും ഇവിടെയും ഇരിക്കുമ്പോഴുമൊക്കെ ഇടക്ക് ഓരോ ചോദ്യം ചോദിക്കും. അവൾക്ക് വിഷമമായത് ഇടയ്ക്കെല്ലാം ചോദിച്ച് അവളെ, ആ ഉത്തരം മറക്കാൻ സമ്മതിക്കാതെയിരിക്കും. അതാണ് അമ്മയുടെ പഠിപ്പിക്കൽ വിദ്യ. അമീന പഠിക്കുകയാണ്, അമ്മ പഠിപ്പിക്കുകയാണ് എന്നൊന്നും തോന്നുകയേയില്ല. അവസാനം പരീക്ഷയൊക്കെ കഴിയുമ്പോൾ, അമീനയ്ക്ക് ഒട്ടും ഇഷ്ടമല്ലാത്ത വിഷയം ഹിന്ദിയാണ് എങ്കിലും ഏറ്റവും കൂടുതൽ മാർക്ക് ഹിന്ദിക്കായിരിക്കും. അതാണ് അമ്മയുടെ ഹിന്ദിസൂത്രം.

പക്ഷേ ഇത്തവണ അമീന തീരുമാനിച്ചു, അമ്മയുടെ ഹെൽപ്പില്ലാതെ പഠിക്കാം ഹിന്ദിയും. വല്യ കുട്ടിയായില്ലേ, ഇനി തന്നത്താൻ-പഠിത്തമൊക്കെ മതി. ഹിന്ദി പുസ്തകമോ നോട്ട് ബുക്കോ ഒന്നും അവൾ അമ്മയെ കാണിച്ചതേയില്ല. 'ഞാൻ പഠിച്ചോളാം, ഞാൻ പഠിച്ചു കഴിഞ്ഞു' എന്നൊക്കെ പറഞ്ഞു. പക്ഷേ ക്ളാസ് ടെസ്റ്റിനൊക്കെ മാർക്ക് കുറവായപ്പോൾ, അതും അവൾ അമ്മയോട് പറഞ്ഞില്ല.

'പഠിക്കുന്നതിന്റെ രീതി ശരിയാകാഞ്ഞിട്ടാണ് മാർക്ക് കുറഞ്ഞത്, അല്ലാതെ പഠിക്കാൻ ബുദ്ധിയില്ലാഞ്ഞിട്ടല്ലല്ലോ' എന്ന് ടീച്ചർ പറഞ്ഞതും അവൾ വീട്ടിൽ മിണ്ടിയില്ല. ഇനി ആദ്യം തൊട്ടേ എല്ലാ പാഠവും കൂടി പഠിപ്പിക്കാൻ അമ്മ തുടങ്ങിയാൽ വലിയ പാടാവും. ഒരുപാടു സമയമെടുക്കും എല്ലാം പഠിച്ചെടുക്കണമെങ്കിൽ. അപ്പോഴാണ് കുറുക്കുവഴിയായി കുഞ്ഞിക്കടലാസുകളിൽ കുത്തിക്കുറിച്ച് അതെല്ലാം ബോക്സിൽ സൂക്ഷിച്ച് എക്സാം സമയത്ത് ആവശ്യം പോലെ അതിലോരോന്നെടുത്ത് ഉപയോഗിച്ച് പരീക്ഷയ്ക്ക് നല്ല മാർക്കു വാങ്ങിക്കാൻ അമീന തീരുമാനിച്ചത്. പക്ഷേ മലയാളം മിസ്, കാക്കയെപ്പോലെ ചാഞ്ഞു ചരിഞ്ഞുനോക്കി അവളുടെ കള്ളത്തരം കണ്ടുപിടിച്ച് ക്ളാസ്ടീച്ചറിനു റിപ്പോർട്ട് ചെയ്ത് അത് പ്രിൻസിപ്പൽ വരെയെത്തി, പിന്നെ അത് അങ്ങു ദൂരെ ഓഫീസിലിരിക്കുന്ന അമ്മയോളം എത്തുമെന്ന് ആരു വിചാരിച്ചു!

ഓഫീസിലേക്ക് പ്രിൻസിപ്പലിന്റെ ഫോൺ ചെന്നപ്പോൾ അമ്മ വല്ലാതെ പേടിച്ചുപോയിക്കാണും. ഫുട്ബോൾ കളിച്ച് കാൽ ഒടിഞ്ഞോ, വീണ് ബോധം പോയോ അമീനയ്ക്ക് എന്നൊക്കെ പേടിച്ചുപോയി

പക്ഷേ ഇത്തവണ അമീന തീരുമാനിച്ചു, അമ്മയുടെ ഹെൽപ്പില്ലാതെ പഠിക്കാം ഹിന്ദിയും. വല്യ കുട്ടിയായില്ലേ, ഇനി തന്നത്താൻ-പഠിത്തമൊക്കെ മതി. ഹിന്ദി പുസ്തകമോ നോട്ട്ബുക്കോ ഒന്നും അവൾ അമ്മയെ കാണിച്ചതേയില്ല.

ക്കാണും അമ്മ.

അമ്മ പെട്ടെന്ന് വീട്ടിലേക്കുള്ള വഴിയിൽ നിന്ന് ഒരിടവഴിയിലേക്കു സ്ക്കൂട്ടർ തിരിച്ചത് എന്തിനാണ് എന്ന് അവൾക്ക് മനസ്സിലായില്ല. ആ വഴിയിൽ വേറൊരു സ്ക്കൂളുണ്ടാവും, അവിടെ അവളെ ചേർക്കാനാവും അമ്മ പോകുന്നത്. 'ഞാനാകെ നാണം കെട്ടു ഇന്ന്, ഇനി എനിക്കാ സ്ക്കൂളിലെ ആരുടെയെങ്കിലും മുഖത്തു നോക്കാൻ പറ്റുമോ?' എന്നൊക്കെ ചോദിക്കും അമ്മ ഇപ്പോൾ എന്നുതന്നെ തോന്നി അവൾക്ക്.

സ്ക്കൂളിലെ കൂട്ടുകാരൊക്കെ വല്ലവഴിക്കും അറിഞ്ഞു കാണുമോ പ്രിൻസിപ്പൽ അമ്മയെ വിളിപ്പിച്ചത്, മാധവ് എന്ന അവളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനും കൂടി അവളെ കൂട്ടത്തിൽ ചേർക്കാതെ കള്ളക്കുട്ടി എന്നു വിളിച്ച് മാറ്റിനിർത്തുമോ എന്നൊക്കെ അവൾക്ക് പേടിയുമായി.

അങ്ങനെയൊക്കെ സംഭവിക്കുമെങ്കിൽ സ്ക്കൂൾ മാറുന്നതാവും നല്ലത് എന്നും അവൾക്കു തോന്നി. അമ്മ സ്ക്കൂട്ടർ നിർത്തിയപ്പോൾ, ആ പരിസരത്തെങ്ങാൻ വേറെ സ്കൂളുണ്ടോ എന്നവൾ കണ്ണാൽ ചുറ്റും പരതി. പക്ഷേ തൊട്ടരികിലെ കോഫി ഹൗസിലേക്കാണ് അമ്മ, അവളെ കൂട്ടിക്കൊണ്ടുപോയത്.

എന്നിട്ടമ്മ അവൾക്ക്, അവൾക്കേറ്റവും ഇഷ്ടമുള്ള ചിക്കൻ കട്ലറ്റും ലിച്ചി സ്മൂത്തിയും ഓഡർ ചെയ്തു. അമ്മ എപ്പോഴും ലൈം സോഡായുടെ ആളാണ്.

അമീന കട്ലറ്റിന്റെ ഒരു കഷണം, ഫോർക്കിലെടുത്ത് അമ്മയുടെ വായിൽ വച്ചു കൊടുത്തു.

അമ്മ അപ്പോൾ മുഖം തെളിഞ്ഞു ചിരിച്ചുകൊണ്ടു ചോദിച്ചു. ''വായയ്ക്ക് എന്താണ് ഹിന്ദി?''

ഹിന്ദി എന്നു കേട്ട് അവൾ പേടിച്ചുപോയി. അവളുടെ മുഖത്തെ പരുങ്ങൽ കണ്ടില്ലെന്നു ഭാവിച്ച് അമ്മ ലൈം സോഡായിലേക്കു മുഖം കുനിച്ച് 'പറയെടോ, അമീനക്കുട്ടീ' എന്ന് ചിരിച്ചു. അമീന 'മുഹ്' എന്ന് ഉത്തരം പറയുകയും അമ്മ 'ശരി' എന്നു വിരൽ കൊണ്ട് വായുവിൽ ടിക് ഇടുകയും പിന്നെ, 'നാക്കിന് ഹിന്ദി വാക്ക് എന്താണെടോ കുട്ടീ?' എന്നു ചോദിക്കുകയും നെറ്റി ചുളിച്ചാലോചിച്ച് 'ജീഭ്' എന്നവൾ ഉത്തരം പറയുകയും അമ്മ, തംസ് അപ് കാണിക്കുകയും ചെയ്തു.

അമ്മയുടെ ചിരി മാഞ്ഞ മുഖം കുറേശ്ശെ കുറേശ്ശെയായി തെളിഞ്ഞുവിടരുന്നതു നോക്കി ഇരിക്കുമ്പോൾ, അമീനയ്ക്ക് അമ്മയോടും ഹിന്ദിയോടും കട്ലറ്റിനോടും പ്രിൻസിപ്പലിനോടും ഹിന്ദിക്കള്ളത്തരം കണ്ടുപിടിച്ച മലയാളം മിസിനോടും അവളോടുതന്നെയും സ്നേഹം വന്നു.

'മൂക്കിന് ഹിന്ദി പറയൂ അമ്മേ' എന്ന് അവൾ അമ്മയുടെ കൈയിൽത്തട്ടിവിളിച്ച് ചോദിക്കുകയും 'നാക്' എന്നമ്മ പറയുകയും മൂക്കിന് നാക്കെന്നു പറയുന്ന നാക്കിന് 'ജീഭ്' എന്നു പറയുന്ന, വായയ്ക്ക് 'മുഹ്' എന്നു പറയുന്ന, മുഖത്തിന് 'ചെഹരാ' എന്നു പറയുന്ന നമ്മുടെ വികൃതിക്കുസൃതി ഹിന്ദി എന്ന് ഹിന്ദി പഠിപ്പിക്കുമ്പോൾ പറയാറുള്ള പതിവമ്മവാചകം അമ്മ അപ്പോൾ പറയുകയും പിന്നെ ചിരിക്കുകയും ചെയ്തു.



'എന്താ അമ്മയും മകളും കൂടി ഒരു വലിയ ചിരി?' എന്നു ചോദിച്ച് അപ്പോൾ വെയിറ്റർ വന്നു. അവരെ അറിയാത്ത, അവർക്കറിയാത്ത വെയിറ്ററിന് ടിപ്പും കൊടുത്ത്, റ്റാറ്റായും പറഞ്ഞ് അമീന പിന്നെയും അമ്മയുടെ സ്കൂട്ടറിനു പിന്നിലിരുന്നു. 'പിടിച്ചിരിക്കണേ നല്ലോണം' എന്നു പറഞ്ഞ് അമ്മ, അവളുടെ കവിളിൽത്തലോടി.

'ഞാനിനിയെന്നും അമ്മയുടെ അടുത്തു വരാം ഹിന്ദി പഠിക്കാൻ' എന്ന് അവളമ്മയോടു പറഞ്ഞു.

അതിന് മറുപടി പറഞ്ഞില്ല അമ്മ. മുന്നിലെ രണ്ടു വഴികളിലൊന്നിലേക്കു ചൂണ്ടിക്കാണിച്ചു അമ്മ. എന്നിട്ട് ചോദിച്ചു- ''അതൊരെളുപ്പ വഴിയാണ് നമ്മുടെ വീട്ടിലേക്ക്, ട്രാഫിക്കും തീരെ കുറവ്, തിരക്കിൽപ്പെടാതെ ഓടിച്ചുപോവാം. പക്ഷേ നല്ല റോഡല്ല അത്, സ്കൂട്ടർ പാളിപ്പോകാനും നമ്മൾ വീഴാനും സാധ്യതയുണ്ട്. നമുക്കാ വഴി വേണ്ടല്ലോ അല്ലേ മക്കളേ?''

''വേണ്ട, വേണ്ട, വീഴുമെന്നു തീർച്ചയുള്ള ഇടത്തു കൂടി നമ്മളെന്തിനാ പോകുന്നത് അമ്മേ?'' എന്നു ചോദിച്ചു അമീന.

''അത്രേയുള്ളു ഹിന്ദിപ്പരീക്ഷയുടെ കാര്യത്തിലും അമ്മയ്ക്ക് പറയാൻ'' എന്നു മാത്രം പറഞ്ഞ് അമ്മ വീണ്ടും സ്കൂട്ടർ സ്റ്റാർട്ട് ചെയ്തു.

രാത്രി കിടക്കാൻ നേരം അമ്മയെ ഉമ്മ വച്ച് അമീന പറഞ്ഞു. ''ഹിന്ദിയും ഒരു സ്കൂട്ടറാണല്ലേ അമ്മേ? കുറുക്കുവഴിയുടെ എളുപ്പത്തിൽ ഒക്കെയും, ഒളിച്ചിരിക്കുന്ന കുഴികൾ ഉണ്ടാവും അല്ലേ അമ്മേ?''

അമ്മ ചോദിച്ചു, ''നാളെ മുതൽ ഹിന്ദി പഠിക്കാൻ കുഞ്ഞ് അമ്മയുടെ അടുത്തുവരുമോ?'

അമീന തലയാട്ടി, ഇരുട്ടത്ത്. അമ്മ അത് കണ്ടുകാണുമായിരിക്കും അല്ലേ?

'അടുത്ത പരീക്ഷയ്ക്ക് ഞാനാണ് ക്ളാസിൽ ഹിന്ദിക്ക് ഫസ്റ്റാവുക' എന്നു പറയുകയും ചെയ്തു അമീന.

'മാർക്കല്ല, മാർക്കു നേടാനുള്ള നേർവഴി പരിശ്രമങ്ങളാണ് വലുത്' എന്നമ്മ അന്നേരം പറഞ്ഞു.

അവൾ അമ്മയ്ക്ക് രണ്ടു കവിളിലും ഓരോ ഉമ്മ കൂടി കൊടുത്തു, പിന്നെ സമാധാനമായി ഉറങ്ങി.

അവൾ രാത്രിയിൽ, ഒരഴയിൽ നനച്ചുണക്കാനിട്ടിരിക്കുന്നതു പോലുള്ള കുറേ ഹിന്ദി അക്ഷരങ്ങളെ സ്വപ്നം കണ്ടു. നെ, കോ, സെ, കാ, കെ, കീ, മെ, പർ എന്നിവരെല്ലാം കൂടി വന്ന് അവൾക്കൊപ്പം തിക്കിത്തിരക്കി ഊഞ്ഞാൽപ്പടിമേലിരുന്ന് ഊഞ്ഞാലാടുകയായിരുന്നു സ്വപ്നത്തിൽ.





ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ഒരു മാസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയനെ ഏൽപ്പിക്കുന്നു.

# അങ്ങാടിയിലെ ആനനൃത്തം

പി കെ ഗോപി

ആനപ്പുറത്തിരുന്നഭ്യാസം കാണിക്കും
വേലപ്പനെന്തൊരു കെങ്കേമൻ!
കാലിട്ടും കൈയിട്ടും തിക്കിയും മുക്കിയും
മേലോട്ടും താഴോട്ടും ചാഞ്ചാട്ടം
‘ആടടാ... പാടടാ... പാടിക്കളിയെടാ...
നീ തന്നെ വീരാളി വീരപ്പൻ’
തോട്ടി കൊണ്ടാനേടെ പള്ളയ്ക്കു കുത്തീട്ട്
പാട്ടോടു പാട്ടായി വേലപ്പൻ
കൂട്ടത്തിപ്പാടുവാൻ കൂക്കിവിളിക്കുവാൻ
കൂത്താടിപ്പാക്കരനോടിയെത്തി
താഴെയും മോളിലും താതെയ്യം തിത്തെയ്യം
കാണുന്നോരെല്ലാരും തപ്പുകൊട്ടി
മയിലാട്ടചിങ്കാരമാടാനേ...ഓടാനേ...
വടിയോങ്ങിപ്പൂശുന്നു വേലപ്പൻ
അടികൊണ്ടു നോവേറ്റു പുളയുമ്പോളാനയ്ക്കു
കലികേറി,യങ്ങാടീലാനനൃത്തം!
തകതെയ്യോം താഴേക്ക് തത്തോന്നും പൊത്തോന്നും
തലകുത്തി വീഴുന്നു വേലപ്പൻ
അതുകണ്ടു തെക്കോട്ടും വടക്കോട്ടും പായുന്നു-
ണ്ടടിതെറ്റി വഴിതെറ്റിയാൾക്കൂട്ടം
ഉരുളുന്നു പിരളുന്നുണ്ടാനേടെ കീഴിൽപ്പെ-
ട്ടലറുന്നു വേലപ്പനമ്മമ്മോ...
അതുകണ്ടോ? ചാരായക്കുപ്പിയുടച്ചിട്ടു
തലതല്ലിക്കരയുന്നു വേലപ്പൻ
കുഴയുന്ന പാപ്പാനെ കോരിയെടുത്തിട്ടു
നടകൊണ്ടു വെളിവുള്ള പിടിയാന!!



വര: ദേവപ്രകാശ്



# ലളിതേച്ചിയുടെ പാട്ട്

**മുണ്ടൂർ സേതുമാധവൻ**

പാതയോരത്തെ പടർമരത്തിനു കീഴിൽ അവൻ വിരിയിട്ടു. പാതയിൽ സന്ധ്യയും തിരക്കും പെരുകിവരുന്നേയുള്ളു. എങ്കിലും അവൻ പാടുവാൻ തുടങ്ങി.

വളരെ ചെറിയൊരു കുട്ടിയായിരുന്നു അവൻ. കീറിപ്പഴകിയ ഉടുപ്പ്. ചപ്രപറകിടക്കുന്ന മുടി. അഴുക്കും സങ്കടവും കട്ടപിടിച്ച മുഖം. ഒരു വിലാപംപോലെ അവൻ പാടിത്തുടങ്ങി.

അവന്റെ ശബ്ദത്താൽ ആകർഷിക്കപ്പെട്ട വഴിപോക്കർ ഒരുനിമിഷം മരത്തണലിൽ നിന്നു. നിർമ്മലമായ ശബ്ദത്തിൽ ആ കുട്ടി പാടുന്നത് അവർ കൗതുകത്തോടെ ശ്രദ്ധിച്ചു. അവന്റെ തൊണ്ടയിൽ സങ്കടം ഇഴുകിക്കിടക്കുന്നത് അവർ അറിഞ്ഞു. പെട്ടെന്ന് ശ്രോതാക്കൾക്ക് സ്ഥലകാലബോധം ഉണ്ടാവുകയും കയ്യിൽ തടഞ്ഞ ഏതോ നാണയത്തുട്ട് വിരിയിലെറിഞ്ഞ് തിരക്കിട്ട് നടന്നുനീങ്ങുകയും ചെയ്തു. അപ്പോഴേക്ക് പുതിയ വഴിപോക്കരെത്തി.

അവൻ സന്ധ്യയുടെ വാടിയ മുഖത്തേക്കു നോക്കി. അപ്പോൾ കണ്ടത് ആശുപത്രിയിൽ തളർന്നുകിടക്കുന്ന അമ്മയെയാണ്. അവന്റെ മനമുരുകി. ദൈവമേ, എങ്ങനെയാണ് എനിക്ക് എന്റെ അമ്മയെ രക്ഷിക്കാൻ കഴിയുക?

വര: വെങ്കി

ആളുകൾ പെരുകിവരുന്തോറും തെരുവുമൂലയിൽ ആ കുട്ടിയുടെ ഗാനം കൊഴുത്തു. അവന്റെ പാട്ടിന് അകമ്പടി മരച്ചില്ലയിൽ പറന്നെത്തിയ അന്തിക്കിളികളുടെ ചിലപ്പു മാത്രമായിരുന്നു. എങ്കിലും അവന്റെ പാട്ട് ആത്മാവിൽ നിന്നും ഉറന്നുവരുന്ന ഒരു രോദനമായി മരത്തണലിൽ നിറഞ്ഞു. ആ വഴി വീശിവന്ന കാറ്റുപോലും പെട്ടെന്ന് കനക്കുകയും മരത്തിൽ

ചാരി നിശ്ചലം നിൽക്കുകയും ചെയ്തു.

അവൻ പാട്ട് തുടർന്നുകൊണ്ടേയിരുന്നു.

'അമ്മേ അമ്മേ അവിടുത്തെ മുന്നിൽ

ഞാനാര്? ദൈവമാര്?'

പടർവൃക്ഷത്തിലെ പഴുത്ത് ഇലകളോടൊപ്പം എന്നോ പെയ്ത മഴയുടെ ശേഷത്തുള്ളികൾ മണ്ണിൽവീണു.

അമ്മേ അമ്മേ അവിടുത്തെ മുന്നിൽ

ഞാനാര് ? ദൈവമാര്?'

ഇടയ്ക്കവൻ വിരിയിലേക്കു നോക്കി. വന്നുനിൽക്കുന്നവർ മുഴുവൻ കാശെറിയുന്നില്ല. ചിലർ മാത്രം. ഈ ചിലരുടെ ചില്ലിക്കാശു കൊണ്ട് എന്റെ അമ്മയെ ചികിത്സിക്കാൻ കഴിയുമോ?

കറുത്ത മേലാപ്പുമായി സന്ധ്യ തെരുവുമൂലയിലേക്ക് ഇറങ്ങിയെത്തുന്ന സമയത്താണ് അവൻ അത്ഭുതപ്പെട്ടത്: തിങ്ങിക്കൂടിയ ജനത്തിനു മുന്നിൽ അഴകേറിയ ഒരു സ്ത്രീ. അവർ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നുണ്ട്.

പെട്ടെന്ന് അവന്റെയുള്ളിൽ മുഴുവൻ കണ്ണീർ നിറഞ്ഞു. പാട്ടുമുഴുമിപ്പിക്കാനാവാതെ അങ്കലാപ്പോടെ അവൻ മണ്ണിലേക്ക് തളർന്നുവീണു.

പിന്നീട് കണ്ണുതുറന്നപ്പോൾ അവൻ വലിയൊരു വീട്ടിലെ വിശാലമായ മുറിയിൽ വിരിച്ച പായയിൽ കിടക്കുകയാണ്. തൊട്ടപ്പുറത്ത് കസാലയിൽ നേരത്തെ കണ്ട ചേച്ചി ഇരിപ്പുണ്ട്.

അവൻ പായിൽ നിന്ന് എഴുന്നേൽക്കാൻ തിടുക്കപ്പെട്ടു.

''മോൻ കിടന്നോളൂ.'' ആ ചേച്ചി പറഞ്ഞു: ഞാൻ പാലു കൊണ്ടുവരാം. അത് കുടിച്ച ശേഷം എഴുന്നേറ്റാൽ മതി.

അവൻ ചേച്ചിയെ നോക്കി. അവരുടെ ശരീരത്തിൽ നിന്ന് പ്രസരിക്കുന്ന പ്രകാശം മുറി മുഴുവൻ നിറയുന്നു. മുറിയിൽ മറ്റൊരു വിളക്ക് ആവശ്യമില്ലാത്തതുപോലെ.

''മോനേ, നിന്റെ പേരെന്താ?'' ആ ചേച്ചി സ്നേഹപൂർവം ചോദിച്ചു.

''കേശവൻകുട്ടി.''

''നല്ല പേര്.'' ചേച്ചി പറഞ്ഞു. ''എനിക്കൊരു അനിയനുണ്ടായിരുന്നു. അവന്റെ പേരും ഇതു തന്നെ. പാവം അവൻ നേരത്തെപോയി.''



എങ്ങോട്ടുപോയി എന്നവൻ ചോദിച്ചില്ല. അപ്പോഴും അവന്റെ ഉള്ളിലെ വറചട്ടിയിൽ കിടന്ന് ഒരാൾ പൊരിയുകയായിരുന്നു.

അമ്മ.

''കേശവൻകുട്ടീ, എന്റെ പേര് ലളിത. മോൻ ലളിതേച്ചീ എന്ന് വിളിച്ചോളൂ.''

സ്നേഹത്തിന്റെ സ്വർണ്ണനൂൽകൊണ്ട് തുന്നിയ ആ ശബ്ദം അവന്റെ കാതുകളിൽ അമൃതായി. പുറത്തു വരാത്ത ശബ്ദത്തിൽ വിറയ്ക്കുന്ന വൃക്ഷശിഖരങ്ങളിലെ ഇലകളെപ്പോലെ അവൻ ചുണ്ടനക്കി:

'ലളിതേച്ചി'

പിന്നീട് ലളിതേച്ചി അകത്തേക്കുപോയി. പാലും പഴവും കൊണ്ടുവന്നു.

''മോൻ വയറുനിറയെ കഴിക്ക്. ക്ഷീണം മാറട്ടെ.''

അവനു പക്ഷേ ഒന്നും കഴിക്കാൻ കഴിഞ്ഞില്ല. പാൽ മാത്രം കുടിച്ചു.

''ഇനി കേശവൻകുട്ടി എഴുന്നേൽക്ക്.'' ലളിതേച്ചി കുളിമുറി കാട്ടിക്കൊടുത്തു. അവിടെ തോർത്തും സോപ്പും എല്ലാമുണ്ട്. ''പോയി കുളിച്ചുവാ.

''ചേച്ചീ, എനിക്ക് പോണം. എന്റെ അമ്മ ആശുപത്രിയിലാണ്.''

തനിക്കാകെയുള്ള അമ്മയുടെ അവസ്ഥ കേശവൻകുട്ടി വിവരിച്ചു. ഒരോപ്പറേഷനുവേണ്ട പണമുണ്ടാക്കാൻ തെണ്ടാനിറങ്ങിയതാണ് താനെന്ന സത്യവും വെളിപ്പെടുത്തി.



''ആട്ടെ. മോന് ആശുപത്രിയിൽ പോകാം.'' ലളിതേച്ചി പറഞ്ഞു. ''അതിനു മുമ്പ് നമുക്കൊരു സ്ഥലംവരെ പോണം. വൃത്തിയായിട്ടുപോണം. ഞാനും വരാം. വേഗം ചെന്ന് കുളിച്ചുവരൂ.''

കേശവൻകുട്ടി കുളിച്ചുവന്നു. ലളിതേച്ചി കൊടുത്ത ഷർട്ടും ട്രൗസറും ധരിച്ചു. കാലിൽ ചെരുപ്പ്, കയ്യിൽ വാച്ച്, ലളിതേച്ചി തന്നെ അവന്റെ മുടി ചീർപ്പുകൊണ്ട് മാടിവെച്ചു.

''കേശവൻകുട്ടീ ഇവിടെ നിന്ന് കുറച്ചകലെ ഒരു സംഗീതമത്സരം നടക്കുന്നുണ്ട്. ഞാൻ കേശവൻകുട്ടിയെ അങ്ങോട്ടു കൊണ്ടുപോകയാണ്. ആ മത്സരത്തിൽ കേശവൻകുട്ടി ഒരു പാട്ടു പാടണം. ഒന്നാം സമ്മാനം കിട്ടിയാൽ പിന്നെ അമ്മയുടെ ചികിത്സയ്ക്ക് വേറെ വഴി നോക്കേണ്ട.''

''അയ്യോ ചേച്ചീ. എനിക്ക് പാട്ടുപാടാൻ അറിയില്ല.''

''കേശവൻകുട്ടിക്ക് പാടാനറിയാം.'' ലളിതേച്ചി പറഞ്ഞു. ''നീ പാടിയാൽ മാത്രം മതി. സമ്മാനം കിട്ടുന്നില്ലെങ്കിൽ വേണ്ട. ബാക്കിയെല്ലാം ഞാൻ നോക്കാം.''

സ്വന്തം ശരീരത്തിൽ നിന്നു

യരുന്ന അപരിചിതമായ വാസന സോപ്പിന്റെ മന്ദഹാസം അവനെ ഭയപ്പെടുത്തി. ഇതു ഞാൻ തന്നെയാണോ?

കല്ലടിക്കോടൻ കടന്ന് കരുവാളിച്ചെത്തുന്ന സന്ധ്യയോട് കേശവൻകുട്ടി ചോദിച്ചു:

''നിങ്ങൾ ആ പഴയ കേശവൻകുട്ടിയെ കണ്ടുവോ?''

ലളിതേച്ചി വാതിലടച്ചു. മുറ്റത്തു കിടന്ന കാറു തുറന്നു. ''കേശവൻകുട്ടി വാ.''

കേശവൻകുട്ടി മനമില്ലാമനസ്സോടെ കാറിൽ കയറി.

സംഗീതമത്സരം നടക്കുന്ന ഹാളിന്നടുത്ത് ലളിതേച്ചി കാർ നിർത്തി.

''കേശവൻകുട്ടി കാറിലിരിക്ക്. ഞാനിപ്പോൾ വരാം.''

പിന്നീട് ധൃതിയിൽ തിരിച്ചുവന്ന ലളിതേച്ചി അവന്റെ ഷർട്ടിൽ ഒരു ചെസ്റ്റ് നമ്പർ കുത്തിക്കൊടുത്തു.

''കേശവൻകുട്ടി പോകൂ.'' ലളിതേച്ചി ചിരിച്ചു. ''ഞാൻ ഇവിടെത്തന്നെയുണ്ടാകും. പാടിക്കഴിഞ്ഞാൽ ഇങ്ങോട്ടു വരൂ. ഓൾ ദ ബെസ്റ്റ്.''

വാദ്യോപകരണങ്ങളും കണ്ണഞ്ചിപ്പിക്കുന്ന ദീപാലങ്കാരങ്ങളും അവനെ തളർത്തി. അവന്റെ ശരീരത്തിലൂടെ വിയർപ്പൊഴുകി. അവൻ മുന്നിൽ അമ്മയെ കണ്ടു. ലളിതേച്ചിയെ കണ്ടു.

പതുക്കെ സംഭരിച്ച ധൈര്യത്തോടെ അവൻ സ്റ്റേജിനു പിന്നിലെ അണിയറയിലേക്കു നടന്നു.

ആറുപേർ പാടിക്കഴിഞ്ഞ ശേഷമാണ് കേശവൻകുട്ടിയുടെ നമ്പർ വിളിച്ചത്. അതുവരെ കേട്ട പാട്ടുകൾ അവനെ ഭയപ്പെടുത്തുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു. എനിക്കങ്ങിനെയൊക്കെ പാടാൻ പറ്റുമോ എന്ന ഭയവും ഇവരുടെ പാട്ടിലൊന്നും കണ്ണീർപ്പുഴയില്ലല്ലോ എന്ന ആഹ്ലാദവും.

ഏഴാമനായി കേശവൻകുട്ടി

> **വാദ്യോപകരണങ്ങളും കണ്ണഞ്ചിപ്പിക്കുന്ന ദീപാലങ്കാരങ്ങളും അവനെ തളർത്തി. അവന്റെ ശരീരത്തിലൂടെ വിയർപ്പൊഴുകി. അവൻ മുന്നിൽ അമ്മയെ കണ്ടു. ലളിതേച്ചിയെ കണ്ടു. പതുക്കെ സംഭരിച്ച ധൈര്യത്തോടെ അവൻ സ്റ്റേജിനു പിന്നിലെ അണിയറയിലേക്കു നടന്നു. ആറുപേർ പാടിക്കഴിഞ്ഞ ശേഷമാണ് കേശവൻകുട്ടിയുടെ നമ്പർ വിളിച്ചത്.**

സ്റ്റേജിലെത്തി.

'പാട്ടിന്റെ കണ്ണീർപ്പുഴ തീർക്കാൻ ഇതാ ഒരു ബാലൻ.'

മൈക്കിലൂടെ അറിയിപ്പു വന്നപ്പോൾ മുന്നിലെ ജനസമുദ്രത്തിൽ വേലിയേറ്റമുണ്ടായി.

കേശവൻകുട്ടി മനസ്സിൽ അമ്മയെ തൊഴുതു. തന്റെ മുന്നിൽ പൊട്ടിവീണ ലളിതേച്ചി എന്ന മഹാത്ഭുതത്തെ തൊഴുതു. പിന്നീട് ജനങ്ങളെ നോക്കി കൈകൂപ്പി.

സ്റ്റേജിലെ വാദ്യങ്ങൾക്ക് ജീവൻവെച്ചു.

കേശവൻകുട്ടി തെളിഞ്ഞ ആകാശച്ചെരിവിലേക്കു നോക്കി പതുക്കെ തുടങ്ങി.

'അമ്മേ അമ്മേ അവിടുത്തെ മുന്നിൽ
ഞാനാര് ? ദൈവമാര്?'

പതുക്കെ തൈതെന്നൽ വന്ന് അവന്റെ കണ്ഠം തടവി. എങ്ങുനിന്നോ ഒഴുകിവന്ന ഒരു സുഗന്ധം സ്റ്റേജിൽ നിറഞ്ഞു. കേശവൻകുട്ടി പാടി. കേശവൻകുട്ടിയുടെ ശബ്ദത്തിലേക്ക് ഗാനം ഒഴുകിയെത്തി. ഗാനം കാറ്റായി. ഗംഗയായി. കേൾവിക്കാരുടെ മനസ്സിൽ കണ്ണുനീരായി. പക്കവാദ്യങ്ങളിൽ കാലമായി.

ഒരു പേമാരി തോർന്നു. സദസ്സിൽ കയ്യടിയുടെ പെരുംകടൽ. പാട്ടുകളെല്ലാം തീർന്നപ്പോൾ സ്റ്റേജിൽ പ്രഖ്യാപനമുണ്ടായി.

'ഒന്നാം സമ്മാനം കേശവൻകുട്ടി.'

ജനമനസ്സിൽ ആഹ്ലാദത്തിന്റെ കതിന മുഴങ്ങി. ശബ്ദത്തിന്റെ പ്രളയത്തിൽ ഒരു പേരുമാത്രം ഉറക്കെ കേട്ടിരുന്നു:

കേശവൻകുട്ടി. കേശവൻകുട്ടി.

ഉത്സാഹം തിരതല്ലുന്ന ആ ഹാളിന്റെ കോണിൽ കേശവൻകുട്ടി മാത്രം ഒറ്റയ്ക്ക്. അപ്പോൾ പിറകിൽനിന്ന് ആരോ കുശുകുശുക്കുന്നതായി അവനു തോന്നി:

''എനിക്കറിയാമായിരുന്നു. എനിക്കറിയാമായിരുന്നു.'' ലളിതേച്ചിയുടെ ശബ്ദം.

അവൻ തിരിഞ്ഞുനോക്കി. ഇല്ല അവിടെ ആരുമില്ല.

പിന്നീട് കനപ്പെട്ട സമ്മാനത്തുകയും വാങ്ങി സദസ്സിനെ വണങ്ങി കേശവൻകുട്ടി പുറത്തുകടന്നു. അവൻ ധൃതിപ്പെട്ട് കാർ നിർത്തിയിരുന്ന സ്ഥലത്തെത്തി. അവിടെ കാറില്ല. എന്റെ പ്രിയപ്പെട്ട ലളിതേച്ചിയെവിടെ?

കറുപ്പും വെളുപ്പും കുഴയുന്ന ആ ഒഴിഞ്ഞ സ്ഥലത്ത് ലളിതേച്ചിയില്ല. 'ലളിതേച്ചീ...'

വരാത്ത ശബ്ദത്തിൽ അവൻ വിളിച്ചു. അപ്പോഴും ഹാളിലെ ആഹ്ലാദപ്പെരുക്കത്തിൽ സന്ധ്യ മുങ്ങിപ്പൊങ്ങുകയായിരുന്നു.

'കേശവൻകുട്ടീ...'

ലളിതേച്ചിയുടെ മൃദുവായ ശബ്ദം അപ്പോളവൻ കേട്ടു. വേഗം ചെന്ന് അമ്മയ്ക്കു വേണ്ടത് ചെയ്യുക.

കനത്ത സമ്മാനത്തുകയും കയ്യിലേന്തി കേശവൻകുട്ടി ചുറ്റും തിരഞ്ഞു.

ലളിതേച്ചിയെവിടെ?

# നമ്മുടെ നല്ലൊരു തിരുവോണം

ആർ ശ്രീലതാവർമ്മ

ഓണത്തിന്നൊരു മരമുണ്ടോ?
ഓർമകൾ ഞാലും മരമുണ്ടോ?
ഓരോ ചില്ലയുമൊരുപോലെ
ഓജസ്സാർന്നു തിളങ്ങുന്ന
ഓരോ പൂവിലുമൊരുപോലെ
ഓമൽ പൂമ്പൊടി വഴിയുന്ന
ഓണപ്പൂമരമൊന്നുണ്ടേ
ഓണം വന്നെന്നറിയിക്കാൻ!

ഓണത്തിന്നൊരു പൂവുണ്ടോ?
ഓരിതൾ, മൂവിതൾ പൂവുണ്ടോ?
ഓരോന്നാകും വർണത്തിൽ
ഓരോന്നാകും ഗന്ധത്തിൽ
ഓണത്തുമ്പിയെ വരവേൽക്കാൻ
ഓണപ്പാട്ടുകൾ പാടിക്കാൻ
ഓണത്തിന്നൊരു പൂവുണ്ടേ
ഓണം വന്നെന്നറിയിക്കാൻ!

ഓണത്തിന്നൊരു കിളിയുണ്ടോ?
ഓമനയാകും കിളിയുണ്ടോ?
ഓരോ കൊമ്പിലിരുന്നിട്ടും
ഓരോന്നോർത്തു ചിലച്ചിട്ടും
ഓരോ ചിറകിൽ, തൂവലിലും
ഓളം പോലൊരു ചന്തവുമായ്
ഓണത്തിന്നൊരു കിളിയുണ്ടേ
ഓണം വന്നെന്നറിയിക്കാൻ!

ഓണപ്പൂമരമേറിപ്പോയ്
ഊഞ്ഞാലൊന്നിനു കയറിട്ടും
ഊഞ്ഞാലൊന്നിനു പടിയിട്ടും
ഊഞ്ഞാലാടിയിരുന്നിട്ടും
നമ്മളൊരുക്കും പൊന്നോണം
നമ്മുടെ നല്ലൊരു തിരുവോണം!



വര: സുധീർ പി വൈ



കഥ

# ഇട്ടിച്ചിരിക്കുട്ടി

സാവിത്രി രാജീവൻ

ഇത് ഇട്ടിച്ചിരിക്കുട്ടിയുടേയും കൂട്ടുകാരുടേയും കഥയാണ്. ഇട്ടിച്ചിരിക്കുട്ടിയുടെ ശരിയായ പേര് എന്തൊണെന്നോ? ശ്രീദേവി. പക്ഷെ ആരും അവളെ ശ്രീദേവി എന്ന് വിളിച്ചില്ല. പകരം വാത്സല്യത്തോടെ ഇട്ടിച്ചിരിക്കുട്ടീ എന്ന് വിളിച്ചു.

ഏഴു വയസ്സായിരുന്നു ഇട്ടിച്ചിരിക്കുട്ടിക്ക് പ്രായം. ഇട്ടിച്ചിരിക്കുട്ടി താമസിക്കുന്നതോ ഒരമ്മൂമ്മയുടെ കൂടെ. ഒറ്റയ്ക്ക് പാർക്കുകയായിരുന്ന അമ്മൂമ്മയ്ക്ക് ഒരു കൂട്ടിനുവേണ്ടി കൊണ്ടുവന്നതാണ് ഇട്ടിച്ചിരിക്കുട്ടിയെ.

അമ്മൂമ്മ വലിയ പണക്കാരിയൊന്നുമല്ല. ഓലമേഞ്ഞ ചെറിയ വീടാണ്, രണ്ടുമുറി, ഒരടുക്കള, ഒരു വരാന്ത, മുറ്റം, മുറ്റത്ത് ഭംഗിയുള്ള ഒരു കിണർ, ഒരു മാവ്, ചെറിയ പറമ്പിൽ കുറച്ചു ദൂരെയായി ഒരു കുളം, പറമ്പിൽ ചാമ്പ, തെങ്ങ്, പ്ലാവ്, നെല്ലി, കിളിമരം ഇങ്ങനെ പലജാതി മരങ്ങൾ. ഇട്ടിച്ചിരിക്കുട്ടിക്ക് അമ്മൂമ്മയേയും അമ്മൂമ്മയ്ക്ക് ഇട്ടിച്ചിരിക്കുട്ടിയേയും വലിയ ഇഷ്ടമായിരുന്നു. അതുകൊണ്ടാവണം അമ്മൂമ്മ ഇട്ടിച്ചിരിക്കുട്ടിക്ക് മുറ്റത്തെ മാവിൽ ഒരു ഊഞ്ഞാൽ ഇട്ടുകൊടുത്തിരുന്നു,

അമ്മൂമ്മയെ ചോറുണ്ടാക്കാനും പൂച്ചെടികളും മുളകുചെടികളും തക്കാളിച്ചെടിയും മറ്റും നടാനും സഹായിച്ചു കഴിഞ്ഞാൽ ഇട്ടിച്ചിരിക്കുട്ടി ബാക്കിസമയം ഊഞ്ഞാലിൽ ഇരുന്ന് അണ്ണാനോടും കിളികളോടും അവളുടെ സ്വന്തം കുറിഞ്ഞിപൂച്ചയോടും വർത്തമാനം പറഞ്ഞും കളിച്ചും രസിക്കും. അണ്ണാൻ പഴുത്ത മാമ്പഴങ്ങളും, കിളികൾ നെല്ലിക്കയും കിളിമരക്കായയും അവൾക്കു നൽകും. ഓലേഞ്ഞാലിയും തത്തകളും തിത്തിരിപ്പക്ഷിയും ഇടയ്ക്കിടെ വന്നുപോകും. പാട്ടു പാടുന്ന കുയിലും മന്ദമായി നടക്കുന്ന ചകോരവും പെട്ടെന്ന് എത്തിനോക്കി ചിരിച്ചുപോകുന്ന കീരിയും അവളുടെ കൂട്ടുകാരായിരുന്നു.

ഇങ്ങനെയൊക്കെയാണെ



വര: ജയേന്ദ്രൻ

ങ്കിലും ഇടയ്ക്ക് അവർ കളിക്കിടയിൽ കശപിശകൂടും. ഉടൻ തന്നെ കൂട്ടാവുകയും ചെയ്യും. തത്ത ഇട്ടിച്ചിരിക്കുട്ടിയുടെ തോളത്തിരിക്കും. അണ്ണാൻ വാല് വിറപ്പിക്കും, കുറിഞ്ഞി ചുറ്റും കറങ്ങിനടന്ന് അരണയെയോ പല്ലിയെയോ തന്റെ നഖങ്ങൾ കാട്ടി പേടിപ്പിക്കും.

ഇങ്ങനെ കൂട്ടുകാരുമായി ചേർന്ന് കളിയും പാട്ടുമായി സന്തോഷത്തിലായിരുന്നു ഇട്ടിച്ചിരിക്കുട്ടിയുടെ ദിവസങ്ങൾ.

അങ്ങനെയിരിക്കെ ഒരുദിവസം തിത്തിരിപ്പക്ഷി നാഴി* പയർ കൊണ്ടുവന്നു ഇട്ടിച്ചിരിക്കുട്ടിയോടു ചോദിച്ചു.

''ഇട്ടിച്ചിരിക്കുട്ട്യേ ഈ പയറൊന്നു വറുത്തു തരാമോ?''

വളരെക്കാലത്തെ പരിശ്രമത്തിനുശേഷം കൂട്ടിവച്ച് കൂട്ടിവച്ച് ഉണ്ടാക്കി എടുത്തതാണ് തിത്തിരിപ്പക്ഷി ആ നാഴിപ്പയർ. ''വറുത്തുതരാം തിത്തിരി'' എന്ന് ഇട്ടിച്ചിരിക്കുട്ടി ഏറ്റു.

ഇട്ടിച്ചിരിക്കുട്ടി വീട്ടിനകത്തു കയറി. ചീനച്ചട്ടിയെടുത്തു. അടുപ്പിൽ ചുള്ളിവിറകുകൾ അടുക്കി, തീകത്തിച്ചു. കുറേശ്ശെയായി പയർ വറുത്തെടുത്തു. തണുത്തയുടനെ നാഴിയിൽ നിറച്ച് തിത്തിരിപ്പക്ഷിയേയും കാത്തിരിപ്പായി.

കുട്ടികൾ പയറു തിന്നാൻ കാത്തിരിക്കുന്നു എന്ന് ചിലച്ചുകൊണ്ട് തിത്തിരിപ്പക്ഷി പാറിവന്നു. നാഴിയിലെ പയർ കണ്ടു. അത് പകുതിയേ ഉണ്ടായിരുന്നുള്ളൂ.

'ഇട്ടിച്ചിരിക്കുട്ടീ ബാക്കി പയറെവിടെ' എന്ന് തിത്തിരിപ്പക്ഷി ഇട്ടിച്ചിരിക്കുട്ടിയോട് കൊക്കു വളച്ചുകൊണ്ടു ചോദിച്ചു. അവൾക്ക് കോപം വന്നിരുന്നു. ഇട്ടിച്ചിരിക്കുട്ടി ഒന്നും മനസ്സിലാകാതെ നിന്നു.

''നീയെന്തിനാ എന്റെ പയറെടുത്തത്?'' എന്ന് ദേഷ്യംകൊണ്ട് അടിമുടി വിറച്ച്

**അണ്ണാനും കുറിഞ്ഞിയും ഓടിവന്നു. അവർ തിത്തിരിയെ തടയാൻ നോക്കി. അമ്മൂമ്മ ചുള്ളിയൊടിക്കാൻ കാട്ടിൽ പോയിരുന്നു. അതുകൊണ്ട് വീടിനു ചുറ്റും ഓടിയ ഇട്ടിച്ചിരിക്കുട്ടിയുടെ പിന്നാലെ ചെന്ന് കൊത്തുന്ന തിത്തിരിപ്പക്ഷിയെ തടയാൻ ആളില്ലാതെ പോയി.**

ചിറകും വാലുമിളക്കി മിണ്ടാതെ നിന്ന ഇട്ടിച്ചിരിക്കുട്ടിയുടെ മുഖത്തിനു നേരെ പറന്നു ചെന്നു. അവളുടെ കവിളത്തും മൂക്കിലും മുടിയിലും കൊത്തി .

''ഞാനെടുത്തില്ല തിത്തിരി'' എന്ന് ഇട്ടിച്ചിരിക്കുട്ടി കരഞ്ഞു പറഞ്ഞിട്ടും തിത്തിരി കേട്ടില്ല. അവൾ ഇട്ടിച്ചിരിക്കുട്ടിയുടെ ചുറ്റും പറന്നുകൊത്തിക്കൊണ്ടിരുന്നു.

അണ്ണാനും കുറിഞ്ഞിയും ഓടിവന്നു. അവർ തിത്തിരിയെ തടയാൻ നോക്കി. അമ്മൂമ്മ ചുള്ളിയൊടിക്കാൻ കാട്ടിൽ പോയിരുന്നു. അതുകൊണ്ട് വീടിനു ചുറ്റും ഓടിയ ഇട്ടിച്ചിരിക്കുട്ടിയുടെ പിന്നാലെ ചെന്ന് കൊത്തുന്ന തിത്തിരിപ്പക്ഷിയെ തടയാൻ ആളില്ലാതെ പോയി.

കഷ്ടം എന്നല്ലാതെ എന്തു പറയാൻ. കൂട്ടുകാർ ഇങ്ങനെ പെട്ടെന്ന് നിയന്ത്രണമില്ലാതെ കലിതുള്ളിയാൽ എന്തുചെയ്യും?

ഓടാൻ ശ്രമിക്കുന്ന ഇട്ടിച്ചിരിക്കുട്ടിയുടെ മുഖമാകെ തിത്തിരിപ്പക്ഷി കൊത്തിമുറിച്ചു. ഇട്ടിച്ചിരിക്കുട്ടി നിലവിളിച്ചോടിയതും കാലുതെറ്റി 'ബ്ധും' എന്ന് മുറ്റത്തെ കിണറ്റിൽ വീണു. 'അയ്യോ, അയ്യോ' എന്ന് കരയുന്ന ഇട്ടിച്ചിരിക്കുട്ടിയെ രക്ഷിക്കാൻ അടുത്തെങ്ങും ആരും ഉണ്ടായില്ല.

പാവം, അവൾക്കു നീന്താനും അറിയില്ലായിരുന്നു. എന്തായാലും ഇട്ടിച്ചിരിക്കുട്ടി കിണറ്റിലെ പടിയിൽ അള്ളിപ്പിടിച്ചു നിന്നനേരം കുറിഞ്ഞിപ്പൂച്ച വെള്ളംകോരുന്ന പാളയും കയറും ഇട്ടുകൊടുത്തോ എന്നും അമ്മൂമ്മ വന്നനേരം അയ്യോ എന്ന് അലറിവിളിച്ചു കിണറ്റിൽ നിന്ന് ഇട്ടിച്ചിരിക്കുട്ടിയെ വലിച്ചുകയറ്റിയോ എന്നും നമുക്കറിയില്ല.

തീർച്ചയായും അമ്മൂമ്മയും കുറുഞ്ഞിയും കൂടെ ഇട്ടിച്ചിരിക്കുട്ടിയെ കിണറ്റിൽ നിന്ന് കയറ്റിയിരിക്കണം.

ഇട്ടിച്ചിരിക്കുട്ടി കിണറ്റിൽ വീണത് ശ്രദ്ധിക്കാതെ തിത്തിരിപ്പക്ഷി പയറുമായി കൂട്ടിലേക്കു പോയി. ഇട്ടിച്ചിരിയോടുള്ള ദേഷ്യം മാറാതെ തന്നെ.

കാലം കുറേ കഴിഞ്ഞു. മഴയും വേനലും വന്നുപോയി.

ഒരുദിവസം ഇട്ടിച്ചിരിക്കുട്ടിയുടെ വീടിന്റെ മുറ്റത്തെ മാവിൽ നിന്ന് കരച്ചിൽപോലെ ഒരു വിളികേൾക്കാം,

''ഇട്ടിച്ചിരികുട്ട്യേ പച്ചപ്പയറൊത്തൂ... ഒത്തൂ... ഒത്തൂ ഒത്തൂ...'' എന്നായിരുന്നു അത്.

അതുകേൾക്കാൻ പക്ഷേ ഇട്ടിച്ചിരിക്കുട്ടി അവിടെ ഇല്ലല്ലോ. എന്താണ് തിത്തിരിപ്പക്ഷി ഇങ്ങനെ കുറ്റബോധം കൊണ്ട് കരയാനും സങ്കടപ്പെടാനും കാരണം? ഇട്ടിച്ചിരിക്കുട്ടിയെ കുത്തിമുറിവേൽപ്പിച്ചത് അവിവേകമായി എന്ന് തിത്തിരിപ്പക്ഷിക്ക് ഇപ്പോൾ ബോധ്യമായി, അതാണവൾ ഇപ്പോൾ ഇങ്ങനെ കരയുന്നത്. പക്ഷെ എന്തുകാര്യം?

നാളുകൾ ഏറെ കഴിഞ്ഞിരുന്നു. പഴയപോലെ പലനാൾ

** നാഴി – പഴയ കാലത്തെ ഒരളവുപാത്രം*

കൊണ്ട് ശേഖരിച്ച നാഴിപ്പയർ തിത്തിരിപ്പക്ഷി തന്നത്താൻ വറുക്കാൻ തീരുമാനിച്ചു. ഇട്ടിച്ചിരിക്കുട്ടിയുമായി പിണക്കത്തിലാണല്ലോ. അവൾ കിണറ്റിൽ വീണപ്പോൾ പറന്നുപോന്നതാണ്. പിന്നെ ആ വഴി പോയിട്ടില്ല.

അങ്ങനെയാണ് നാഴിപ്പയർ സ്വയം വറുക്കാൻ തുടങ്ങുന്നത്. പയർ എടുത്തു. ചട്ടിയിൽ ഇട്ടു കുറേശ്ശെയായി വറുത്തെടുത്തു. പണി അത്ര പ്രയാസം ഉള്ളതല്ല എന്ന് മനസ്സിൽ പറഞ്ഞു. തണുത്തപ്പോൾ നാഴിയിൽ തിരികെയിട്ടു.

നോക്കിയപ്പോൾ എന്താ കഥ! പയർ നാഴിയുടെ പകുതിയേ ഉള്ളൂ! ബാക്കി പയർ എവിടെപ്പോയി എന്ന് അന്ധാളിച്ചുപോയി തിത്തിരിപ്പക്ഷി. എങ്കിലും ഒന്നുമനസ്സിലായി തിത്തിരിപ്പക്ഷിക്ക് ഇട്ടിച്ചിരിക്കുട്ടി പയർ കട്ടെടുത്തിരുന്നില്ലെന്ന്! അവൾക്കു വ്യസനമായി. അവൾ ഇട്ടിച്ചിരിക്കുട്ടിയുടെ മുറ്റത്തെ മാവിൻകൊമ്പിൽ വന്നിരുന്നു. അവളെക്കണ്ട് പറ്റിയ അബദ്ധം പൊറുക്കണമെന്നു പറയണം.

**നോക്കിയപ്പോൾ എന്താ കഥ! പയർ നാഴിയുടെ പകുതിയേ ഉള്ളൂ! ബാക്കി പയർ എവിടെപ്പോയി എന്ന് അന്ധാളിച്ചുപോയി തിത്തിരിപ്പക്ഷി. എങ്കിലും ഒന്നുമനസ്സിലായി തിത്തിരിപ്പക്ഷിക്ക് ഇട്ടിച്ചിരിക്കുട്ടി പയർ കട്ടെടുത്തിരുന്നില്ലെന്ന്! അവൾക്കു വ്യസനമായി.**

അങ്ങനെയാണ് തിത്തിരിപ്പക്ഷി മരക്കൊമ്പിൽ മറഞ്ഞിരുന്ന് ഇട്ടിച്ചിരിക്കുട്ടിയെ വിളിച്ചത്.

അവൾ കേൾക്കാതിരുന്നപ്പോൾ സങ്കടത്തോടെ വീണ്ടും വീണ്ടും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നത്.


‘‘ഇട്ടിച്ചിരി കുട്ട്യേ പച്ചപ്പയറൊത്തൂ... ഒത്തൂ... ഒത്തൂ... ഒത്തൂ...’’

ഇട്ടിച്ചിരിക്കുട്ടി അത് കേൾക്കുംവരെ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും എന്ന് വ്രതമെടുത്തപോലെ ഇപ്പോഴും ഉള്ളു തിങ്ങുന്ന സങ്കടത്തോടെ തിത്തിരിപ്പക്ഷി വിളിച്ചുകൊണ്ടിരിക്കുകയാണ്

‘‘ഇട്ടിച്ചിരിക്കുട്ട്യേ പച്ചപ്പയറൊത്തൂ... ഒത്തൂ... ഒത്തൂ... ഒത്തൂ...’’

ചെവിയോർത്തു നോക്കൂ, നിങ്ങൾക്കും കേൾക്കാം തിത്തിരിപ്പക്ഷിയുടെ സങ്കടശബ്ദത്തിലുള്ള നീണ്ട വിളി. വിശേഷിച്ചും, സൂര്യനുദിക്കുന്നതിനു തൊട്ടുമുൻപുള്ള, ആ തണുത്തകാറ്റുള്ള നേരങ്ങളിൽ. മഴ പെയ്യാനാഞ്ഞു മൂടിക്കെട്ടി നിൽക്കുന്ന ഉച്ചകളിലും അവൾ ഉറക്കെ വിളിച്ചു കരയാറുണ്ട്.

‘‘ഇട്ടിച്ചിരിക്കുട്ട്യേ പച്ചപ്പയറൊത്തൂ... ഒത്തൂ... ഒത്തൂ... ഒത്തൂ...’’





# പച്ചിലത്തോണി

അമ്പലപ്പുഴ ഗോപകുമാർ

പച്ചിലത്തോണി തുഴഞ്ഞു തുഴഞ്ഞൊരു
കൊച്ചുറുമ്പാറ്റിൽക്കളിക്കെ
പറ്റിപ്പിടിച്ചവനക്കരെയിക്കരെ
ചുറ്റുമൊന്നോടിച്ചുനോക്കി.
കാറ്റത്തു ചാഞ്ചക്കം ചാഞ്ചാടി നിൽക്കുമ്പോൾ
കാടും മലകളും കണ്ടു
നാടും നഗരവും നടവഴിയിടവഴി
നാട്ടിലെക്കോവിലും കണ്ടു.
കോവിലിൻ മുന്നിലെക്കൊടിമരം കണ്ടപ്പോൾ
തേവരെയുള്ളിലൊന്നോർത്തു
കാളിയമർദ്ദനമാടിയ കണ്ണന്റെ
കാൽക്കൽ മനസാ നമിച്ചു.
കാൽക്ഷണം കൊണ്ടിലത്തോണി കടവത്തു
കാറ്റുകൊണ്ടെത്തിച്ചനേരം
ചാടിയിറങ്ങിയക്കുഞ്ഞുറുമ്പത്ഭുത-
ലോകത്തിലെത്തിയപോലെ.
ആരും നിനച്ചില്ലാപാവത്തെ രക്ഷിക്കാൻ
ആരെങ്കിലും വരുമെന്ന്
ജീവനു കാവലായെപ്പോഴുമീശ്വരൻ
ഏവർക്കുമൊപ്പമുണ്ടെന്നും.
നാമറിയാത്ത മഹാവിസ്മയങ്ങളീ-
ഭൂമിയിലെന്തൊക്കെയെന്ന്
ആരറിഞ്ഞീടുന്നു സർവൈകകാരണ-
നായൊരാളുണ്ടെന്ന സത്യം!






വര: സചീന്ദ്രൻ കാറഡുക്ക

# ആനയുടെ ഭാരവും ആമയുടെ ഭാരവും തുല്യമാണ്

പള്ളിയറ ശ്രീധരൻ



ഗണിതശാസ്ത്രം പൊതുവെ സത്യമാണ് എന്നാണ് വിശ്വസിക്കപ്പെടുന്നത്. പക്ഷെ പലപ്പോഴും അവിശ്വസനീയമായ കാര്യങ്ങളിലേക്ക് ഗണിതം നമ്മെ കൊണ്ടുപോകാറുണ്ട്. ഇതാ അത്തരമൊരു ഉദാഹരണം. ഒരു ആനയുടെ ഭാരവും ഒരു ആമയുടെ ഭാരവും തുല്യമാണെന്ന് ഗണിതശാസ്ത്രത്തിന്റെ സഹായത്തോടെ തെളിയിക്കുകയാണിവിടെ.

ഒരു ആനയുടെ ഭാരം a എന്നും ഒരു ആമയുടെ ഭാരം b എന്നും ഇവയുടെ തുക c എന്നുമിരിക്കട്ടെ.



അപ്പോൾ $a + b = c$

ഇതിൽ നിന്നും നമുക്ക് രണ്ട് സമവാക്യങ്ങൾ നിർമ്മിക്കാം.

$$a = c - b \quad .......(1)$$

$$a - c = -b \quad .......(2)$$

ഈ 2 സമവാക്യങ്ങൾ ഗുണിച്ചാൽ

$$a(a - c) = (c - b)(-b)$$

$$a^2 - ac = b^2 - bc$$

രണ്ടു ഭാഗത്തും $c^2/4$ ചേർത്താൽ

$$a^2 - ac + c^2/4 = b^2 - bc + c^2/4$$

$$(a - c/2)^2 = (b - c/2)^2$$

വർഗ്ഗമൂലമെടുത്താൽ

$$a - c/2 = b - c/2$$

$$a = b$$

a എന്നത് ആനയുടെയും b എന്നത് ആമയുടെയും ഭാരവുമാണല്ലോ.അപ്പോൾ ഒരു ആനയുടെ ഭാരവും ഒരു ആമയുടെ ഭാരവും തുല്യമാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയകൾ നമുക്ക് ശരിയായി തോന്നുമെങ്കിലും നമ്മെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു സ്റ്റെപ്പ് ഇതിൽ കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് തികച്ചും അവിശ്വസനീയമായ ഒരു നിഗമനത്തിൽ നാം എത്തിച്ചേർന്നത്. രണ്ട് സംഖ്യകളുടെ വർഗ്ഗം തുല്യമായാൽ സംഖ്യകൾ തുല്യമാകണമെന്നില്ല. അപ്പോൾ വർഗ്ഗങ്ങൾ തുല്യമായവയുടെ വർഗ്ഗമൂലം തുല്യമാകണമെന്നില്ല. ഉദാഹരണമായി 5 ന്റെയും –5 ന്റെയും വർഗ്ഗം 25 ആണ്. പക്ഷെ 25 ന്റെ വർഗ്ഗമൂലങ്ങൾ തുല്യമല്ല.

palliyarasreedharan@gmail.com

# ഓണവില്ല്

വിനോദ് വൈശാഖി



വര: സൂധീർ പി വൈ

ഓണവില്ലേ ഓണവില്ലേ
നീ തൊടുത്തൊരക്ഷരത്തിൽ
ചോരയുണ്ടല്ലോ
ചെന്നുവീഴും തൊടിയിടത്തിൽ
തുമ്പയില്ലല്ലോ
നീ തൊടുത്തൊരമ്പിനിമ്പം
മാഞ്ഞുപോയല്ലോ

ഓണവില്ലേ ഓണവില്ലേ
നീ തൊടുത്ത പാട്ടിനുള്ളിൽ
പട്ടു പോയ പാട്ടുപെട്ടി
വയലും വീടും സ്വപ്നം കണ്ടേ

ഓണവില്ലേ ഓണവില്ലേ
നീ തൊടുത്ത പൂവിനുള്ളിൽ
തേൻ കുടിച്ചോരോണത്തുമ്പി
ചത്തിരുന്നല്ലോ

കല്ലെടുക്കും കാലുകണ്ട്
കരളലിഞ്ഞല്ലോ

ഓണവില്ലേ ഓണവില്ലേ
നീ തൊടുത്തൊരമ്പിനറ്റ-
ത്തോണക്കോടി തച്ചുടുത്തൊരോണനിലാ
പെൺകൊടിയെ പങ്കുവച്ചല്ലോ,
പിന്നെ കൊന്നുവച്ചല്ലോ

ഓണവില്ലേ ഓണവില്ലേ
കാണം വിറ്റൊരോണമുണ്ണാൻ
കാണമില്ലല്ലോ.

# തിത്തിമി തകധിമി

ശ്രീജിത് പെരുന്തച്ചൻ

തിത്തിമിക്കുട്ടി ഡാൻസ് പഠിച്ചിട്ടില്ല. അതിനെക്കുറിച്ച് ചോദിച്ചാ തിത്തിമിക്കുട്ടീടമ്മ പറയും 'നേരെ ചൊവ്വേ നടക്കാൻ പഠിച്ചത് ഇന്നാളാ അപ്പോഴാ ഡാൻസ് പഠിക്കുന്ന് ഒരാള് എന്ന്.' കാര്യം എന്താണെന്നുവെച്ചാൽ എല്ലാവരും തിത്തിമിക്കുട്ടിയോട് ചോദിക്കും, പേരെന്തുവാ എന്ന്. അപ്പോ തിത്തിമിക്കുട്ടി പറയും എസ് ആർ തിത്തിമി. കേൾക്കുന്നോര് ചോദിക്കും, 'അല്ല തെയ് തെയ് തിത്തിമി തക തക തക തെയ് തെയ് തിത്തിമി എന്നു ഡാൻസ് പഠിക്കണ കുട്ട്യോള് പാടാറുണ്ടല്ലോ, അതുകൊണ്ട് ചോദിച്ചതാ എന്ന്.'

എന്നാലും തിത്തിമിക്കുട്ടി ടീവിടെ മുൻപില് ചെന്ന് ചില ഡാൻസൊക്കെ അതിലെപ്പോലെ കാണിക്കും. അപ്പോ തിത്തിമിക്കുട്ടീട മുത്തശ്ശി പറയും, കണ്ടോ ഇവള് നല്ല സുന്ദരമായിട്ട് ഡാൻസ് ചെയ്യുന്ന്, പിന്നെന്താ ഇവളെ ഡാൻസ് പഠിപ്പിച്ചാല്. നീയെന്താടാ ഇവളെ ഡാൻസിന് വിടാത്തതെന്ന് മുത്തശ്ശി തിത്തിമീടച്ഛനോട് ചോദിക്കും. അപ്പോ തിത്തിമീടച്ഛൻ അതു കേട്ടതായിപ്പോലും നടിക്കില്ല. പാവം തിത്തിമി അപ്പോഴും ടീവീലെ പരിപാടി നോക്കി അതുപോലെ ഡാൻസ് ചെയ്യുകയാവും. അച്ഛനൊന്നും പറയാത്തത് കാണുമ്പോ തിത്തിമിക്ക് കൊറേശ്ശെ വെഷമം വരും. എന്നാലും തിത്തിമി എല്ലാ ദിവസവും ഇതു തന്നെ ചെയ്യും. അടുത്തവീട്ടിലെ പിള്ളേരൊക്കെ ഡാൻസ് പഠിക്കാൻ പോവുന്നുണ്ട്. അവരുടെയൊന്നും ഡാൻസ് തിത്തിമീട ഡാൻസിന്റെ അടുത്തുപോലും വരില്ല. ആരും പഠിപ്പിക്കാതെ തന്നെ ഇത്രയും നന്നായി ഡാൻസ് ചെയ്യുന്ന കൊച്ചെന്ന് മുത്തശ്ശി പറയുമ്പം തിത്തിമി ആളങ്ങ് പൊങ്ങും.

അപ്പോ തിത്തിമി പറയും, എനിക്ക് ഈ പേരിട്ടിട്ട് അച്ഛനെന്താ എന്നെ ഡാൻസിന്



വര: റോണി ദേവസ്യ

വിടാത്തതെന്ന്. അച്ഛൻ പറയും, മോൾടെ പേരില് തന്നെ ഡാൻസുണ്ടല്ലോ, പിന്നെന്തിനാ വേറെ ഒരു ഡാൻസ്പഠിത്തം എന്ന്. അങ്ങനെ അച്ഛനും മോളും ഒന്നിച്ചിരുന്ന് കെട്ടിപ്പിടിച്ചും പൊട്ടിച്ചിരിച്ചും ഇരിക്കുമ്പം അമ്മ വന്നുപറയും, അയ്യട എന്തു രസം രണ്ടിനേം കണ്ടേച്ചാലും മതി എന്ന്. എന്താ ഞങ്ങൾക്കൊരു കൊഴപ്പം എന്നു ചോദിച്ച് തിത്തിമിയെ കെട്ടിപ്പിടിച്ച് അച്ഛൻ ഒരു ചക്കരയുമ്മ കൊടുക്കും .

ഇന്നാള് ഒരു ദിവസം തിത്തിമിക്കുട്ടി സ്കൂളീന്ന് വന്നപ്പം അച്ഛനോട് പറയ്വാ, ക്ലാസില് ഉഷാറാണി മിസ് തിത്തിമീടെ പേരു വിളിച്ചപ്പം ഗൗതം അവിടിരുന്ന് ഉറക്കെ തകധിമീന്ന് വിളിച്ച് അവളെ കളിയാക്കിയെന്ന്. അപ്പോ ഉഷാറാണി മിസ് അവന് നല്ല അടി വച്ചു കൊടുത്തത്രേ. എന്നിട്ട് തിത്തിമിയോട് ഉഷാറാണി മിസ് എന്തു പറഞ്ഞെന്നോ? മോള് കരയണ്ട, ഇവന്റെ പേര് ഗൗതം എന്നല്ല ഭൂതം എന്നാണെന്ന്. അതുകേട്ട് എല്ലാവരും ഗൗതമിനെ ഭൂതം എന്നു വിളിച്ച് ചിരിച്ചു. തിത്തിമി അച്ഛന്റെ മടിയിൽ കയറിയിരുന്ന് പിന്നേം കൊഞ്ചിക്കൊണ്ട് ഓരോന്ന് പറയുകയാണ്.

തിത്തിമിക്ക് അങ്ങനെയാണ്, അച്ഛനെ കാണുമ്പം അല്ലേലും ഇച്ചിരിക്കൊഞ്ചല് കൂടും. അതൊക്കെ വകവച്ചു കൊടുക്കാനിവിടെ ആളൊണ്ടായിട്ടാ, പിള്ളേരെ അധികം മടീക്കയറ്റിയിരുത്തരുത്, പിന്നവര് തലേക്കേറി നെരങ്ങും എന്നു പറയും അമ്മ അപ്പോ.

കുറച്ചു കഴിഞ്ഞ് തിത്തിമീടച്ഛന് വല്ലതും എഴുതാനുള്ളപ്പോ തിത്തിമിയെ മടീന്ന് പതുക്കെ താഴെയെറക്കും. ഇനി അച്ഛന്റെ തകതിമി മോള് പോയി വല്ലതും കഴിക്ക്, അച്ഛന് കുറച്ച് ജോലിയുണ്ടെന്നു പറയുമ്പം തിത്തിമി വീണ്ടും ചിണുങ്ങാൻ തുടങ്ങും. അപ്പോ അച്ഛനും ഗൗതമിന്റെ സെറ്റാ എന്നെ കളിയാക്കുകയാ എന്നു പറയും തിത്തിമി.

ഒന്നുമല്ല, എന്റെ തിത്തിമി മോൾടെ പേര് അതൊന്നുമല്ല തിത്തിമിക്കുട്ടീന്നാ എന്നു പറയും അച്ഛൻ അപ്പോ.

അതെന്തിനാ ഞാൻ കുട്ടിയല്ലേ പിന്നെന്തിനാ തിത്തിമിക്കുട്ടീന്ന് വീണ്ടും പറയുന്നെ? തിത്തിമി ചോദിക്കും. അതോ അതേ, മോൾക്കറിയോ മാധവിക്കുട്ടീന്നൊക്കെ പറയില്ലേ അതുപോലെ വലുതായാലും മോളെ എല്ലാവരും കുട്ടിയായി സ്നേഹിക്കണം എന്നാ അച്ഛന്റെ ആഗ്രഹം. അതുകൊണ്ട് വല്യ മാധവിക്കുട്ടിയെപ്പോലെ ഇതച്ഛന്റെ തിത്തിമിക്കുട്ടി' അച്ഛൻ പറഞ്ഞു.

എന്നാലേ തിത്തിമിക്കുട്ടീടെ പേര് ഇതൊന്നുമല്ലാരുന്നു. പിന്നെയോ തീർഥക്കുട്ടി എന്നായിരുന്നു.

അങ്ങനിരിക്കെ ഒരുദിവസം തീർഥക്കുട്ടീടെ അച്ഛന്റെ ഫ്രണ്ട് ഒരുദിവസം വീട്ടിൽ വന്നു. വന്നപ്പോ തീർഥക്കുട്ടിയോട് പേരു ചോദിച്ചു. തീർഥക്കുട്ടിക്ക് സ്വന്തം പേര് തെറ്റാതെ പറയാൻ നാവുവഴങ്ങിയില്ല. അവൾ എങ്ങനെയോ ഒരുവിധം പറഞ്ഞൊപ്പിച്ചപ്പം ആ അങ്കിള് കേട്ടത് തിത്തിമീന്നാ. അന്നു തൊട്ടാ എല്ലാവരും തീർഥക്കുട്ടിയെ തിത്തിമിക്കുട്ടി എന്നു വിളിക്കാൻ തുടങ്ങിയത്.





വര: സുജിത് പി വി

കുട്ടിക്കവിത

# കർഷകൻ

ഹരീഷ് ആർ നമ്പൂതിരിപ്പാട്

കാടും പടലും കരിയിലയും
വെട്ടിയൊതുക്കിത്തീയിട്ടു
മണ്ണുകിളച്ചുനിരത്തിപ്പലപല
വിത്തുകളങ്ങുകുഴിച്ചിട്ടു
പന്തൽകെട്ടി വളർത്തീചേലിൽ
ചന്തമെഴുന്നൊരു പാവയ്ക്കാ
ചുള്ളിക്കൊമ്പിൽപ്പടർത്തിവിട്ടു
വള്ളിപ്പയറതുവേണ്ടോളം
വെള്ളരിമത്തൻ പടവലമങ്ങനെ
കണ്ടം നിറയെക്കാണുമ്പോൾ
തള്ളിവരുന്നോരാനന്ദം
ഉള്ളിൽ നിറയും കർഷകനായ്

# ഗണപതിയും കഥമതിയും

പുനരാഖ്യാനം : **ഡോ. കെ ശ്രീകുമാർ**

''അമ്മേ ഒരു കഥയും കൂടി.'' ആൺകുട്ടി ചിണുങ്ങി.

''ഇനി നാളെ മതി മോനേ. ഇപ്പോൾ കിടന്നുറങ്ങിക്കോളൂ. നേരം ഒരുപാടായി.''

കോട്ടുവായിട്ടുകൊണ്ട് അമ്മ പറഞ്ഞു.

''ങുഹും. ഇപ്പോത്തന്നെ വേണം.'' അവൻ വാശിപിടിച്ചു.

''ശരി. ഇനി കഥ വേണ്ടെന്നു നിന്നെക്കൊണ്ടു പറയിക്കുംവരെ ഞാൻ പറഞ്ഞുകൊണ്ടിരിക്കും. നോക്കിക്കോ.''

അമ്മ കഥപറയാൻ തയ്യാറെടുത്തു. മുൻതാടിക്കു കൈകൊടുത്ത് അവൻ അമ്മയോടു ചേർന്നുകിടന്നു.

''മോനേ, പണ്ടുപണ്ടൊരിടത്ത് രണ്ടു ചങ്ങാതിമാരുണ്ടായിരുന്നു. ഒരാൾ ഗണപതി, മറ്റേയാൾ കഥമതി. ഊണിലും ഉറക്കത്തിലും പിരിയാത്ത അവർ ഒരുനാൾ യാത്രപോയി.''

''എങ്ങോട്ടാ അമ്മേ?''

അവന് അതറിയാൻ തിടുക്കമായി.

''അതല്ലേ ഞാൻ പറയാൻ പോവുന്നേ? തോക്കിൽക്കയറി വെടിവയ്ക്കരുതെന്ന് ഞാനെത്ര തവണ പറഞ്ഞിട്ടുള്ളതാണ്.''

അമ്മ കോപം നടിച്ചു. അവൻ അബദ്ധം പറ്റിയതുപോലെ തലയ്ക്കടിച്ചു. അപ്പോൾ അമ്മ തുടർന്നു.

''അവർ ദൂരെയൊരിടത്തേക്കാണു പോയത്. വഴിമധ്യേ ഒരു പുഴ കടന്നുവേണമായിരുന്നു അവർക്കു പോവാൻ. പുഴവക്കത്തു കിടന്നിരുന്ന തോണി കെട്ടഴിച്ച് അവർ അതിൽ കയറി തുഴഞ്ഞു. തോണി പുഴയിലൂടെ വേഗം മുന്നോട്ടു നീങ്ങി. രണ്ടു പേർക്കും ആ യാത്ര രസകരമായി തോന്നി. അപ്പോഴല്ലേ അത് സംഭവിച്ചത്?''

അമ്മയുടെ മുഖത്ത് ഗൗരവം നിറഞ്ഞു. ബാക്കിയെന്താണെന്നറിയാൻ അവന് ആകാംക്ഷയുണ്ടായെങ്കിലും ചോദിച്ചാൽ അബദ്ധമായാലോ എന്നു ചിന്തിച്ച് മിണ്ടാതിരുന്നു.

''പെട്ടെന്നൊരു കാറ്റുവന്നു. തോണിയിൽ കാറ്റുപിടിച്ചു. അത് ജലനിരപ്പിൽ നന്നായി ആടിയുലഞ്ഞു. അതു കണ്ട് രണ്ടു ചങ്ങാതിമാരും ഭയന്നു. അടുത്ത നിമിഷം തോണി ശരിക്കുമൊന്നു ചരിഞ്ഞു. ഒരു വശത്തിരുന്ന ഗണപതി പുഴയിലേക്ക് 'ധിം ' എന്നൊരു വീഴ്ച.''

അമ്മ പറഞ്ഞുനിർത്തി.

''കഷ്ടം!''

അവനു സങ്കടം വന്നു. അവന്റെ മുഖത്തു നോക്കി ഗൗരവം വിടാതെ അമ്മ ചോദിച്ചു.

''ആട്ടെ, ഗണപതി പുഴയിൽ വീണുപോയില്ലേ? ഇനി ആരാ തോണിയിലുള്ളതെന്നു മോനു പറയാമോ?''

''അതെന്തു ചോദ്യം? കഥമതി!'' അവൻ പെട്ടെന്നു പറഞ്ഞു.

''കഥ മതിയെങ്കിലേ എന്റെ പൊന്നുമോൻ കിടന്നുറങ്ങിക്കോ.'' പൊട്ടിച്ചിരിച്ചുകൊണ്ട് അമ്മ പറഞ്ഞു. അതു കേട്ടപ്പോഴല്ലേ അവന് അമളി മനസ്സിലായത്. അമ്മയോടു പിണങ്ങി, മുഖം വീർപ്പിച്ച് അവൻ തിരിഞ്ഞ് ഒരൊറ്റക്കിടത്തം. അതുകണ്ട് അമ്മ അവനെ കെട്ടിപ്പിടിച്ച് ഒരു പൊന്നുമ്മ കൊടുത്തു. ആ കിടപ്പിൽ അവൻ ഉറങ്ങിപ്പോവുകയും ചെയ്തു.



വര: സുരേഷ് പുല്ലങ്ങാടി

# ഞങ്ങടെ കൂടെ പോരുന്നോ

ഡോ. മഞ്ജുഷ ആർ വർമ്മ

തുള്ളിനടക്കും മാൻ കുഞ്ഞേ നിൻ
ഉള്ളിലൊരിത്തിരി കിന്നാരം
ആടിപ്പാടി നടക്കും കാറ്റേ
ആകാശത്തൂടെവിടേക്ക്?
തിത്തൈ തകതൈ താളം തുള്ളണ
കാട്ടരുവീ നീയെങ്ങോട്ട്?
ചാഞ്ചാടീടാൻ പോരുന്നോ,
കൂടെക്കൂട്ടാൻ ഞാനുണ്ടേ
കാട്ടിലലഞ്ഞു തിരിഞ്ഞു നടക്കാം
കാറ്റിലുലഞ്ഞു കുതിച്ചു പറക്കാം
പാടത്തൂടെ നടന്നാ ഞാറ്റിൻ
പൂങ്കതിർ നുള്ളി നടന്നീടാം
ചെന്തെങ്ങിൻ കുല മേലെ വീഴും
അന്തിവെയിൽച്ചിരി കണ്ടീടാം
മണ്ണിനെയറിയാം വിണ്ണിനെയറിയാം
മന്നിടമിതു വീടെന്ന് നിനയ്ക്കാം.



വര: സചീന്ദ്രൻ കാറഡുക്ക

# ഇബിബിയോയിലെ സുന്ദരിക്കുട്ടി

**ജോൺ സാമുവൽ**

അസൂയയ്ക്കും കഷണ്ടിക്കും മരുന്നു കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്ത മറ്റു രാജ്യങ്ങളെപ്പോലെയായിരുന്നു നൈഗർ നദീതീരത്തെ ചാഡ് താഴ്‌വരയാകെ വ്യാപിച്ചു കിടന്നിരുന്ന ഫുലാനി സാമ്രാജ്യം. ബെനിൻ രാജാവിന്റെ ഭരണകാലം ഫുലാനിയുടെ നല്ല നാളുകളായിരുന്നു. നൈഗർ നദീതീരത്തെ ഇബിബിയോ എന്ന പ്രദേശത്ത് അക്കാലത്ത് അതീവസുന്ദരിയായ ഒരു പെൺകുട്ടി ജീവിച്ചിരുന്നു.

അക്കിം – അതായിരുന്നു അവളുടെ പേര്. ഇബിബിയോയിലെ നാട്ടുനടപ്പനുസരിച്ച് വസന്തകാലത്തു ജനിക്കുന്ന അഴകുള്ള പെൺകുട്ടികളിൽ ഒരാൾക്ക് ലോകത്തിലേക്കും ഏറ്റവും സുന്ദരി എന്നർഥം വരുന്ന 'അക്കിം' എന്ന പേരു നൽകിയിരുന്നു. ഒരായുഷ്ക്കാലത്ത് ഒരുപക്ഷേ ഒരു പെൺകുട്ടിക്കു മാത്രം ലഭിച്ചേക്കാവുന്ന ബഹുമതിയാണത്.

ആ ഒരൊറ്റക്കാരണംകൊണ്ട് ഇബിബിയോയിലുള്ള മറ്റു പെൺകുട്ടികൾക്ക് അവളോട് കടുത്ത അസൂയയായിരുന്നു. അക്കിം അച്ഛനമ്മമാരുടെ ഏക മകളായിരുന്നു. അവളുടെ സൗന്ദര്യത്തിൽ അതീവ സന്തുഷ്ടരായിരുന്നെങ്കിലും ആ സൗന്ദര്യം അവളെ അപകടപ്പെടുത്തുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു.

ഇബിബിയോയിലെ ചെറുപ്പക്കാരായ ആൺകുട്ടികളും പെൺകുട്ടികളും അവരവരുടെ പ്രായത്തിനനുസരിച്ചുള്ള സംഘങ്ങളിൽ ഒത്തുകൂടുകയും ആഘോഷങ്ങളിൽ ഏർപ്പെടുകയും പതിവായിരുന്നു. എന്നാൽ അക്കിമിനെ അച്ഛനും അമ്മയും ആ കൂട്ടങ്ങളിലേക്ക് അയച്ചില്ല. അവളെ എല്ലാറ്റിൽ നിന്നും മാറ്റി നിർത്തി.

സുന്ദരിയും അനുസരണശീലവുമുള്ള കുട്ടിയായിരുന്നു അക്കിം. വീട്ടിൽത്തന്നെ കഴിച്ചുകൂട്ടുന്നതിലും വീട്ടുജോലികളിൽ ഏർപ്പെടുന്നതിലും അവൾ ആനന്ദം കണ്ടെത്തി. ഒരുദിവസം വീടിനടുത്തുള്ള അരുവിയിൽ നിന്ന് വെള്ളമെടുത്ത് മടങ്ങുമ്പോൾ ഏഴു പെൺകുട്ടികളടങ്ങുന്ന ഒരു സംഘം അക്കിമിനെ വഴിയിൽ തടഞ്ഞുനിർത്തി. മൂന്നു ദിവസങ്ങൾക്കപ്പുറം കാനോ പട്ടണത്തിൽ നടക്കുന്ന കാർഷികോത്സവത്തിൽ തങ്ങൾക്കൊപ്പം നൃത്തം ചെയ്യാൻ കൂടണം എന്നതായിരുന്നു അവരുടെ ആവശ്യം. പാവപ്പെട്ടവരായ തന്റെ അച്ഛനെയും അമ്മയെയും സഹായിക്കുകയാണ് തന്റെ കർത്തവ്യം എന്നുപറഞ്ഞ് അക്കിം അവരുടെ ക്ഷണം നിരസിച്ചു. അവളുടെ സൗന്ദര്യത്തിന്റെ നൂറിലൊരംശമെങ്കിലും തങ്ങൾക്കു കിട്ടിയിരുന്നെങ്കിൽ എന്ന് കടുത്ത അസൂയയോടെ അവർ ഓർത്തു. അവളുടെ ജ്വലിക്കുന്ന സൗന്ദര്യം അവരിൽ പക ജനിപ്പിച്ചു. തങ്ങളുടെ ക്ഷണം നിരസിച്ച അക്കിമിന് നല്ല ശിക്ഷ കൊടുക്കണമെന്ന് അവർ തീരുമാനിച്ചു. അതിന് അവർ കണ്ടെത്തിയ മാർഗം ഏഴുപേരും ഒന്നിച്ചുചെന്ന് വീട്ടുജോലികളിൽ

ഇബിബിയോയിലെ നാട്ടുനടപ്പനുസരിച്ച് വസന്തകാലത്തു ജനിക്കുന്ന അഴകുള്ള പെൺകുട്ടികളിൽ ഒരാൾക്ക് ലോകത്തിലേക്കും ഏറ്റവും സുന്ദരി എന്നർഥം വരുന്ന 'അക്കിം' എന്ന പേരു നൽകിയിരുന്നു. ഒരായുഷ്ക്കാലത്ത് ഒരു പെൺകുട്ടിക്കു മാത്രം ലഭിച്ചേക്കാവുന്ന ബഹുമതി.

അക്കിമിനെ സഹായിക്കുക എന്നതായിരുന്നു. അങ്ങനെ അവളോട് അടുക്കണം. അപ്പോൾ തങ്ങളോട് അവൾക്കിഷ്ടം തോന്നും. പിന്നെ വലയിൽ വീഴ്ത്തണം. അങ്ങനെ അക്കിമിന്റെ വീട്ടിലെത്തി സൗഹൃദം കൂടി, അവളെ ജോലിയിൽ സഹായിക്കാൻ തുടങ്ങി. അസാധാരണമായ ഈ നീക്കത്തിൽ പന്തികേടു തോന്നിയ അച്ഛനും അമ്മയും അക്കിമിന് മുന്നറിയിപ്പു നൽകി.

വിശ്വസിക്കാൻ കൊള്ളാത്ത വർഗമാണ്. വലിയ കൂട്ടുകെട്ടിനൊന്നും പോകണ്ട. അക്കിം അക്ഷരംപ്രതി അതു പാലിക്കുകയും ചെയ്തു. കാർഷികോത്സവത്തിൽ പങ്കെടുക്കാൻ അച്ഛനും അമ്മയും രണ്ടുനാൾ മുമ്പേ പോയ തക്കം

നോക്കി ഏഴുപെൺകുട്ടികളും അക്കിമിന്റെ വീട്ടിലെത്തി. അസൂയക്കാരും ചതിയരുമായ ആ പെൺകുട്ടികൾക്കൊപ്പം ഒരു കാരണവശാലും കൂടരുത് എന്ന ഉദ്ദേശ്യത്തോടെ ഒട്ടേറെ ജോലികൾ അവളെ ഏൽപ്പിച്ചിട്ടായിരുന്നു അച്ഛനും അമ്മയും യാത്രയായത്.

പെൺകുട്ടികൾ എല്ലാപേരും കൂടി വേഗത്തിൽ അവയെല്ലാം ചെയ്തുതീർത്ത് അവസാന ദിവസമെങ്കിലും കാനോയിലേക്കു പോകാൻ അക്കിമിനെ നിർബന്ധിച്ചു. തന്റെ ജോലികൾ മുഴുവൻ ഉറ്റസുഹൃത്തുക്കളെപ്പോലെ ചെയ്തുതീർത്ത അവരോട് പറ്റില്ലെന്നു പറയാൻ അക്കിമിനായില്ല.

അക്കിമും പെൺകുട്ടികളും കാനോയിലേക്കു യാത്രയായി. സുമോ പാറക്കൂട്ടങ്ങൾക്കിടയിലൂടെ ഒഴുകുന്ന നദി കടന്നുവേണമായിരുന്നു അവർക്കു പോകുവാൻ. നദി നീന്തിക്കയറി അക്കരെയെത്തുന്നവർ തിരികെ മടങ്ങുമ്പോൾ നദിയുടെ കാവൽക്കാരി എന്നു വിശ്വസിക്കപ്പെടുന്ന ജലപ്പിശാചിന് നിവേദ്യം അർപ്പിച്ച് പ്രീണിപ്പിക്കുക അന്നാട്ടിലെ അനുഷ്ഠാനമായിരുന്നു. എന്നാൽ ഇക്കാര്യം പെൺകുട്ടികൾ മനഃപൂർവം അക്കിമിൽ നിന്ന് ഒളിപ്പിച്ചുവച്ചു. വീടുവിട്ട് എങ്ങും പോകാറില്ലെന്നതിനാൽ അക്കിമിനും അക്കാര്യം അറിയുമായിരുന്നില്ല.

കാനോയിൽ കാഴ്ചകൾ കണ്ടുനടന്ന പെൺകുട്ടികളുടെ സംഘം അക്കിമിനെ അച്ഛനമ്മമാരുടെ കണ്ണിൽപ്പെടാതെ കൊണ്ടുനടന്നു. കൂട്ടുകാരികളുടെ ഈ ആത്മാർഥതയിൽ അക്കിം ആശ്വാസം കൊള്ളുകയും ചെയ്തു.

അടുത്തദിവസം അതിരാവിലെയുള്ള മടക്കയാത്രയിൽ പെൺകുട്ടികൾ ഏഴ് നിവേദ്യപ്പൊതികൾ കരുതിയിരുന്നു. അക്കിമിന് ഒരെണ്ണം നൽകുവാൻ അവർ മനഃപൂർവം തയ്യാറായില്ല. നദി കുറുകെ നീന്തിക്കടക്കുമ്പോൾ നിവേദ്യം നൽകാത്ത അക്കിമിനെ ജലപ്പിശാച് പിടിച്ചുകൊണ്ട് നദിയുടെ ആഴത്തിലേക്കു കൊണ്ടുപോകുന്നതോർത്ത് അവർ പരസ്പരം കുശുകുശുക്കുകയും ആഹ്ലാദിക്കുകയും ചെയ്തു.

പാവം അക്കിം ഒന്നുമറിഞ്ഞില്ല. നദി കുറുകെ നീന്തുമ്പോൾ തങ്ങളുടെ കൈയിൽ കരുതിയിരുന്ന നിവേദ്യം പെൺകുട്ടികൾ വെള്ളത്തിലേക്ക് എറിഞ്ഞു. അപ്പോൾ നദിയുടെ ആഴത്തിൽ നിന്ന് ജലപ്പിശാച് മുകളിലേക്ക് ഊളിയിട്ടെത്തി. ചോദ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. തനിക്ക് നിവേദ്യം അർപ്പിക്കാത്ത അക്കിമിന്റെ നേരെ ആക്രോശിച്ചുകൊണ്ട് ചാടി ജലപ്പിശാച് അവളെ നദിയുടെ അടിത്തട്ടിലേക്ക് വലിച്ചുകൊണ്ടുപോയി. ഇതു കണ്ട പെൺകുട്ടികൾ അത്യധികം ആഹ്ലാദിച്ചു. തങ്ങളുടെ ശത്രുവിനെ ആരുമറിയാതെ





വര: പി ജി ബാലകൃഷ്ണൻ





വകവരുത്തിയിരിക്കുന്നു. ഇനി തങ്ങളായിരിക്കും ഇബിബിയോയിലെ സുന്ദരിമാർ.

വീട്ടിൽ മടങ്ങിയെത്തിയ അച്ഛനും അമ്മയും വീട് പൂട്ടിക്കിടക്കുന്നതാണ് കണ്ടത്. അയൽപ്പക്കങ്ങളിലെ അന്വേഷണം വിഫലമായി. പെൺകുട്ടികളും യാതൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ അന്വേഷണത്തിൽ പങ്കെടുത്തു. നാടുമുഴുവൻ അന്വേഷിച്ചിട്ടും അക്കിമിനെപ്പറ്റി ഒരു വിവരവും ലഭിച്ചില്ല.

ഒടുവിൽ വേവലാതിയോടെ നാട്ടിലെ പ്രസിദ്ധനായ മന്ത്രവാദിയുടെ അടുത്തെത്തി. ഏതാനും മന്ത്രങ്ങൾ ഉരുവിട്ടശേഷം അയാൾ മാന്ത്രികവടി തന്റെ കണ്ണിനു മുകളിൽ വച്ചു. അപ്പോൾ നടന്നതെല്ലാം മന്ത്രവാദിയുടെ കണ്ണിൽ ഒന്നൊന്നായി തെളിഞ്ഞു. സംഭവിച്ചതറിഞ്ഞപ്പോൾ അക്കിമിന്റെ അച്ഛനും അമ്മയും ബോധരഹിതരായി നിലംപതിച്ചു. അവരെ ഉണർത്തി ആശ്വസിപ്പിച്ചുകൊണ്ട് മന്ത്രവാദി പറഞ്ഞു.

''വിഷമിക്കാതെ എല്ലാത്തിനും പരിഹാരമുണ്ട്.''

''ഞങ്ങളെന്താ ചെയ്യേണ്ടത്? ഞങ്ങളുടെ മകൾ..''

''ജലപ്പിശാച് ആകെ കോപിച്ചിരിക്കുകയാണ്.

**അവർ അതിരാവിലെ മന്ത്രവാദി പറഞ്ഞ വകകളുമായി നദിക്കരയിലെത്തി. മന്ത്രവാദി ഉച്ചത്തിൽ മന്ത്രങ്ങൾ ചൊല്ലി. ആദ്യം ജീവനുള്ള ആടിനെ വെള്ളത്തിലേക്കെറിഞ്ഞു. ആട് നിലവിളിച്ചുകൊണ്ട് ആഴത്തിൽ മറഞ്ഞു.**

നാളെ വെളിച്ചം വീഴുന്നതിനു മുൻപ് ഒരു ആട്, ഒരു കുട്ട നിറയെ കോഴിമുട്ട, വെളുത്ത ഒരു മുണ്ട് എന്നിവയുമായി നിങ്ങൾ നദിക്കരയിലെത്തണം. ഞാനവിടെയുണ്ടാകും. എല്ലാം സമർപ്പിച്ച് ജലപ്പിശാചിനോട് ദയ യാചിച്ചാൽ നിങ്ങളുടെ മകളെ നിശ്ചയമായും തിരികെത്തരും.

അവർ അതിരാവിലെ മന്ത്രവാദി പറഞ്ഞ വകകളുമായി നദിക്കരയിലെത്തി. മന്ത്രവാദി ഉച്ചത്തിൽ മന്ത്രങ്ങൾ ചൊല്ലി. ആദ്യം ജീവനുള്ള ആടിനെ വെള്ളത്തിലേക്കെറിഞ്ഞു. ആട് നിലവിളിച്ചുകൊണ്ട് ആഴത്തിൽ മറഞ്ഞു.

പിന്നെ മുട്ടകൾ ഒന്നൊന്നായി എറിഞ്ഞു. ഒടുവിൽ വെളുത്ത മുണ്ട് ജലപ്പരപ്പിലേക്ക് വീശിയെറിഞ്ഞു...

ഉദ്വേഗം നിറഞ്ഞ നിമിഷങ്ങൾ. അപ്പോൾ മന്ത്രവാദി പറഞ്ഞു.

ജലപ്പിശാച് ഇപ്പോൾ പൊന്തിവരും. നിങ്ങളുടെ മകൾ ജലപ്പിശാചിന്റെ കൈകളിലുണ്ടാവും. അവളെ ജലപ്പിശാച് ഏഴുപ്രാവശ്യം വെള്ളത്തിനു മുകളിലേക്കെറിയും. നിങ്ങൾക്ക് അവളെ കൈകൊണ്ട് പിടിച്ചു രക്ഷിക്കാം. എന്നാൽ ഏഴാം പ്രാവശ്യവും അതിനു കഴിയുന്നില്ലെങ്കിൽ അവളെ എന്നെന്നേക്കുമായി നഷ്ടപ്പെടും. അതുകൊണ്ട് കരുതി പ്രവർത്തിക്കുക.

വീണ്ടും ഉദ്വേഗത്തിന്റെ നിമിഷങ്ങൾ. ജലപ്പരപ്പിലേക്കു നോക്കിനിൽക്കെ നദിക്കു നടുവിലായി ഒരു ചുഴി രൂപം കൊണ്ടു. ചുഴി മെല്ലെ വലുതായി. ഒടുവിൽ മുകളിലേക്ക് വെള്ളം ചീറ്റിത്തെറിപ്പിച്ചുകൊണ്ട് ചുഴിയുടെ നടുവിൽ നിന്ന് ജലപ്പിശാച് പുറത്തേക്കു വന്നു. കൈയിൽ സുന്ദരിയായ അക്കിം. ജലപ്പിശാചിന്റെ കൈകളിലിരുന്ന് അവൾ ദയനീയതയോടെ കരയിലേക്കു നോക്കി.

ജലപ്പിശാച് അക്കിമിനെ മുകളിലേക്ക് എറിഞ്ഞു... ആദ്യത്തെ ഏറ്...

അക്കിമിന്റെ അച്ഛൻ ആ നിമിഷത്തിൽ ജലപ്പരപ്പിലേക്കു ചാടി. ചാട്ടുളിപ്പോലെ വായുവിലൂടെ പാഞ്ഞ് ആദ്യ ഏറിൽത്തന്നെ മകളെ കൈകൾക്കുള്ളിലാക്കി.


മന്ത്രവാദിയുടെ മുഖത്ത് ആശ്വാസം നിറഞ്ഞു. അക്കിമിന്റെ അമ്മ സന്തോഷംകൊണ്ട് തുള്ളിച്ചാടി. അത്യാഹ്ലാദത്തോടെ അക്കിമിനെ അച്ഛൻ കരയിലെത്തിച്ചു.

ഇപ്പോൾ അവൾ പണ്ടത്തേതിലും സുന്ദരിയായിരിക്കുന്നുവെന്ന് അവർക്കു തോന്നി. തിരിഞ്ഞുനോക്കുമ്പോൾ ജലപ്പരപ്പ് ശാന്തം... ജലപ്പിശാച് അപ്രത്യക്ഷമായിരിക്കുന്നു...

അക്കിമിനെ കണ്ടെത്തിയ വിവരം പെട്ടെന്നു തന്നെ ഇബിബിയോ മുഴുവൻ അറിഞ്ഞു. നാട്ടുകാർ ഓടിക്കൂടി സന്തോഷം പങ്കിട്ടു. പക്ഷേ അസൂയക്കാരായ ആ ഏഴു പെൺകുട്ടികൾക്കു മാത്രം ആ സന്തോഷത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. അക്കിമിനെ അവർ ചതിയിൽ പെടുത്തുകയായിരുന്നുവെന്ന കാര്യം പക്ഷേ, ആരോടും പറഞ്ഞില്ല. അവർക്കുള്ള ശിക്ഷ പുറകേ വന്നോളും എന്ന് മന്ത്രവാദി പറഞ്ഞിരുന്നു.

ഒടുവിൽ മന്ത്രവാദിയുടെ പ്രവചനം ഫലിച്ചു. ഒരിക്കൽ നദിക്കരയിൽ മുഖം കഴുകാൻ പോയ ഏഴു പെൺകുട്ടികളുടെയും കണ്ണ് കാക്ക കൊത്തിപ്പറിച്ചു കൊണ്ടുപോയി. അതിനു ശേഷമാണ് ഇബിബിയോയിൽ ആ ചൊല്ല് പ്രസിദ്ധമായത്. മറ്റുള്ളവരുടെ സൗന്ദര്യത്തിൽ അസൂയപ്പെടരുത്... കാക്ക കണ്ണുകൊത്തിക്കൊണ്ടു പോകും...






# കോനൻ ഡോയ്ൽ, പിന്നെ ഷെർലക്ഹോംസ്, വാട്സണും



**ഡോ. പി കെ രാജശേഖരൻ**




**ആർതർ കോനൻ ഡോയ്ലിന്റെ വിഖ്യാതമായ കുറ്റാന്വേഷണ നോവലുകളിലെ കുറ്റാന്വേഷ കനായ കഥാപാത്രമാണ് ഷെർലക് ഹോംസ്. കഥാകൃത്തിനെക്കാൾ പ്രശസ്തനായ കഥാപാത്രമാ ണിത്. ഇന്നുവരെ ജീവിച്ചിട്ടുള്ള ഏതു കുറ്റാന്വേഷകനെയുംകാൾ പ്രസിദ്ധൻ. ഷെർലക് ഹോംസി നെയും അയാളുടെ സാഹസ ങ്ങളെയും സൃഷ്ടിച്ച ആർതർ കോനൻ ഡോയ്ലിന്റെ 160-ാം ജന്മവാർഷികമാണിപ്പോൾ. ആർതർ കോനൻ ഡോയ്ലിനെ ക്കുറിച്ചും ഷെർലക് ഹോംസിനെ ക്കുറിച്ചും കൂടുതലറിയാൻ ഈ ലേഖനം വായിക്കൂ...**

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനകാലമായ 1878. ലണ്ടൻനഗരത്തിൽ താമസിക്കാൻ പറ്റിയ ഒരു വാടകമുറി അന്വേഷിച്ചുചെന്ന ഡോക്ടർ വാട്സൺ എന്ന ഇംഗ്ലീഷുകാരനോട് നേരത്തേതന്നെ അവിടെ താമസിച്ചുകൊണ്ടിരിക്കുന്നയാൾ ഒരു ചോദ്യം ചോദിച്ചു. ''നിങ്ങൾ അഫ്ഗാനിസ്താനിലായിരുന്നു അല്ലേ?'' തന്നെ ആദ്യമായി കാണുന്ന അയാൾ അക്കാര്യം കൃത്യമായി മനസ്സിലാക്കിയതുകണ്ട് ഡോ. വാട്സൺ ഞെട്ടിപ്പോയി. താൻ എങ്ങനെയാണ് അക്കാര്യം കൃത്യമായി ഊഹിച്ചതെന്ന് അയാൾ പിന്നീട് വാട്സണു വിശദീകരിച്ചുകൊടുത്തു. കാഴ്ചയിൽ പട്ടാളക്കാരനെപ്പോലെയുള്ള ആ ഡോക്ടർ തീർച്ചയായും സൈന്യത്തിൽ ജോലി ചെയ്യുകയാവുമെന്ന് അയാൾ ഊഹിച്ചു. മാത്രമല്ല, വാട്സന്റെ മുഖം വെയിലേറ്റു കരുവാളിച്ചതും ഇടതുകൈ മുറിവേറ്റതുമായിരുന്നു. ബ്രിട്ടനും അഫ്ഗാനിസ്താനും തമ്മിൽ യുദ്ധം (രണ്ടാം ആംഗ്ലോ-അഫ്ഗാൻ യുദ്ധം) നടക്കുന്ന കാലവുമായിരുന്നു അത്. അങ്ങനെയാണ് വാട്സൺ അഫ്ഗാനിസ്താനിലായിരുന്നുവെന്ന് അയാൾ കൃത്യമായി ഊഹിച്ചത്. വാട്സണെ മനസ്സിലാക്കിയ കൂട്ടുതാമസക്കാരന്റെ പേര് ഷെർലക് ഹോംസ്.

ഒരു പ്രശസ്തനോവലിന്റെ തുടക്കത്തിലുള്ള രംഗമാണിത്. ആർതർ കോനൻ ഡോയ്ൽ എഴുതിയ 'എ സ്റ്റഡി ഇൻ സ്കാർലെറ്റ്' (ചുവപ്പിൽ ഒരു പഠനം) എന്ന ആ കുറ്റാന്വേഷണ (അപസർപ്പക) നോവൽ ലോകസാഹിത്യത്തിലെ അവിസ്മരണീയരായ രണ്ടു കഥാപാത്രങ്ങളെ സൃഷ്ടിച്ചു. ഷെർലക് ഹോംസ് എന്ന ഡിറ്റക്ടീവിനെയും അയാൾ നടത്തിയ കുറ്റാന്വേഷണങ്ങളുടെ കഥപറയുന്ന ചങ്ങാതി ഡോ. വാട്സണെയും. കഥാകൃത്തിനെക്കാൾ പ്രശസ്തനായ കഥാപാത്രമാണ് ഷെർലക് ഹോംസ്. ഇന്നുവരെ ജീവിച്ചിട്ടുള്ള ഏതു കുറ്റാന്വേഷകനെയും പോലീസ് ഓഫീസറെയുംകാൾ പ്രസിദ്ധൻ. ഷെർലക് ഹോംസിന്റെ പേരിൽ ലണ്ടനിൽ ഒരു മ്യൂസിയവുമുണ്ട്. ഹോംസും വാട്സണും താമസിച്ച '221 ബി, ബേക്കർ സ്ട്രീറ്റ്' എന്ന ഇല്ലാത്ത കെട്ടിടത്തിന്റെ പേരാണ് ലണ്ടനിലെ ബേക്കർ

സ്ട്രീറ്റിലുള്ള ആ കാഴ്ചബംഗ്ലാവിനു നൽകിയിട്ടുള്ളത്. ഷെർലക് ഹോംസിനെയും പിന്നീട് പൊലീസിന്റെ കുറ്റാന്വേഷണ രീതികളെപ്പോലും സ്വാധീനിച്ച അയാളുടെ സാഹസങ്ങളെയും സൃഷ്ടിച്ച ആർതർ കോനൻ ഡോയ്‌ലിന്റെ 160–ാം ജന്മവാർഷികമാണിപ്പോൾ.

സ്കോട്ട്ലൻഡിലെ എഡിൻബറ നഗരത്തിൽ 1859 മേയ് 22 നാണ് ആർതർ കോനൻ ഡോയ്‌ൽ ജനിച്ചത്. എഡിൻബറ സർവകലാശാലയിൽ നിന്ന് വൈദ്യശാസ്ത്ര ബിരുദം നേടിയ ഡോയ്‌ൽ ഇംഗ്ലണ്ടിൽ ഡോക്ടറായി ജോലി ചെയ്തു. പിന്നീടാണ് ചികിത്സ ഉപേക്ഷിച്ച് അദ്ദേഹം കഥയെഴുത്തുകാരനായി മാറിയത്. ഒട്ടേറെ മറ്റു നോവലുകളും (ചരിത്രനോവലുകൾ, ശാസ്ത്ര നോവലുകൾ) എഴുതിയെങ്കിലും ഷെർലക് ഹോംസിനെ നായകനാക്കിയുള്ള അപസർപ്പക നോവലുകളും കഥകളുമാണ് ഡോയ്‌ലിനെ ലോകപ്രസിദ്ധനാക്കിയത്. നാലു നോവലുകളും 56 ചെറുകഥകളും ഷെർലക് ഹോംസിനെ കേന്ദ്രമാക്കി അദ്ദേഹം എഴുതി. ഹോംസിനെപ്പറ്റി എത്രയോ സിനിമകളും ടെലിവിഷൻ പരമ്പരകളുമുണ്ടായി. ലോകത്തെ മിക്ക ഭാഷകളിലും ഷെർലക് ഹോംസ് കഥകളെ അനുകരിച്ചുള്ള കൃതികൾ ഉണ്ടായി.



ലണ്ടനിലെ ഷെർലക് ഹോംസ് മ്യൂസിയം

മലയാളത്തിൽ അപസർപ്പകസാഹിത്യം ഉണ്ടായതുതന്നെ ഷെർലക് ഹോംസ് മാതൃകയിൽ അപ്പൻതമ്പുരാൻ എഴുതിയ 'ഭാസ്കരമേനോൻ' എന്ന നോവലോടുകൂടിയാണ്. 1887–ൽ പ്രസിദ്ധീകരിച്ച 'എ സ്റ്റഡി ഇൻ സ്കാർലെറ്റി'ലാണ് ഷെർലക് ഹോംസും വാട്സണും ആദ്യമായി പ്രത്യക്ഷപ്പെട്ടത് . 'ദ സൈൻ ഓഫ് ഫോർ' (1890), 'ദ ഹൗണ്ട് ഓഫ് ബാസ്കർവിൽ' (1902), 'ദ വാലി ഓഫ് ഫിയർ' (1915) എന്നിവയാണ് മറ്റു ഷെർലക് ഹോംസ് നോവലുകൾ. 1891 ൽ പ്രസിദ്ധീകരിച്ച 'എ സ്കാൻഡൽ ഇൻ ബൊഹീമിയ' ആയിരുന്നു ആദ്യത്തെ ഷെർലക് ഹോംസ് ചെറുകഥ. 1912–ൽ കോനൻ ഡോയ്‌ൽ എഴുതിയ 'ദ ലോസ്റ്റ് വേൾഡ്' എന്ന ശാസ്ത്രനോവലാണ് മൈക്കേൽ ക്രൈറ്റന്റെ 'ജുറാസിക് പാർക്ക് (1990) എന്ന നോവലിനു പ്രചോദനമായത്.


author : Walter Benington
ആർതർ കോനൻ ഡോയ്‌ൽ

ക്രൈറ്റന്റെ നോവൽ ആധാരമാക്കിയുള്ളതാണ് സ്റ്റീവൻ സ്പീൽബെർഗിന്റെ അതേപേരുള്ള പ്രസിദ്ധ സിനിമ.

ശാസ്ത്രീയവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തെളിവുകൾ വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾ തെളിയിക്കുന്ന ഡിറ്റക്ടീവാണ് ഷെർലക് ഹോംസ്. സ്വതന്ത്രാന്വേഷകനായ ഹോംസിന്റെ സഹായത്തോടെ പോലീസ് മിക്ക കേസുകളിലും കുറ്റവാളികളെ പിടികൂടുന്നു. ശാസ്ത്രജ്ഞാനം, യുക്തിചിന്ത, അപഗ്രഥനം, വിവരവിശകലനം എന്നിവയാണ് ഹോംസിന്റെ കുറ്റാന്വേഷണരീതികൾ. വിരലടയാളം, ഷൂസിന്റെ അടയാളം, പലതരം ചാരങ്ങൾ, മുടിയിഴകൾ, കൈയക്ഷരം, കുതിരവണ്ടിച്ചക്രത്തിന്റെ പാടുകൾ, പലതരം മണ്ണുകൾ തുടങ്ങിയവയെല്ലാം കേസ് തെളിയിക്കാനായി ഹോംസ് ഉപയോഗിക്കുന്നു. ഹോംസ് കഥകൾ ഉണ്ടായ കാലത്ത് അതൊന്നും പൊലിസ് അന്വേഷണസംഘത്തിന്റെ ഭാഗമായിരുന്നില്ല. പിന്നീട് അതെല്ലാം കുറ്റാന്വേഷണത്തിൽ പ്രധാനമായിത്തീർന്നു. 19-ാം നൂറ്റാണ്ടിൽ വികസിച്ചുവന്ന പുതിയ ശാസ്ത്രബോധവും യുക്തിചിന്തയുമാണ് ഷെർലക് ഹോംസിന്റെ സൃഷ്ടിയിൽ കോനൻ ഡോയ്ൽ ഉപയോഗിച്ചത്. ലഭ്യമായ തെളിവുകളിൽനിന്ന് അനുമാനങ്ങളിൽ എത്തുന്നതാണ് ഹോംസിന്റെ രീതി.

ഡോ. വാട്സൺ ഇല്ലെങ്കിൽ ഷെർലക് ഹോംസില്ല. ഹോംസിന്റെ അന്വേഷണകഥകൾ എഴുതി പ്രസിദ്ധീകരിക്കുന്നത് വാട്സണാണ്. സാഹിത്യം, തത്ത്വശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയവയിലൊന്നും ഒരു താത്പര്യവുമില്ലാത്ത ഹോംസിന് രസതന്ത്രം, ശരീരശാസ്ത്രം, വയലിൻ വായന, വാൾപ്പയറ്റ്, വടിപ്പയറ്റ്, മീൻപിടിത്തം, ബ്രിട്ടീഷ് നിയമം തുടങ്ങിയവയിൽ അപാരമായ പരിജ്ഞാനമുണ്ട്. പൊതുവേ വരണ്ട സ്വഭാവവും കടുംപിടുത്തവുമുള്ള ഷെർലക് ഹോംസിന് മനുഷ്യമുഖം നൽകുന്നത് കോനൻ ഡോയ്ലിനെപ്പോലെതന്നെ ഡോക്ടറായ വാട്സണാണ്. ഗ്രന്ഥകർത്താവിന്റെ തനിപ്പകർപ്പാണ് പൊതുവേ അമാന്തക്കാരനായ ഡോ. വാട്സൺ എന്നുപറയാം.

എഴുത്തുകാരൻ മാത്രമായിരുന്നില്ല ആർതർ കോനൻ ഡോയ്ൽ. പത്ത് ഫസ്റ്റ് ക്ലാസ് മത്സരങ്ങൾ കളിച്ച ക്രിക്കറ്ററും ഫുട്ബോൾ ഗോളിയുമായിരുന്നു അദ്ദേഹം. ബോക്സിങ്ങിലും ഗോൾഫിലും ഡോയ്ൽ സജീവമായിരുന്നു. നീതി നിഷേധിക്കപ്പെട്ടവർക്കുവേണ്ടി പോരാടാൻ ഡോയ്ൽ രംഗത്തിറങ്ങിയ ഒട്ടേറെ സംഭവങ്ങളുമുണ്ട്. അദ്ദേഹം മരിച്ചിട്ട് തൊണ്ണൂറു വർഷമാകാറായെങ്കിലും ഷെർലക് ഹോംസ് കഥകൾ ഇന്നും വായിക്കപ്പെടുന്നു.



# നന്ദിപ്രകടനം

**പ്രൊഫ. മാത്യു ഉലകംതറ**



വര: ആശ ആർ

ഒന്നിച്ചണിചേർന്നു കൂട്ടുകാരേ
വന്ദിച്ചിടാം നമുക്കീശ്വരനെ
നമ്മൾക്കു ദൈവമൊരച്ഛനല്ലോ
നമ്മളവിടത്തെ മക്കളല്ലോ?
കാലത്തുമന്തിക്കുമിങ്ങനെ നാം
ചേലൊത്ത തൃപ്പാദം കൂപ്പിടേണം
സ്നേഹിച്ചു നമ്മളെയെന്നുമെന്നും
പാലിക്കുമീശനെക്കുമ്പിടേണം.

2

നന്ദിതുളുമ്പും മനമോടെ
വന്ദിക്കുക നാമീശ്വരനെ
പാരിൽ നമുക്കീ നന്മകളെല്ലാം
വാരിക്കോരിത്തന്നതല്ലോ
കണ്ണും കൈയും ചെവിയും നാവും
മണ്ണിൽ നടക്കാൻ കാലുകളും
മെയ്യും പ്രാണനുമെല്ലാം തന്നതു
ദൈവപിതാവിൻ കൃപയല്ലോ.

# എന്തു നൽകേണ്ടു ഞാൻ

എൻ എസ് സുമേഷ്കൃഷ്ണൻ

'എന്തുനൽകേണ്ടതെന്നുണ്ണികൾക്കാ'
യെന്നു
ചിന്തിച്ചിരിക്കുന്ന നേരം
വാക്കുകളൊന്നും വരുന്നീലയോർമ്മതൻ
നീർക്കുമിളയ്ക്കുള്ളിൽ നിന്നും
എന്തുനൽകേണ്ടു ഞാനെന്നൊരാലോചന
അന്തരാത്മാവിൽ തുടിക്കേ
ഉള്ളിന്റെയുള്ളു തുള്ളിക്കളിച്ചോതുന്നു
കള്ളമില്ലാക്കഥ നൽകൂ
ജീവിതമേകിയ സ്വപ്നഹംസത്തിന്റെ
തൂവലിലെ സ്വർണമേകൂ
മാവിന്റെ കൈകൾ നിനക്കായി നീട്ടിയ
തേൻകുടമെല്ലാം കൊടുക്കൂ.
തോട്ടുവക്കിൽകാറ്റിലാടുന്ന കൈതതൻ
നാട്ടുതോറ്റങ്ങൾ കൊടുക്കൂ.
രാവിൻ നിഗൂഢരഹസ്യങ്ങളിൽ പൂത്ത
പൂവുകളൊക്കെക്കൊടുക്കൂ
പന്തങ്ങൾ നീട്ടിനിൽക്കുന്ന മുക്കുറ്റിതൻ
ചന്തങ്ങളെല്ലാം കൊടുക്കൂ
കാറ്റിൽമുളങ്കൂട്ടമേറ്റുപാടീടുന്ന
ചാറ്റുപാട്ടീണം കൊടുക്കൂ
നേർത്തനിലാവുനിൻനേർക്കുനീട്ടുന്നൊരീ
കാർത്തികദീപം കൊടുക്കൂ
അസ്തമിക്കാത്തതാം സൂര്യനെ നൽകിയ
പുസ്തകശാലകൊടുക്കൂ
നിന്നിൽ മൊട്ടിട്ടു വിടർന്ന സംസ്കാരവും
നിന്നെയുമവർക്കായ് കൊടുക്കൂ
മാനസമെന്നോടു ചൊന്നതു ചെയ്യുവാൻ
ഞാനമാന്തിക്കുന്നതില്ല
ആനന്ദഗീതമുതിർക്കുന്നുനെഞ്ചകം
തേനൂറിടുന്നു കിനാവിൽ.



വര: ഗോപു പട്ടിത്തറ

# കട്ടബൊമ്മന്റെ ദേശസ്നേഹം

സിപ്പി പള്ളിപ്പുറം



വര: ബോബി എം പ്രഭ



“എന്ത്! നാം നിങ്ങൾക്കു നികുതി തരണമെന്നോ? ഇതെന്തുകഥ? ഈ മണ്ണിൽ ജനിച്ചുവളർന്ന ഞങ്ങളോട് നികുതി ചോദിക്കാൻ നിങ്ങളാര്?” മുന്നിൽ നിൽക്കുന്ന വെള്ളക്കാരന്റെ മുഖത്തുനോക്കി ബൊമ്മൻ ചോദിച്ചു.

“ഞങ്ങളാണ് ഇപ്പോൾ ഇവിടത്തെ അധികാരികൾ! നികുതിതരാൻ കൂട്ടാക്കിയില്ലെങ്കിൽ ഞങ്ങൾ പിടിച്ചുവാങ്ങും.” നികുതിപിരിക്കാൻ വന്ന വെള്ളക്കാരൻ ബെല്ലർസായിപ്പ് ഭീഷണി മുഴക്കി.

“എടോ സായിപ്പേ, വീരവാദം മുഴക്കേണ്ട. മര്യാദയ്ക്കു പോയില്ലെങ്കിൽ നമ്മുടെ തനിനിറം നാം പുറത്തെടുക്കും. ങും; കടന്നുപൊയ്ക്കോ വേഗം” ബൊമ്മൻ ഉറക്കെ അലറി.

ഇടിമുഴക്കം പോലുള്ള അദ്ദേഹത്തിന്റെ ഗർജനം കേട്ടതോടെ നികുതി പിരിക്കാൻ വന്ന ബെല്ലർ സായിപ്പ് പ്രാണനുംകൊണ്ട് പറപറന്നു.

വർഷങ്ങൾക്കുമുമ്പ് തമിഴകത്തെ ‘പാഞ്ചാലക്കുറിച്ചി’ എന്ന നാട്ടുരാജ്യത്തായിരുന്നു ഈ സംഭവം. നമ്മുടെ നാടിനെ അടിമത്തത്തിലാഴ്ത്താൻ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനി ഒരു നീരാളിയെപ്പോലെ പിടിമുറുക്കുന്ന കാലമായിരുന്നു അത്.

അക്കാലത്ത് പാഞ്ചാലക്കുറിച്ചിയിലെ രാജാവായിരുന്നു വീരപാണ്ഡ്യകട്ടബൊമ്മൻ. വെള്ളക്കാർ നമ്മുടെ മണ്ണിൽ കാലുറപ്പിക്കുന്നതും നമ്മുടെ മേൽ സ്വാധീനം ചെലുത്തുന്നതും കട്ടബൊമ്മന് സഹിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ; ചുറ്റുപാടുമുള്ള പല നാട്ടുരാജാക്കന്മാരും ഇതിനകം വെള്ളക്കാരുടെ കളിപ്പാവകളായി മാറിക്കഴിഞ്ഞിരുന്നു.

കട്ടബൊമ്മനിൽ നിന്ന് നിർബന്ധിതമായി കരംപിരിക്കാൻ ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ മേധാവിയായ മാക്സ്ബല്ലർ പല കുതന്ത്രങ്ങളും അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ അവരുടെ ഒരു ഭീഷണിയും കട്ടബൊമ്മന്റെ

പക്കൽ ചെലവായില്ല. ഇതിന്റെ പേരിൽ 1792 മുതൽ അദ്ദേഹം വെള്ളക്കാരുമായി നിരന്തരം ഏറ്റുമുട്ടാൻ തുടങ്ങി.

കട്ടബൊമ്മനെ വലയിൽ കുടുക്കാനായി മാക്സ്‌ബെല്ലർ അതീവ തന്ത്രശാലിയും ക്രൂരനുമായ ജാക്സൺ എന്നൊരു തെമ്മാടിയെ നിയോഗിച്ചു. ജാക്സൺ കട്ടബൊമ്മന് ഒരു സന്ദേശമയച്ചു: ''പൊന്നുതിരുമേനീ, അങ്ങയുമായി ചില രഹസ്യകാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. അതുകൊണ്ട് ഏകാകിയായി നമ്മെ വന്നു കാണുവാൻ താത്പര്യപ്പെടുന്നു.''

സന്ദേശം വായിച്ചപ്പോൾത്തന്നെ ഇതിനകത്ത് എന്തോ ചതിയുണ്ടെന്ന് കട്ടബൊമ്മൻ മനസ്സിലാക്കി. ജാക്സന്റെ അടുക്കലേക്ക് യാത്രതിരിച്ചപ്പോൾ അദ്ദേഹം തന്റെ വിശ്വസ്തരായ ഏതാനും പേരെ രഹസ്യമായി കൂടെ കൊണ്ടുപോയി.

കട്ടബൊമ്മൻ കൃത്യസമയത്തുതന്നെ ജാക്സൺ നിർദേശിച്ച സ്ഥലത്തെത്തി. പക്ഷേ അവിടെ അപ്പോൾ ജാക്സൺ ഉണ്ടായിരുന്നില്ല. ഒഴിഞ്ഞകസേര മാത്രം. അപമാനിതനായ കട്ടബൊമ്മന്റെ രക്തം തിളച്ചുമറിഞ്ഞു. അപ്പോഴാണ് 'ശൊക്കം പെട്ടി' യിലെ ജന്മിയായ രാജാസേതുപതിയുടെ ഒളിസങ്കേതത്തിൽ ജാക്സൺ എന്തോ ഗൂഢാലോചനയിൽ മുഴുകിയിരിക്കുകയാണെന്നറിഞ്ഞത്.

പിന്നെ കട്ടബൊമ്മൻ ഒന്നും ചിന്തിച്ചില്ല. ശരവേഗത്തിൽ അദ്ദേഹം ജാക്സന്റെ മുന്നിൽ പാഞ്ഞെത്തി. തന്റെ സഹോദരനും ഊമയുമായ ഊമദുരൈ അടക്കമുള്ള വിശ്വസ്ത സേനാനികളെ പുറത്തുനിറുത്തിയിട്ട് ഏകാകിയായിട്ടാണ് അദ്ദേഹം അവിടേക്കു ചെന്നത്.

ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് ഒട്ടും പ്രതീക്ഷിച്ചിരിക്കാത്ത സ്ഥലത്ത് ഏകനായി, നിർഭയനായി തലയുയർത്തി നിൽക്കുന്ന ബൊമ്മനെ കണ്ട് ജാക്സൺ നടുങ്ങി.

''എന്തിനാണ് താങ്കൾ നമ്മെ വിളിച്ചത്? നാണം കെടുത്തി വിടാനാണോ?'' തീ പാറുന്ന കണ്ണുകളോടെ ബൊമ്മൻ ആരാഞ്ഞു.

''നിങ്ങൾ കമ്പനിക്കു തരാനുള്ള നികുതി ഉടനെ തന്നേ തീരു.'' ജാക്സൺ അറിയിച്ചു.

''എന്ത്! നികുതിതരണമെന്നോ? നികുതി ചോദിക്കാൻ നീയാര്? പോടാ പോ! ഇത് നമ്മുടെ ജന്മഭൂമിയാണ്. ഇവിടുന്ന് നികുതി പിരിക്കാൻ നിനക്ക് യാതൊരു അധികാരവുമില്ല.'' കട്ടബൊമ്മൻ ആക്രോശിച്ചു.

ഇതുകേട്ട് ജാക്സൺ പേടിച്ചുവിറച്ചു. അയാൾ അനുനയസ്വരത്തിൽ പറഞ്ഞു: ''അങ്ങയുമായി രമ്യതയിൽ പോകാനാണ് ഞങ്ങളുടെ ആഗ്രഹം. എല്ലാ നാട്ടുരാജാക്കന്മാരും ഞങ്ങൾക്ക് കപ്പം തരുന്നുണ്ട്. അതുപോലെ അങ്ങും തരണം. തന്നേ തീരൂ.''

''ഇല്ല. ഒരു ചില്ലിത്തുട്ടുപോലും തരില്ല. ഇനിയും ഭീഷണിപ്പെടുത്താൻ വന്നാൽ നിന്റെയൊക്കെ തല കാണില്ല'' ബൊമ്മൻ സധീരം ഓർമപ്പെടുത്തി.

ഇതുകേട്ട് ക്രുദ്ധനായ ജാക്സൺ കട്ടബൊമ്മനെ ഉടൻ വിലങ്ങുവയ്ക്കാൻ തന്റെ സെക്രട്ടറിയോട് കൽപ്പിച്ചു.

സെക്രട്ടറിയും കൂട്ടാളികളും ബൊമ്മനെ വിലങ്ങുവയ്ക്കാൻ മുന്നോട്ടടുത്തു. ഒരുനിമിഷം! പെട്ടെന്നാണതു സംഭവിച്ചത്. സെക്രട്ടറിയുടെ തല ചോരയിൽ കുളിച്ചു നിലത്തു വീണുപിടഞ്ഞു.

ചോരയൊലിക്കുന്ന ഉടവാളുമായി കട്ടബൊമ്മൻ ഈറ്റപ്പുലിയെപ്പോലെ നിന്നു. പേടിച്ചരണ്ട വെള്ളക്കാർ ജീവനും കൊണ്ട് പലവഴിക്കും ചിതറിയോടി. വൈകാതെ ഏതാനും നാട്ടുരാജാക്കന്മുടെ ഒത്താശയോടെ അവർ പാഞ്ചാലക്കുറിച്ചി ആക്രമിച്ചു. വാളും വാളും തമ്മിലിടഞ്ഞു. തോക്കുകൾ ചുറ്റും ഗർജിച്ചു. അവിടെ അത്യുഗ്രമായ ഒരു പോരാട്ടം നടന്നു. ദേശസ്നേഹികളായ കട്ടബൊമ്മന്റേയും കൂട്ടരുടേയും കൈയിൽ വാളും പരിചയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വെള്ളപ്പട്ടാളത്തിന്റെ പക്കൽ തോക്കുകളും പീരങ്കികളുമുണ്ടായിരുന്നു. എന്നിട്ടും കട്ടബൊമ്മന്റെ കർമസേനാനികൾ ധീരധീരം പോരാടി. നാട്ടുപടയുടെ ചാട്ടുളികളേറ്റ് നിരവധി വെള്ളപ്പരിശകൾ ചത്തുമലച്ചു. വെള്ളക്കാരുടെ പടത്തലവനായ ലഫ്റ്റനന്റ് കൊള്ളിൻസിനെ ഇതിനകം ബൊമ്മന്റെ സഹോദരനായ ഊമദുരൈ വധിച്ചു കഴിഞ്ഞിരുന്നു.

അതോടെ കലിപൂണ്ട വെള്ളപ്പട്ടാളം കട്ടബൊമ്മനെ കുടുക്കിലാക്കാൻ ചുറ്റും കെണികളൊരുക്കി. എന്നിട്ടും പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെപ്പോലെ അദ്ദേഹം ഏറെനേരം പൊരുതി നിന്നു.

ഈ രംഗം കണ്ടുകൊണ്ട് കോട്ടയ്ക്കു മുകളിൽ നിന്ന കട്ടബൊമ്മന്റെ വിശ്വസ്തനായ മന്ത്രി താപതിപ്പിള്ളൈ ആ

**സന്ദേശം വായിച്ചപ്പോൾത്തന്നെ ഇതിനകത്ത് എന്തോ ചതിയുണ്ടെന്ന് കട്ടബൊമ്മൻ മനസ്സിലാക്കി. ജാക്സന്റെ അടുക്കലേക്ക് യാത്രതിരിച്ചപ്പോൾ അദ്ദേഹം തന്റെ വിശ്വസ്തരായ ഏതാനും പേരെ രഹസ്യമായി കൂടെ കൊണ്ടുപോയി. പക്ഷേ അവിടെ അപ്പോൾ ജാക്സൺ ഉണ്ടായിരുന്നില്ല.**

നിമിഷം തന്നെ ഒരു പരുന്തിനെപ്പോലെ താഴേക്കു പറന്നിറങ്ങി. അവിടെ നിന്നിരുന്ന വെള്ളക്കാരെ അദ്ദേഹം തുരുതുരാ വെട്ടിവീഴ്ത്തി.

അതിനുശേഷം കട്ടബൊമ്മനെ അദ്ദേഹം ഒരു രഹസ്യ സങ്കേതത്തിലൂടെ പുതുക്കോട്ടയിലേക്ക് കടത്തിക്കൊണ്ടുപോയി. അവിടത്തെ രാജാവും ബൊമ്മന്റെ ഉറ്റതോഴനുമായ തോണ്ടർമാൻ സ്വന്തം കൊട്ടാരത്തിൽ അദ്ദേഹത്തെ പാർപ്പിക്കാൻ ഒരുക്കമാണെന്നറിയിച്ചു.

ബൊമ്മനുവേണ്ടി തോണ്ടർമാൻ തന്റെ കൊട്ടാരത്തിൽ പ്രത്യേക മുറിയും കിടക്കകളുമൊരുക്കിയിരുന്നു. വളരെ സന്തോഷപൂർവം ബൊമ്മൻ അവിടെയെത്തി സുഖനിദ്രയിലാണ്ടു.

പക്ഷേ എന്തുപറയാൻ? താൻ വിശ്വസ്തനായി കരുതിയ തോണ്ടർമാൻ ബൊമ്മനെ വഞ്ചിക്കുകയായിരുന്നു. പിറ്റേന്ന് പുലർച്ചയ്ക്ക് കണ്ണുതുറന്നപ്പോൾ ആയുധമേന്തിയ വെള്ളപ്പരിഷകൾ തന്നെ വലയം ചെയ്തു നിൽക്കുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്.

**ഉത്തരവു കേട്ടതോടെ കട്ടബൊമ്മൻ ഒരുപിടി മണ്ണുവാരിയെടുത്ത് സ്വന്തം നെഞ്ചോടുചേർത്തുപിടിച്ചു. "അമ്മേ, ഭാരതാംബേ, നിന്റെ സ്വാതന്ത്ര്യോദയം കാണാനുള്ള ഭാഗ്യം അടിയനില്ലാതെ പോയി. ഈ മകൻ അമ്മയോട് വിടപറയുകയാണ്. ഒരിക്കൽക്കൂടി ഈ മണ്ണിൽ ജനിക്കണമെന്നാണ് അടിയന്റെ ആഗ്രഹം...!**

താമസിയാതെ വെള്ളക്കാർ ആ വീരസിംഹത്തെ ചങ്ങലകൊണ്ട് വരിഞ്ഞുകെട്ടി. വിചാരണയ്ക്കു കൊണ്ടുപോയി. എത്രയും വേഗം തൂക്കിലേറ്റി കൊല്ലാനായിരുന്നു പട്ടാളക്കോടതിയുടെ ഉത്തരവ്. ഇതിനിടയിൽ കമ്പനിമേധാവിയായിരുന്ന ബന്നർമാൻ പറഞ്ഞു. ''ചെയ്ത തെറ്റിനു മാപ്പ് പറഞ്ഞ് നികുതിയടച്ചാൽ ഇനിയും ബൊമ്മനെ ഞങ്ങൾ വെറുതെ വിട്ടയ്ക്കാം.''


ഇതുകേട്ടതോടെ ബൊമ്മൻ ഒരഗ്നിപർവതംപോലെ പൊട്ടിത്തെറിച്ചു. ''ഹും, നിന്നോട് നാം മാപ്പുചോദിക്കുകയോ? ഇല്ല; ഒരിക്കലുമില്ല. നാം ഭാരതാംബയുടെ പുത്രനാണ്. പിറന്നുവീണ മണ്ണിനെ ഒറ്റുകൊടുക്കാൻ ശീലിച്ചിട്ടില്ല.''

ഇതെല്ലാം കണ്ടും കേട്ടും ബന്നർമാന്റെ ക്ഷമനശിച്ചു. ഒരുനിമിഷം പോലും കളയാതെ ബൊമ്മനെ തൂക്കിലേറ്റാൻ അയാൾ ഉത്തരവിട്ടു.

ഉത്തരവു കേട്ടതോടെ കട്ടബൊമ്മൻ ഒരുപിടി മണ്ണുവാരിയെടുത്ത് സ്വന്തം നെഞ്ചോടുചേർത്തുപിടിച്ചു.''അമ്മേ, ഭാരതാംബേ, നിന്റെ സ്വാതന്ത്ര്യോദയം കാണാനുള്ള ഭാഗ്യം അടിയനില്ലാതെപോയി. ഈ മകൻ അമ്മയോട് വിടപറയുകയാണ്. എങ്കിലും അമ്മയെ സ്വതന്ത്രയായിക്കാണാൻ ഒരിക്കൽക്കൂടി ഈ മണ്ണിൽ ജനിക്കണമെന്നാണ് അടിയന്റെ അവസാനത്തെ ആഗ്രഹം...! അതുമാത്രം...!''

ഒരു പുളിമരക്കൊമ്പിൽ തയ്യാറാക്കിയിരുന്ന കയർക്കുരുക്കിലേക്ക് ബൊമ്മൻ സ്വയം തലകടത്തി. എന്നിട്ട് പീഠം തട്ടിത്തെറിപ്പിച്ചു. ആ മഹാമന്നവൻ വീരസ്വർഗം പൂകി. എന്തൊരു ധീരത! എന്തൊരു ദേശസ്നേഹം. എത്ര ഉദാത്തമായ ജീവിതാന്ത്യം! വീരപാണ്ഡ്യകട്ടബൊമ്മൻ എന്ന ഉജ്വല നക്ഷത്രം അങ്ങനെ ചരിത്രത്തിന്റെ ആകാശസീമയിൽ ഇടംപിടിച്ചു.

നമുക്കും ബൊമ്മനെപ്പോലെ ഈ നാടിനെ സ്നേഹിക്കാം; 'ജനനി ജന്മഭൂമി' എന്ന് ഉച്ചത്തിൽ വിളിച്ചുപറയാം.



# ക്ലാസ് വാർ

എം കൃഷ്ണദാസ്

## മീഡിയം

പ്രവേശനോത്സവ നാളിൽത്തന്നെ അശോകൻ മാഷ് ക്ലാസിലെ എല്ലാ കുട്ടികൾക്കുമുള്ള പാഠപുസ്തകം വിതരണം ചെയ്യുകയായിരുന്നു.

നാലിൽ മൂന്നു ഡിവിഷനാണ്. എ-ക്ലാസ് ഇംഗ്ലീഷ് മീഡിയവും ബാക്കിരണ്ടെണ്ണം മലയാളം മീഡിയവുമാണ്. മൂന്ന് ക്ലാസിലേക്കുമുള്ള ടെക്സ്റ്റുകൾ ചെറുക്കന്മാരെക്കൂട്ടി സ്റ്റോറിൽ നിന്നെടുത്തു വന്നപ്പോഴേക്കും ടീച്ചർമാർ വിതരണം ചെയ്തു തുടങ്ങിയിരുന്നു. മാഷ്ടെ മലയാളം ടെക്സ്റ്റുകൾ മാത്രമേ ഇനി വിതരണം ചെയ്യാനുള്ളു. അതു മാത്രം വിതരണം ചെയ്യാതെ ബാക്കി വെച്ചതിലുള്ള വിഷമവുമായി, എ - ക്ലാസുതൊട്ടുള്ളവർക്ക് വിതരണം ചെയ്ത് ബി - യിലെത്തിയപ്പോൾ എ-യിലെ ഒരുത്തൻ, ഓടി വന്ന് മാഷോട് പറഞ്ഞു:



'സാർ, എനിക്ക് മലയാളത്തിന്റെ ഇംഗ്ലീഷ് ബുക്ക് കിട്ടീല...' അതുവരെ മൂടിക്കെട്ടിനിന്ന മാഷ്ടെ മുഖത്ത് ചന്ദ്രനുദിച്ചു.



വര: എൻ ടി രാജീവ്

## മറക്കാനാവില്ല

ഇന്റർവെല്ലു കഴിഞ്ഞ് ഏറെ നേരമായിട്ടും ശ്യാമിനെ കാണാതായപ്പോഴാണ് കുട്ടികൾ, സ്റ്റാഫ് റൂമിലെത്തി ക്ലാസ് മാഷോട് വിവരം പറഞ്ഞത്.

മാഷ്ടെ നേതൃത്വത്തിൽ ഗ്രൗണ്ടിലും മൂത്രപ്പുരയിലും ചെന്നു തെരഞ്ഞ്, അവനെ കാണാതെ, തിരികെ നാല് ബിയിലേക്ക് വിശദമായ അന്വേഷണത്തിന് വരുമ്പോഴാണ് മൂന്ന് ബിയിൽ നിന്നും ശ്യാമിനേയും പിടിച്ച് പാർവ്വതി ടീച്ചർ വരുന്നത്.

'എവിടായിരുന്നു ശ്യാമെ...' മാഷ് തമാശമട്ടിൽ ചോദിച്ചു.

' ഞാൻ മൂന്നിലെ എന്റെ സീറ്റിലായിരുന്നു, സാർ'

'അതെന്താ അവിടെ, നീ നാലിലെത്തീലെ ....?!' മാഷ് കളിയാക്കി.

'ഇതുവരെ ഇരുന്ന ക്ലാസല്ലെ സാറേ, മറക്കാനാവുന്നില്ല...'

# ഇന്നലെകളിലെ ഓണം

**അമൃത കേളകം**


മഴപ്പെയ്ത്തുകൾക്കപ്പുറം കൂടനിറയെ പലമയുടെ പൂക്കളുമായി ഓണം ദാ ഇങ്ങെത്തി!

പൂവിളികളുംപൂക്കളങ്ങളും പൂപ്പാട്ടുകളും പൂങ്കോടികളുമെല്ലാം എഴുത്തുകളിൽ മാത്രമല്ലാതെ നമുക്കിടയിലുമില്ലേയെന്ന് ചുറ്റുമൊന്ന് കണ്ണോടിച്ചാൽ മനസ്സിലാകും. ഇനിയഥവാ ഇല്ലെന്ന് കണ്ടാൽത്തന്നെ ചോദിച്ചറിഞ്ഞും വായിച്ചറിഞ്ഞുമൊക്കെ അവയെ കൂട്ടുപിടിച്ച് വരുതിയിലാക്കാവുന്നതേയുള്ളൂ. ഓണത്തിന് മുറ്റത്തും പറമ്പത്തും കിട്ടിയിരുന്ന ചന്തമേറിയ പൂവുകൾകൊണ്ട് പൂക്കളം മാത്രമൊരുക്കി ഓർമകളുടെ കൂടകൾ നിറച്ചിരുന്ന ഞാനും ഇത്തരത്തിൽ ഓണമെങ്ങനെയായിരുന്നു എന്നന്വേഷിച്ച് കുറേയെല്ലാം കണ്ടെത്തി അതിനോട് ചങ്ങാത്തം കൂടുകയുണ്ടായി. തൃക്കാക്കരയപ്പനും പൂക്കളത്തിലേക്ക് മാവേലിയെ അണിഞ്ഞു കയറ്റുന്ന, വഴി നീളെ വരയ്ക്കുന്ന അരിമാവിന്റെ കോലങ്ങളും വാതിലിന്മേൽ പതിപ്പിക്കുന്ന കൈപ്പാടുകളും ഉറുമ്പിനുള്ള ഓണവും പൂവടയും ഒക്കെ എവിടെയോ മറന്ന് കിടന്നിടത്തൂന്ന് ഇങ്ങനെ ഓർമിച്ചെടുത്തവയാണ്.



വര:എൻ ടി രാജീവ്

ഓരോരോ നാട്ടിലും ഓണത്തിന്റെ വിശേഷങ്ങൾ ഓരോന്നാവില്ലേ? കണ്ണൂരിനുമുണ്ട് അങ്ങനെ ചിലത് പറയാൻ. ഓണക്കാലമായാൽ അവിടത്തെ കുട്ടികളുടെ ആദ്യപണി എന്താണെന്നോ? പച്ചോലകൊണ്ട് പൂക്കൂടകൾ ഉണ്ടാക്കുക. ഇടത്തരം വലിപ്പത്തിൽ കരവിരുതിന്റെ മനോഹാരിതയിൽ നിർമിക്കപ്പെടുന്ന ഇത്തരം പൂക്കൂടയ്ക്ക് 'കൊമ്മ' എന്നാണ് പേര്. പിന്നങ്ങോട്ട് പൂ പറിക്കാനുള്ള പോക്കാണ്. അടുത്തവീട്ടിലെ കുട്ടികളും സ്വന്തം വീട്ടിലെ കൊച്ചുപിച്ചടക്കം എല്ലാവരും വലിയ ബഹളത്തോടെ പറമ്പായ പറമ്പൊക്കെ കയറിയിറങ്ങും. നിലംപറ്റി വളർന്നുനിൽക്കുന്ന തൊട്ടാവാടിപ്പൂക്കൾക്ക് ഓണക്കാലത്ത് ഏറെ പ്രിയമാണ്. മുള്ളമ്പൂ എന്നാണ് ഇതിനെ



വിളിക്കാറ്. അരിപ്പൂവ്, എള്ള്പൂവ്, നരിക്കരിമ്പ്, കാക്കപ്പൂ, തുമ്പപ്പൂ, ചെമ്പരത്തി, കൃഷ്ണകിരീടം, കോളാമ്പി, കുമ്പളപ്പൂവ്, വെള്ളിലപ്പൂവ്, ചെക്കിപ്പൂവ്, മത്തൻപ്പൂവ് എന്നുവേണ്ട പൂക്കളുടെ ഒരു ഘോഷയാത്ര തന്നെ 'കൊമ്മ' യിൽ കയറിപ്പറ്റാനായി കുട്ടികളെ കാത്തിരിപ്പുണ്ടാകും. മാടായിപ്പാറമേലാണെങ്കിലോ? ഓണപ്പൂക്കൾക്ക് ഒരു പഞ്ഞവുമില്ല. കണ്ണെത്താദൂരത്തോളം പലനിറത്തിൽ പാറപ്പുറമങ്ങനെ പൂചൂടി നിൽക്കും. അവിടത്തുകാർ പൂക്കൾ ശേഖരിക്കാനായി അങ്ങോട്ടേക്കാവും പോവുക. പുലിയും നരിയുമുണ്ടെന്നുള്ള കേട്ടുകേൾവിയിൽ കൂട്ടമായാണ് പോകാറ്.

പൂക്കളുമായി വരുന്ന കുട്ടിപ്പട താളത്തിൽ തലയാട്ടി വട്ടംകൂടിയിരുന്ന് മുറ്റത്ത് പൂക്കളം തീർക്കും. ചിത്രങ്ങൾ വരച്ച് അതിനൊപ്പിച്ച പൂനിരത്തലൊന്നും പതിവില്ല. അപ്പപ്പോൾ ഭാവനയിൽ തോന്നുന്നതുപോലെയാവും ഓരോ പൂക്കളവും.

സദ്യയ്ക്കുള്ള പപ്പടം വാങ്ങിക്കാനായി രാവിലെയേ പണ്ടാരിയുടെ വീട്ടുപടിക്കൽച്ചെന്ന് നിൽക്കണം. പപ്പടം പരത്തലും വെയിലത്തുണക്കലുമൊക്കെ മിക്കപ്പോഴും നമ്മുടെ കൺമുമ്പിൽത്തന്നെ സംഭവിക്കുകയും ചെയ്യും. വിശേഷദിവസങ്ങളിൽ മാത്രമേ അക്കാലത്ത് വീടുകളിൽ പപ്പടം കാച്ചാറുള്ളൂ.

അന്നൊന്നും എങ്ങും പച്ചക്കറിക്കടകൾ കാണാനുണ്ടായിരുന്നില്ല. ഉണ്ടെങ്കിലും അത്യപൂർവം എല്ലാവരുടെയും തൊടികളിൽ പച്ചക്കറികൾ സമൃദ്ധമായി കൃഷിചെയ്തിരുന്നു. ഈ വിളകളാണ് ഓണസദ്യയിലേക്കെടുക്കാറ്. സാമ്പാറും അവിയലും ഓലൻ, കാളൻ, പച്ചടി, വറവ്, പുളിശ്ശേരി, കൊണ്ടാട്ടം... ഇങ്ങനെ പലതായി ഈ പച്ചക്കറികൾ രൂപം മാറിവരുമ്പോൾ ഓണമുണ്ണാനായി ഓണക്കോടിയുമുടുത്ത്, പുത്തൻമണം പൂശിയിരിക്കുന്ന കുട്ടിക്കുറുമ്പന്മാരുടെ നാവിന്മേൽ കപ്പലോടിക്കാൻമാത്രം കൊതിവെള്ളം പെരുകും. സദ്യയ്ക്കുള്ള പപ്പടം വാങ്ങിക്കാനായി രാവിലെയേ പണ്ടാരിയുടെ വീട്ടുപടിക്കൽച്ചെന്ന് നിൽക്കണം. പപ്പടം പരത്തലും വെയിലത്തുണക്കലുമൊക്കെ മിക്കപ്പോഴും നമ്മുടെ കൺമുമ്പിൽത്തന്നെ സംഭവിക്കുകയും ചെയ്യും. വിശേഷദിവസങ്ങളിൽ മാത്രമേ അക്കാലത്ത് വീടുകളിൽ പപ്പടം കാച്ചാറുള്ളൂ. കാച്ചിയ പപ്പടത്തിനായി കുട്ടികളും മുതിർന്നവരും ഒരുപോലെ കൊതിച്ചിരിക്കുമായിരുന്നു.

അപ്പുറത്തേം ഇപ്പുറത്തേം വീട്ടുകാർ പരസ്പരം വിഭവങ്ങൾ കൈമാറും. കുട്ടികൾ എന്റെ വീട് നിന്റെവീട് എന്നില്ലാതെ എല്ലായിടവും കയറിയിറങ്ങി ഓണരുചി നുണയും. വിളവെടുത്ത് കറിയും വച്ച് കഴിഞ്ഞ് ബാക്കിയാവുന്ന വെള്ളരിയും





മത്തനുമൊക്കെ മച്ചിൽ പച്ചോലകൊണ്ട് കൊളുത്തുണ്ടാക്കി തൂക്കിയിടും മച്ചകത്തെ ചൂടില്ലായ്മയിൽ ഇത് ഒരു കൊല്ലം വരെ കേടുകൂടാതെ നിൽക്കും. ചുവന്ന മണ്ണുകുഴച്ച് ചളിയാക്കി അതിൽ നിന്നും 'ഉരുട്ടുകട്ട'കളെ ഉണ്ടാക്കി, ആ ഉരുട്ടുകട്ടകൾ കൊണ്ട് പണിത വീടുകൾക്കുള്ളിൽ അരിച്ചരിച്ചിറങ്ങുന്ന തണുപ്പിന് എന്തൊരു സുഖമായിരുന്നെന്നോ! അങ്ങനെ സദ്യ കഴിഞ്ഞാൽപ്പിന്നെ ഓണക്കളികളായി. ഓലകൊണ്ടുണ്ടാക്കിയ പാമ്പ്, കൈകൊണ്ട് തിരിക്കുമ്പോൾ മൂളുന്ന കിളി, വണ്ടി എന്നിവയെല്ലാം കൊണ്ടാവും കളികൾ. ഓലപ്പന്തുകൊണ്ടുള്ള ആട്ടകളി, ഗോട്ടികളി (കണ്ണൂരിതിനെ കോട്ടികളി എന്നുപറയും.) ഒക്കെ ഓണക്കാലത്തിന്റെ കളിമുറ്റങ്ങളിലങ്ങനെ ഒച്ചകൂട്ടി ഓടിനടക്കും.

**ഒരേയിടത്തെ പല പ്രദേശങ്ങളിൽ ആഘോഷങ്ങൾ തമ്മിൽ ഒരുതരത്തിലും ഒരുപോലെയായിരിക്കയില്ല. എങ്കിലും ഓണപ്പൂക്കളത്തിൽ പല നിറത്തിൽ പൂക്കൾ അടുങ്ങിച്ചേർന്നിരിക്കുംപോലെ ആളുകളൊക്കെ ഓണക്കാലത്ത് ഒറ്റക്കെട്ടായി ഒരുമിച്ചിരുന്ന് സന്തോഷിക്കും. അച്ഛൻ, അമ്മ, അച്ഛമ്മ, അച്ഛാച്ചൻ, കൊച്ചുമക്കൾ... അങ്ങനെ എല്ലാവരും ചേർന്ന് ആ പൂക്കളങ്ങൾക്ക് നിറവും മണവും പകരും.**

കണ്ണൂരിലുള്ളവരിൽത്തന്നെ കണ്ണൂരിന്റെ സ്വന്തക്കാർക്കും കണ്ണൂരിലേക്ക് കുടിയേറി വന്നവർക്കും ഒക്കെ വൈവിധ്യമാർന്ന ഓണമാണുള്ളത്. ഒരേയിടത്തെ പല പ്രദേശങ്ങളിൽ ആഘോഷങ്ങൾ തമ്മിൽ ഒരുതരത്തിലും ഒരുപോലെയായിരിക്കയുമില്ല. എങ്കിലും ഓണപ്പൂക്കളത്തിൽ പല നിറത്തിൽ പൂക്കൾ അടുങ്ങിച്ചേർന്നിരിക്കുംപോലെ ആളുകളൊക്കെ ഓണക്കാലത്ത് ഒറ്റക്കെട്ടായി ഒരുമിച്ചിരുന്ന് സന്തോഷിക്കും. അച്ഛൻ, അമ്മ, അച്ഛമ്മ, അച്ഛാച്ചൻ, കൊച്ചുമക്കൾ... അങ്ങനെ എല്ലാവരും ചേർന്ന് ആ പൂക്കളങ്ങൾക്ക് നിറവും മണവും പകരും.

എല്ലാവർക്കും സന്തോഷവും സമാധാനവും പകർന്നുകൊണ്ട്, നല്ലോരോണം ആയിരിക്കട്ടെ ഇത് എന്ന പ്രതീക്ഷയോടെ, കർക്കടകത്തിന്റെ വരമ്പുകളിൽ നിന്ന് വഴുതിവഴുതി ചിങ്ങപ്പൂനിലാവ് നിറുകമേൽ ചൂടി പൂവിളികൾക്കായി നമുക്ക് കാതോർക്കാം.

എല്ലാ കൂട്ടുകാർക്കും ഓണാശംസകൾ.

# Rebuild Kerala

സുജിത്



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 September 2019
Regd KL/TV (N)/399/2018-2020 Published on 29-08-2019 Vol:25, Issue:09, ₹20

